# 5
# കഷ്ടത സഹിക്കുന്ന ജനമായി (ഭാഗം 2)
## (3:1- 22)

ദാസന്മാർ തങ്ങളുടെ യജമാനന്മാരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുവാനും, വിശ്വാസികൾ ആഭ്യന്തര ഭരണാധികാരികൾക്ക് കീഴടങ്ങുവാൻ പത്രൊസ് ചർച്ച ചെയ്തപ്പോൾ അവരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലേക്കായിരുന്നു അവരെ നയിച്ചത്. ദാസന്മാർ കഷ്ടത അനുഭവിച്ചപ്പോൾ അവർ കഷ്ടമേറ്റപ്പോൾ ക്രിസ്തു കഷ്ടതയേറ്റത് ഓർക്കുവാൻ പറഞ്ഞു, എന്നാൽ അദ്ധ്യായം 3-ൽ വീണ്ടും കീഴടങ്ങലിലേക്ക് തിരിച്ചുവരികയാണ്, ഈ സമയത്ത് ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പാനാണ് നിർദ്ദേശിച്ചത്. കുടുംബ പശ്ചാത്തലത്തിലാണ് ദാസന്മാരോടും ഭാര്യമാരോടും കീഴടങ്ങുവാൻ പറഞ്ഞത്, എന്നാൽ ഭാര്യമാർ ഭർത്താക്കന്മാർക്ക് കീഴടങ്ങുന്നതിനെ ദാസന്മാർ യജമാനന്മാർക്ക് കീഴടങ്ങുന്നതുമായി ഉപമിക്കാവുന്നതല്ല. സ്ത്രീ പുരുഷബന്ധം സാമൂഹ്യ സമ്മേളനത്തിൽ സ്ഥിരമായ ഊഷ്മള ബന്ധമാക്കുന്നത് വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്.

### ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങൽ (3:1-6)

**[1]ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്തപക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പ് കണ്ടറിഞ്ഞ് വചനം കൂടാതെ [2]ഭാര്യമാരുടെ നടപ്പിനാൽ ചേർന്നു വരുവാൻ ഇടയാകും. [3]നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല. [4]സൗമ്യതയും സാവധാനതയുമുള്ള മനസ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം. അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. [5]ഇങ്ങനെയല്ലൊ പണ്ട്, ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെ തന്നെ അലങ്കരിച്ച് വിശുദ്ധന്മാർക്ക് കീഴടങ്ങിയിരുന്നത്. [6]അങ്ങനെ സാറാ അബ്രഹാമിനെ യജമാനൻ എന്നു വിളിച്ച് അനുസരിച്ചിരുന്നു; നന്മ ചെയ്ത് യാതൊരു ഭീഷണിയും പേടിക്കാതിരുന്നാൽ നിങ്ങൾ അവളുടെ മക്കൾ ആയിത്തീർന്നു.**

**വാക്യം 1.** എല്ലാ ക്രിസ്ത്യാനികളും അധികാരികൾക്കും ദാസന്മാർ യജമാനന്മാർക്കും കീഴടങ്ങി **ഇരിക്കുന്നതുപോലെ, ഭാര്യമാർ** [തങ്ങളുടെ] **ഭർത്താക്കന്മാർക്ക് കീഴടങ്ങുവാനാണ്** പത്രൊസ് ആവശ്യപ്പെട്ടത്. ക്രമമനുസരിച്ച് കുടുംബത്തിൽ സമാധാനം ഉണ്ടാകുന്നതിനാണ് അവർ കീഴടങ്ങിയിരിക്കേണ്ടത്. വീട്ടിൽ നായകത്വം നടത്തുവാനുള്ള ചുമതല ദൈവം പുരുഷന്മാർക്കാണ്

നൽകിയിരിക്കുന്നത്. ഭർത്താവിന്റെ നായകത്വം ഏകാധിപതിയുടെ അധികാര ഭരണം പോലെയല്ല. പത്രൊസിന്റെ നിർദ്ദേശം ഭർത്താക്കന്മാരോടല്ല, ഭാര്യമാരോടാണ് എന്നത് പ്രാധാന്യമുള്ള കാര്യമാണ്. "ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ നിയന്ത്രിപ്പിൻ" എന്ന് പത്രൊസ് പറഞ്ഞില്ല. എന്നാൽ "ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ" എന്നാണ് പറഞ്ഞത്. കീഴടങ്ങൽ സ്വയമായിട്ടാകുമ്പോൾ തരംതാഴ്ത്തലല്ല. ഒരു ഭാര്യ തന്റെ ഭർത്താവിന്റെ നായകത്വം സ്വീകരിച്ച് കീഴ്പ്പെട്ടിരിക്കുമ്പോൾ, അവന് അവളെ തരംതാഴ്ത്തുവാൻ സാധ്യമല്ല-കാരണം അയാൾ ക്രിസ്തുവിനു കീഴ്പ്പെട്ട് പിൻപറ്റുന്ന വ്യക്തിയാണ്.

യജമാനന്മാർക്ക് ദാസന്മാരിൽ ഇല്ലാത്തതുപോലെ, ഭാര്യമാർ കീഴടങ്ങിയിരിക്കുന്നതിൽ ഭർത്താക്കന്മാർ ആത്മിയമായോ ബുദ്ധിപരമായോ ഉയർന്നവരാണ് എന്ന് അന്തർലീനമാക്കിയിട്ടില്ല. ക്രിസ്ത്യാനികൾ സാമൂഹ്യമായി ബന്ധപ്പെടുന്നതിനെ കുറിച്ചാണ് പത്രൊസ് വിചാരപ്പെട്ടത്. ക്ലാസ് മുറിയിലായാലും, വ്യാപാരത്തിലായാലും, ചില രീതിയിലുള്ള നായകത്വം സാമൂഹ്യക്രമത്തിന് അനിവാര്യമാണ്. ആർക്കും ഉത്തരവാദിത്തമോ ആധികാരികതയോ ഇല്ലാതെയാകുമ്പോൾ കുഴപ്പമാണ് സംഭവിക്കുന്നത്. പൗലൊസും പത്രൊസും (എഫെ. 5:22-6:4; കൊലൊ. 3:18-21) ഏകമനസോടെയാണ് ഭർത്താവിനോടും അപ്പനോടും പറഞ്ഞത്, തന്റെ കുടുംബത്തിന്റെ ഭൗതികമായ ക്ഷേ-മവും, ആത്മികവും, വൈകാരികവും ആയ ഉത്തരവാദിത്തം ഏറ്റെടുക്കുവാനാണ്. ഒരു ഭാര്യ, തന്റെ ഭർത്താവിന്റെ നായകത്വ പങ്കിനെ പിന്താങ്ങുവാനാണ് രണ്ട് പേരും പറഞ്ഞത്.

പുരാതന ഗ്രീക്ക്-റോമാ ലോകത്ത്, ഇന്നത്തെ ആധുനിക പാശ്ചാത്യ ലോകത്തെ സംസ്ക്കാരത്തിലുള്ളതിനേക്കാൾ കൂടുതൽ സംസ്ക്കാരപരമായി ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയാണ് ജീവിച്ചിരുന്നത്. തുല്യാവകാശവാദമുള്ള പാശ്ചാത്യ സംസ്ക്കാരത്തിൽ, കീഴടങ്ങൽ പുരാതനലോകത്തുള്ളവരേക്കാൾ കഴിവിന്റേയും പ്രതിരോധശക്തിയുടേയും അടിസ്ഥാനത്തിലാണ്. ആധുനിക ലോകത്ത് ജീവിക്കുന്ന മനുഷ്യന് ചില ബൈബിൾ നിർദ്ദേശങ്ങൾ പാലിക്കുവാൻ ബുദ്ധിമുട്ടുണ്ട്, കാരണം ഇത് വ്യത്യസ്തമായ ആചാരങ്ങളുള്ള സമൂഹങ്ങളെ ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്, തന്റേതല്ല എന്നു ചിലർ ചിന്തിക്കുന്നു. ആ ചോദ്യത്തിന് ശരിയായ വിശദീകരണം നൽകുവാനുള്ള സമയം ഇതല്ല, പക്ഷേ പുതിയനിയമം വായനക്കാരുടെ സാമൂഹികഘടനയെ പൂട്ടിട്ട് നിർത്തുകയല്ല ചെയ്യുന്നത്. ഭാര്യയും ഭർത്താവും ചർച്ച ചെയ്ത് കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്ന കുടുംബത്തിൽ കീഴടങ്ങൽ മാറ്റി നിർത്തിയിട്ടില്ല. ചിലപ്പോൾ വിവാഹം നടക്കുന്നത് ശക്തമായ-മനസുള്ള രണ്ട് വ്യക്തികൾ തമ്മിലായിരിക്കും എന്നത് അംഗീകരിക്കണം. അത്തരം കാര്യങ്ങളിൽ ആർ ജയിക്കുമെന്നതായിരിക്കും നോട്ടം. അത്തരം മൽസരം പലപ്പോഴും മരിക്കുന്നതുവരെ ഉണ്ടായിരിക്കും അല്ലെങ്കിൽ വിവാഹമോചനത്തിൽ അവസാനിക്കും. മറ്റു വിവാഹങ്ങളിൽ, ഉത്തരവാദിത്തം ഏറ്റെടുക്കുവാൻ ആരും മുൻപോട്ട് വന്ന് പ്രവർത്തിക്കാതിരിക്കാം. അങ്ങനെയുള്ള പ്രശ്ന പരിഹാരത്തിനാണ് ദൈവം നായകത്വം ഭർത്താക്കന്മാർക്ക് നൽകിയിരിക്കുന്നത്. അവൻ അത് സ്വീകരിക്കുമ്പോൾ, ദൈവത്തെ പ്രസാദിപ്പിക്കുകയാണ്.

പത്രൊസിന്റെ പ്രബോധനം കുടുംബ സന്ദർഭത്തിലാണെന്ന കാര്യം നാം കാണാതിരിക്കരുത്. അത് വ്യാപാര ലോകത്തോടോ അല്ലെങ്കിൽ മറ്റു സാമൂഹ്യ

ഘടനകളോടോ അല്ല. സഭയിലെ ലിംഗവ്യത്യാസ കടമകൾക്ക് നാം വേറെ ഭാഗത്ത് നോക്കണം. 1 കൊരിന്ത്യർ 14:34, 35 ലും 1 തിമൊഥെയൊസ് 2:11, 12 ലും, സഭയിൽ ഉപദേശിപ്പാനും അധികാരം നടത്തുവാനും നായകത്വം ഏറ്റെടുക്കേണ്ടത് പുരുഷന്മാരായിരിക്കണമെന്ന് പൗലൊസ് നിർദ്ദേശിച്ചിരിക്കുന്നു. ദൈവം ഉണ്ടാക്കിയതും ദൈവം മേൽനോട്ടം നടത്തുന്നതുമായ രണ്ട് സ്ഥാപനങ്ങളാണ് കുടുംബവും സഭയും. അവയ്ക്ക് രണ്ടിനും ഈ നായകത്വമാണ് നൽകിയിരിക്കുന്നത്: മാതൃക കാണിച്ച് നയിക്കുവാനാണ് ദൈവം ക്രിസ്തീയ പുരുഷന്മാരിൽനിന്നു പ്രതീക്ഷിക്കുന്നത്. അപ്പോഴും ആ വാക്കുകളിൽ ആത്മികമോ, ധാർമ്മികമോ, മാനസികമോ, രണ്ട് ലിംഗത്തിൽ പെട്ടവർക്കും മേൽക്കോയ്മ അന്തർലീനമാക്കിയിട്ടില്ല. കുടുംബത്തിനും സഭയ്ക്കും പുറത്ത്, സാമൂഹ്യമായാലും ദൈവികമായാലും, അവിടെ ആണെന്നോ പെണ്ണെന്നോ ഉള്ള വ്യത്യാസം ഇല്ല.

ഭാര്യമാർ ഭർത്താക്കന്മാർക്ക് കീഴടങ്ങണം എന്നു പത്രൊസ് പറഞ്ഞത്, ദാസന്മാർ യജമാനന്മാർക്ക് കീഴടങ്ങണം എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നോ അല്ലെങ്കിൽ ഒരു പൗരൻ പ്രാദേശിക നിയമത്തിന് കീഴ്പ്പെട്ടിരിക്കണം എന്നു പറയുന്നതിനേക്കാൾ ഒട്ടും മാനഹാനി വരുത്തുന്നതായി തോന്നരുത്. പാശ്ചാത്യ സംസ്ക്കാരത്തിൽ ഭാര്യക്ക് ഭർത്താവിനേക്കാൾ ശമ്പളമുണ്ടായിരിക്കാം, കച്ചവടത്തിലോ, ഗവൺമെന്റിലോ ഉത്തരവാദിത്തപ്പെട്ട സ്ഥാനം ഉണ്ടായിരിക്കാം, അല്ലെങ്കിൽ അവൾ കുറഞ്ഞ ശമ്പളത്തിലുള്ള ജോലിയായിരിക്കാം ചെയ്യുന്നത്. തന്റെ ഭർത്താവ് അഞ്ചോ-എട്ടോ ജോലി ചെയ്യുന്നതിനാൽ അവൾ മുഴുവൻ-സമയവും വീട്ടു ജോലിയിലായിരിക്കാം. അവളുടെ പങ്കും ഉത്തരവാദിത്തവും മറ്റെന്തു തന്നെയായാലും, പത്രൊസ് ക്രിസ്തീയ സ്ത്രീകളോട് പറയുന്നത്, കുടുംബത്തിന്റെ തലയായിരിക്കുന്ന ഭർത്താവിനെ നിങ്ങൾ പ്രോൽസാഹിപ്പിക്കുകയും പിന്തുണക്കുകയും വേണം എന്നാണ്. ആ പ്രബോധനം പുരാതന സംസ്ക്കാരമുള്ള സ്ത്രീക്കും ആധുനിക സംസ്ക്കാരമുള്ള സ്ത്രീക്കും ബാധകമാണ്.

പുരുഷൻ ചിലപ്പോൾ ഭർത്താവ് അല്ലെങ്കിൽ അപ്പൻ എന്നത് സ്ഥാനത്യാഗം നടത്തുവാനോ ദുർവിനിയോഗം ചെയ്യുവാനോ സാധ്യതയുണ്ട്. ഭർത്താവ് നിരുത്തരവാദിയും, ഉപേക്ഷ വിചാരിക്കുന്നവനും, ക്രൂരനും ആകുമ്പോൾ, ഏതു വിധേനയും കുടുംബത്തെ ആത്മിയ നിലവരത്തിൽ കൊണ്ടുപോകുവാൻ ഭാര്യ തയ്യാറാകണം. ഭർത്താവ് അവിശ്വാസിയും, ഭാര്യ വിശ്വാസിയുമാണെങ്കിൽ, **അവൾ ഭർത്താവിന്റെ നല്ല ഗുണങ്ങളെ പ്രോൽസാഹിപ്പിച്ച് ശാന്തതയോടെ പെരുമാറി, അവളുടെ നിർമ്മലമായ നടപ്പ് കണ്ടറിഞ്ഞ് വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നു വരുവാൻ ഇടയാകും**. “വചനത്തെ അനുസരിക്കാതിരിക്കുന്നത്” തന്നെയാണ് “സുവിശേഷം അനുസരിക്കാതിരിക്കുന്നത്” (4:17). ആ സന്ദർഭത്തിൽ ഭർത്താവ് ക്രിസ്തുവിന്റെ സന്ദേശത്തോട് മറുതലിക്കാതെ, ക്രിയാത്മകമായി അതിനെ നേരിടും. പുരാതന ലോകത്ത് സ്ത്രീ മാത്രം ക്രിസ്ത്യാനിയായാൽ അവളുടെ സ്ഥിതി അപകടകരമായിരുന്നു. ഭാര്യ ഭർത്താവിന്റെ മതം സ്വീകരിക്കുവാനാണ് പലപ്പോഴും പ്രതീക്ഷിക്കുന്നത്, അല്ലാതെ മറിച്ചാകുവാൻ അനുവദിച്ചിരുന്നില്ല. ക്രിസ്തീയ ഭാര്യ തന്റെ ഭർത്താവിനോട് ശാന്തമനോഭാവത്തിൽ ഇടപെട്ട്, നല്ല മാതൃക കാണിച്ചുകൊടുക്കുവാനാണ് പത്രൊസ് പ്രബോധിപ്പിച്ചത്. ക്രിസ്ത്യാനി വാക്കുകളാൽ മാത്രമല്ല പെരുമാറ്റത്താലും ഉപദേശിക്കണം.

"വചനം കൂടാതെ അവർക്ക് അവരെ നേടുവാൻ കഴിയും" എന്ന കെജെവിയിലെ പ്രയോഗം തെറ്റിദ്ധരിപ്പിക്കുന്നതാണ്. "വചനം" എന്നതിനു മുൻപ് ഡെഫനിറ്റ് അർട്ടിക്കിൾ ഉപയോഗിച്ചിരിക്കുന്നതിനാൽ, സന്ദർഭത്തിൽ പറയുന്നത് "ദൈവത്തിന്റെ വചനം" ആണെന്ന് സ്പഷ്ടമാണ്. അവിശ്വാസിയായ ഭർത്താവിന്റെ പരിവർത്തനത്തിന് ചിലപ്പോൾ "വചനം" ആവശ്യമില്ല എന്നല്ല പത്രൊസ് അർത്ഥമാക്കിയത്. എൻഎഎസ്ബ്യിയുടെ തർജ്ജിമ ശരിയായ അർത്ഥം നൽകുന്നു, "ഒരു വാക്ക് കൂടാതെ." ചിലപ്പോൾ ഒരു വാക്കായിരിക്കാം അവിശ്വാസിയായ പങ്കാളിയെ പരിവർത്തനം ചെയ്യിക്കുന്നത്. അവിശ്വാസിയെ ക്രിസ്തുവിലേക്ക് ആദായപ്പെടുത്തുവാൻ ചിലപ്പോൾ ഒരു വാക്ക് പോലും പറയാതെ തന്നെ നല്ല വചനത്തിന്റെ പിന്തുണയുള്ള പെരുമാറ്റം കണ്ട് മാറുവാനിടയാകും എന്നാണ് പത്രൊസ് പറഞ്ഞതിന്റെ അർത്ഥം. അവനെ "നേടുവാൻ" ശ്രമിക്കുന്നത് ക്രിസ്തുവിന്റെ മഹത്വത്തിനും ഭർത്താവിന്റെ രക്ഷക്കുമായിരിക്കണം. പത്രൊസിന്റെ പ്രസ്താവനയിൽ മറ്റു കാര്യങ്ങളും അന്തർലീനമായിരിക്കുന്നു. പത്രൊസിന്റെ വായനക്കാരിൽ പുരുഷന്മാരേക്കാൾ സ്ത്രീകളായിരിക്കാം അധികം. ക്രിസ്തീയ ഭാര്യമാർ അവരുടെ ഭർത്താക്കന്മാരെ സത്യം പഠിപ്പിക്കുവാൻ സ്പഷ്ടമായും ശ്രമിച്ചിരിക്കും. ഭർത്താവ് ക്രിസ്ത്യാനിയാകാത്ത ഭാര്യമാർ അവരെ ക്രിസ്തുവിലേക്ക് നേടുവാൻ മുൻകയ്യെടുത്ത് പരിശ്രമിക്കണമെന്നാണ് പത്രൊസ് പറയുന്നതിന്റെ സാരം.

ഗ്രീക്ക്-റോമാ ലോകത്ത്, അശക്തരായവരുടെ കാര്യം ശ്രദ്ധേയമാണ്- അല്ലെങ്കിൽ അൽപം ശക്തിയാണുള്ളതെങ്കിൽ (ദരിദ്രരും, സ്ത്രീകളും, അടിമകളും)-ശക്തിയോടുകൂടെ വചനം പ്രഖ്യാപിക്കുമ്പോൾ, ക്രമേണ മറ്റു മതങ്ങളെയും ദേവന്മാരെയും തത്വചിന്തകളെയും എല്ലാം ഉപേക്ഷിക്കുവാൻ തയ്യാറാകും. ദൈവസന്നിധിയിൽ എല്ലാ ആളുകളെയും ഒന്നാക്കി മാറ്റുന്ന ശക്തി സുവിശേഷത്തിനാണുള്ളത്. മനുഷ്യവർഗത്തിനു തുല്യത സംഭാവന ചെയ്യുക എന്ന ദൈവേഷ്ടം സുവിശേഷസന്ദേശത്തിന്റെ അനന്തരഫലമായി ഫലവത്തായി തീർന്ന് നസറേത്തുകാരനായ യേശുവിനെ സേവിക്കുന്നു. ദൈവം മുഖപക്ഷം കാണിക്കാത്തവനാകയാൽ, അവന്റെ ജനവും മുഖപക്ഷം കാണിക്കുവാൻ പാടില്ല (യാക്കൊ. 2:1).

പുതിയനിയമ കാലയളവിൽ, ക്രിസ്ത്യാനിത്വം ആരംഭിച്ച ഉടനെയുള്ള നൂറ്റാണ്ടുകളിൽ, കടുത്ത വിമർശകരാൽ ആകർഷിക്കപ്പെട്ടു. രണ്ടാം നൂറ്റാണ്ടിൽ അവരിൽ ഒരാളായ, സെൽസസ് ക്രിസ്ത്യാനികളെ കുറ്റപ്പെടുത്തി ഒരു നീണ്ട പുസ്തകം എഴുതി. മൂന്നാം നൂറ്റാണ്ടിൽ, അലെക്സാൺഡ്രിയൻ ക്രിസ്ത്യൻ ഇൻ ഈജിപ്ത്, ഒറീജൻ എന്നു പേരുള്ള ആൾ അതിനെ എതിർത്ത് ഒരു പുസ്തകം എഴുതി. അയാളുടെ പ്രതികരണത്തിൽ, ഒറീജൻ സെൽസസിന്റെ പ്രയത്നങ്ങളെ നല്ല ആശയങ്ങൾ കോർത്തിണക്കി വളരെ കാര്യങ്ങൾ പ്രസക്തമായി അവതരിപ്പിച്ചു. സെൽസസ് എഴുതിയതിലെ ഒരു ഭാഗം ഇങ്ങനെയാണ് കാണുന്നത്:

> സ്വകാര്യ ഭവനങ്ങളിലും, നമുക്ക് മരപ്പണിക്കാർ, ചെരിപ്പ്കുത്തികൾ, അലക്ക്-ജോലിക്കാർ, വിദ്യാരഹിതരായ ഗ്രാമീണരധികവും, ഗ്രാമീണ ജീവിതശൈലിയിലായിരിക്കുന്നവരെയും നമുക്ക് കാണാം. അവർക്ക് പ്രായമായവരോടോ അല്ലെങ്കിൽ യജമാനന്മാരോടോ ഒന്നും പറയുവാൻ ധൈര്യമുണ്ടായിരുന്നില്ല. എന്നാൽ അവർ കുട്ടികളെ സ്വകാര്യമായി പിടി

ച്ചിരിക്കുമ്പോഴും, മൂഢരായ സ്ത്രീകൾ അവരോടൊപ്പം ഉണ്ടായിരിക്കുമ്പോഴും, അവർ വിസ്മയിപ്പിക്കുന്ന ചില പ്രസ്താവനകൾ പുറപ്പെടുവിക്കും. ഉദാഹരണമായി, അപ്പോൾ അവരുടെ അപ്പന്മാരെയോ സ്കൂളദ്ധ്യാപകരെയോ അനുസരിക്കരുത്, തങ്ങളെ അനുസരിക്കണം; അവർ വിഡ്ഢിത്തം പറയുന്നതുകൊണ്ട്, എന്തെങ്കിലും, പറയുവാനോ ചെയ്യുവാനോ കഴിവില്ലാത്തവരാണ് എന്നതാണ് അവരുടെ പക്ഷം. കൂടാതെ അവർ വെറും വാക്ക് ചിലമ്പിക്കൊണ്ടിരിക്കും.[1]

ഒരുപക്ഷെ സെൽസസും ഒറിജെനും ഉദ്ദേശിക്കാതെ അവരുടെ ഉദ്ധരണിയിൽ, ബലഹീനരുടേയും, അശക്തരുടേയും (ദരിദ്രരും, സ്ത്രീകളും, അടിമകളും), പ്രതിസന്ധികൾ നിമിത്തം ക്രിസ്ത്യാനിത്വം ആരംഭിച്ച ആദ്യത്തെ ഏതാനും നൂറ്റാണ്ടുകളിൽ അവർ ക്രിസ്തുവിനെ അറിഞ്ഞിരുന്നു.

**വാക്യം 2.** അവിശ്വാസിയായ ഭർത്താവിനെ ക്രിസ്തുവിനായി നേടുവാൻ വിശ്വാസിയായ ഭാര്യ **കീഴടങ്ങിയിരിക്കണം** എന്നതിനു പുറമെ, **പാതിവ്രത്യവും ബഹുമാനവും** വേണമായിരുന്നു. സത്രീകൾ മാത്രമല്ല, തന്റെ വായനക്കാരെല്ലാം അവരുടെ ആനുകാലിക മനുഷ്യർക്ക് അനുകരിക്കത്തക്ക സാക്ഷ്യമുള്ള ജീവിതം നയിക്കുവാനായിരുന്നു പത്രൊസ് ആവശ്യപ്പെട്ടത് (1:15; 2:12). അവർ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നവരും തിരഞ്ഞെടുക്കപ്പെട്ടവരുമാണെന്ന് അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ തിരിച്ചറിയണമായിരുന്നു. വിശ്വാസികൾ തങ്ങളുടെ വാക്കുകളാലും പെരുമാറ്റത്താലും അഭക്തരെ നേടുവാനായിരുന്നു പത്രൊസ് പ്രതീക്ഷിച്ചത്. "നിരീക്ഷിക്കുക" (*എപോപ്ടെയിവോ*) എന്ന വാക്ക് പുതിയ നിയമത്തിൽ ഇവിടെയും, 2:12 ലും മാത്രമാണുള്ളത്. "നിരീക്ഷിക്കുക" എന്നതിനേക്കാൾ ശക്തമാണ് ഗ്രീക്ക് വാക്ക്. ഭാര്യ വിശ്വാസം ഏറ്റുപറഞ്ഞ സാഹചര്യവും അവളുടെ പെരുമാറ്റവും തമ്മിലുള്ള ബന്ധത്തെ ഭർത്താവിനു വരച്ചു കാണിക്കുന്ന വാക്കാണ് അത്. അവളുടെ "പാതിവ്രത്യവും" ലൈംഗിക പെരുമാറ്റവും അനിന്ദ്യമായിരിക്കണം, എന്നാൽ ആ വാക്കിന്റെ അർത്ഥം അതിലും കൂടുതലാണ്. മറ്റൊന്നിനാലും വിട്ടുവീഴ്ച്ച ചെയ്യാത്ത വിധത്തിലുള്ള നന്മക്കു വേണ്ടിയുള്ള നല്ല മനോഭാവവും നിഷ്ക്കളങ്കതയുമാണ് അതുദ്ദേശിക്കുന്നത്. "ഭയപ്പെടുന്ന" മനോഭാവത്തിലുള്ള "പാതിവ്രത്യപെരുമാറ്റം" (*എൻ ഫോബോയി*) എന്നാണ് ഗ്രീക്കിൽ പറയുന്നത്. ഭാര്യ അവളുടെ ഭർത്താവിനെ മാരകമായ രീതിയിൽ ഭയപ്പെടണം എന്നല്ല പത്രൊസ് പറഞ്ഞത്. "ദൈവത്തെ ഭയപ്പെടുവിൻ" എന്നു കൽപിച്ചിരിക്കുന്നതിനു ഉപയോഗിച്ച അതേ വാക്കു തന്നെയാണ് പത്രൊസ് "ഭയം" എന്ന വാക്കിനു ഇവിടെ ഉപയോഗിച്ചത് (2:17). അവൾ ഭർത്താവിനോട് ബഹുമാനത്തോടുകൂടിയ ഭയമായിരിക്കണം പ്രകടിപ്പിക്കേണ്ടത്; എന്നാൽ അതിലുമുപരിയായിരിക്കണം ഭർത്താവിനോടുള്ള അവളുടെ ഇടപെടൽ. ഭയത്തോടും നിർമ്മലതയോടുംകൂടെയുള്ള ദൈവസന്നിധിയിൽ കാണത്തക്കവണ്ണം ആയിരിക്കണം അവൾ ഭർത്താവിനെ ബഹുമാനിക്കേണ്ടത്. "ബഹുമാനം" എന്നു എൻഏഎസ്ബി *എൻ ഫോബോയി* തർജിമ ചെയ്തത് നീതിപൂർവ്വം തന്നെയാണ്.

**വാക്യം 3.** അവൾ മറ്റു കണ്ണുകൾക്ക് എത്ര ആകർഷണിയമെന്നു കരുതാതെ, ക്രിസ്തീയ സ്ത്രീ അവൾ ആരായിരുന്നു എന്നും എങ്ങനെ പെരുമാറി എന്നും കരുതണം എന്നാണ് പത്രൊസ് ഉപദേശിച്ചത്. "പാതിവ്രത്യത്താലും ബഹുമാന പെരുമാറ്റത്താലുമാണ്" ദൈവഭക്തിയുള്ള സ്ത്രീ തന്നെത്തന്നെ

അലങ്കരിക്കേണ്ടത് “ക്രിസ്തുവിൽ” അവളുടെ **അലങ്കാരം ബാഹ്യമായത്** ആയിരിക്കരുത്.[2] ക്രിസ്തീയ സ്ത്രീ ഭൗതികമായ കാഴ്ച്ചപ്പാടിൽ മാത്രം ശ്രദ്ധിക്കണമെന്നല്ല പത്രൊസ് പറഞ്ഞത്. പ്രശ്നം എതിർ ലിംഗത്തോടുള്ള ഒരാളുടെ സമീപനം ആയിരുന്നു. അവർ എന്തു ധരിക്കുന്നു എന്നതിലല്ല, മറിച്ച് അവരുടെ മാന്യതയും ബഹുമാനവും അവർ ആരാണെന്ന വ്യക്തിത്വത്തെയാണ് കാണിക്കുന്നത് എന്നാണ് പത്രൊസ് പറഞ്ഞത്.

ഗ്രീക്ക്-റോമാ ലോകത്തെ ആനുകാലിക ധാർമ്മികർ പത്രൊസിന്റെ വാക്കുകളെ പ്രതിധ്വനിപ്പിച്ചിരുന്നു. പത്രൊസിന്റെ കാലത്ത് ജീവിച്ചിരുന്ന അത്തരം തത്വചിന്തകനും ഡെൽഫിയിലെ പുരോഹിതനുമായിരുന്ന പ്ലൂട്ടാർക്കിന്റെ വാക്കുകളെ ജെ. രാംസെ മൈക്കിൾസ് ഉദ്ധരിച്ചിരുന്നു: “അവളെ അത്തരത്തിലാക്കുന്നത് പൊന്നോ വില കൂടിയ ലോഹങ്ങളോ വസ്ത്രങ്ങളോ അല്ല, എന്നാൽ അവളുടെ മാന്യവ്യക്തിത്വം തെളിയിക്കുന്നത് അവൾ ചെയ്ത പ്രവൃത്തികളും, ലാളിത്യവും നല്ല പെരുമാറ്റവുമാണ്.”[3] അതുപോലെ പൗലൊസ് എഴുതി,

> അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടുംകൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം, എന്നിവ കൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രേ അലങ്കരിക്കേണ്ടത് (1 തിമൊ. 2:9, 10).

പത്രൊസിന്റെ ഏക മനസോടു യോജിക്കുന്നതായിരുന്നു സുബോധമുള്ള ആനുകാലിക ധാർമ്മികരുടെ മനസ്. പുരുഷന്മാരുടെ ചുമതലയും, പത്രൊസ് അന്തർലീനമാക്കിയിരിക്കുന്നു. സ്ത്രീകൾ ബാഹ്യമായ വസ്തുക്കളാൽ തങ്ങളെ അലങ്കരിച്ചതുപോലെ, പുരുഷന്മാരും അലങ്കരിച്ചിരുന്നു. ഭൗതികമായ വസ്തുക്കളാൽ പുരുഷന്മാരെ ആകർഷിക്കുവാൻ ആഗ്രഹിക്കുന്ന സ്ത്രീകളെ പുരുഷന്മാർ ഭൗതിക കാഴ്ച്ചപ്പാടിനപ്പുറം ഇഷ്ടപ്പെടുകയില്ല. അങ്ങനെയുള്ളവരുടെ ബന്ധം അടിസ്ഥാനം ഇല്ലാത്തതിനാൽ കുറച്ചു കഴിയുമ്പോൾ മങ്ങിപ്പോകും. പുരുഷന്മാർ സ്ത്രീകളെ അവർ തങ്ങളെ ബാഹ്യമായി അലങ്കരിക്കുന്നതിനേക്കാൾ അധികം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

പത്രൊസ് കൂടുതൽ പ്രത്യേകതയോടെയാണ് പറയുന്നത്. അലങ്കാരം എന്നു പറയുന്നത് **തലമുടി പിന്നുന്നതോ, പൊന്നാഭരണം അണിയുന്നതോ, വിലയേറിയ വസ്ത്രം ധരിക്കുന്നതോ** അല്ല എന്നാണ് ലോകത്ത് സൂക്ഷിക്കപ്പെട്ടിട്ടുള്ള കലാരൂപങ്ങൾ തെളിയിക്കുന്നത് അക്കാലത്തെ നല്ല സ്ത്രീകൾ ഏതാണ്ട് തങ്ങളെ അലങ്കരിച്ചിരുന്നത് പത്രൊസ് പറഞ്ഞതുപോലെയായിരുന്നു എന്നാണ്. അമിതമായ ബാഹ്യാലങ്കാരം ആധുനികകണ്ടുപിടിത്തമല്ല. തന്റെ വായനക്കാരിലധികവും അത്തരം വസ്ത്രം ധരിക്കത്തക്കവണ്ണം ധനികരാകണമെന്നല്ല പത്രൊസ് പറഞ്ഞത്. പുറമെയുള്ള കാഴ്ച്ചക്ക് അമിത താൽപര്യം പ്രകടിപ്പിക്കുന്ന ചിന്തയെയാണ് പത്രൊസ് എടുത്തുകാണിക്കുന്നത്. അത്തരം ചിന്ത ധനികരിലും ദരിദ്രരിലും കാണാം. ഒരു സ്ത്രീ പൊൻമോതിരം ഇടുന്നതും മാല ധരിക്കുന്നതും, പുതിയ വസ്ത്രം ധരിക്കുന്നതും, തലമുടി പിന്നുന്നതും പാപം ആണെന്നല്ല അപ്പൊസ്തലൻ ഇവിടെ പറഞ്ഞിരിക്കുന്നത്. മറിച്ച്, സ്ത്രീകൾ അത്തരം കാര്യങ്ങളിൽ കൂടു

തൽ ശ്രദ്ധിക്കുമ്പോൾ, അവരുടെ ഭർത്താക്കന്മാരോട് ഗൗരവമായ കാര്യങ്ങളിൽ കഴിവ് പ്രകടിപ്പിക്കുവാൻ കഴിയാതെ വിട്ടുവീഴ്ച്ച ചെയ്യേണ്ടതായി വരും.

**വാക്യം 4**. നിഷേധമായി പറഞ്ഞാൽ, ക്രിസ്തീയ ഭാര്യമാർ അവരുടെ ഭർത്താക്കന്മാർക്ക് മുൻപിൽ ബാഹ്യമായ അലങ്കാരത്തിന്റെ അടിസ്ഥാനത്തിലല്ല പ്രദർശിപ്പിക്കേണ്ടത്; **ക്രിയാത്മകമായി പറഞ്ഞാൽ, അവർ സൗമ്യതയും സാവധാനതയുമുള്ള മനസ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കണം**. സ്ത്രീകളോട് ഭർത്താക്കന്മാർക്ക് കീഴടങ്ങണം എന്ന് അപ്പൊസ്തലൻ അപേക്ഷിച്ചു, എന്നാൽ ഭർത്താവ് ആരാണെന്നും അവൻ എന്തു ചെയ്തു എന്നതിന്റേയും അടിസ്ഥാനത്തിൽ ആ മനോഭാവത്തെ വിവേചിക്കുവാനല്ല അവൻ പറഞ്ഞത്. ഭർത്താവിന്റേയും ഭാര്യയുടേയും സ്വാധീനത്തെയല്ല പത്രൊസ് ഇവിടെ ഊന്നി പറയുന്നത്, മറിച്ച് അതിന്റെ രീതിയെയാണ് അപ്പൊസ്തലൻ വിചാരപ്പെടുന്നത്. തന്റെ ജീവിതരീതിയാൽ വിശ്വാസി തന്റെ പങ്കാളിയെ സ്വാധീനിക്കണമെന്നാണ് പത്രൊസ് പറഞ്ഞത്. **ഹൃദയത്തിന്റെ നിഗൂഢമായ അവസ്ഥയിൽ** ആണ് സ്ത്രീ തന്റെ ഭർത്താവിനെ സ്വാധീനിക്കുവാൻ ശ്രമിക്കേണ്ടത്. സ്ത്രീകളോട് അപ്പൊസ്തലൻ പറയുന്നത് പുരുഷന്മാർക്കും തുല്യപ്രാധാന്യമുള്ളതാണ്. ഹൃദയത്തെ നന്നാക്കിയിട്ടുവേണം പുരുഷന്മാർ തങ്ങളുടെ ഭാര്യമാരെ സ്വാധീനിക്കുവാൻ. പൊന്ന്, വെള്ളി, വസ്ത്രധാരണം-എന്നിവയല്ല ദൈവത്തിനു പ്രസാദകരം.

മനുഷ്യസ്വഭാവത്തിലെ ശുഭാപ്തിവിശ്വാസം അതിശയകരമായി പത്രൊസ് ഇവിടെ കാണിച്ചിരിക്കുകയാണ്. പുറമെയുള്ള ഏർപ്പാട് എന്തായിരുന്നാലും, പുരുഷൻ തന്നെ അലങ്കരിക്കേണ്ടത് “ഹൃദയമെന്ന നിഗൂഢമനുഷ്യനെയാണ്” എന്നർത്ഥം. അവൻ തന്റെ ഭാര്യയുടെ ബാഹ്യമായ അലങ്കാരത്തിനപ്പുറമായിട്ടാണ് അവളെ കാണേണ്ടത്. ഭാര്യമേലുള്ള ഭർത്താവിന്റെ ആത്മിയമായ ഉത്തരവാദിത്തത്തെ അനാരോഗ്യകരമായി പങ്കിടുന്നതായി തോന്നിയേക്കാം. എങ്ങനെയായാലും, സന്ദർഭം പുനപ്പരിശോധിക്കുന്നത് വായനക്കാരന്റെ കാഴ്ച്ചപ്പാട് മാറുവാൻ സഹായിക്കും. പത്രൊസ് കൈകാര്യം ചെയ്യുന്ന ചോദ്യം: “ഒരു ക്രിസ്തീയ സ്ത്രീ എന്തു ചെയ്താലാണ് അവൾക്ക് തന്റെ ഭർത്താവിനെ സ്വാധീനിക്കുവാൻ കഴിയുക?” പത്രൊസ് കൈകാര്യം ചെയ്യാത്ത ചോദ്യം:“ഭാര്യയോ അല്ലെങ്കിൽ ഭർത്താവോ ക്രിസ്തുവിനും അവന്റെ സുവിശേഷത്തിനും എതിരാകുന്നു എങ്കിൽ ഭർത്താവാണോ അല്ലെങ്കിൽ ഭാര്യയാണോ ഉത്തരവാദി?” എന്നതാണ്. ചില ഭർത്താക്കന്മാർക്ക് ഭാര്യമാരെ ക്രിസ്തുവിന്റെ സ്വാധീനത്താൽ പ്രസാദിപ്പിക്കേണ്ടതിന് “ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ” അല്ല ഉള്ളതെങ്കിൽ, അതുള്ളതുപോലെ വേണം ഭാര്യ പ്രവർത്തിക്കുവാൻ. മറുവശത്ത് “നിഗൂഢമനുഷ്യൻ” ഉണ്ടായാലും ഇല്ലെങ്കിലും അവൾ നൽകിയിരിക്കുന്ന നിർദ്ദേശപ്രകാരം വേണം പെരുമാറുവാൻ.

“സൗമ്യതയും സാവധാനതയുമുള്ള മനസ് എന്ന അക്ഷയഭൂഷണമായ ഹൃദയം” **ദൈവസന്നിധിയിൽ വിലയേറിയത്** എന്നാണ് പത്രൊസ് പറഞ്ഞത്. എല്ലാ ക്രിസ്തീയ ജീവിതത്തിലും പ്രാധാന്യമുള്ളത് “ദൈവസന്നിധിയിൽ വിലയേറിയതാണ്.” ദൈവത്തിനു പൊന്നിലോ, വെള്ളിയിലോ, വസ്ത്രം ധരിക്കുന്നതിലോ താൽപര്യമില്ല. “മനുഷ്യൻ കണ്ണിനു കാണുന്നത് നോക്കുന്നു, യഹോവയോ ഹൃദയത്തെ നോക്കുന്നു” (1 ശമു. 16:7). നിത്യജീവന്റെ കാഴ്ച്ചപ്പാടുള്ള ഒരു സ്ത്രീയിൽ ഉടനെ ഉണ്ടാകേണ്ടതാണ് “അക്ഷയഭൂഷണമായ മനസ്.” (1:7). “സൗമ്യതയും സാവധാനതയുമുള്ള മനസ്” അക്ഷയഭൂഷണമാണ്.

"അക്ഷയഭൂഷണമായ മനസിനു" "യേശുവിന്റെ പ്രത്യക്ഷതയിൽ സഹിക്കാവതാകും" (1:7); സ്വർണ്ണാഭരണത്തിന് അതിനു കഴിയുകയില്ല. സ്ത്രീകളിൽ ഉണ്ടാകുവാൻ പത്രൊസ് ആവശ്യപ്പെട്ട ഗുണങ്ങൾ അക്ഷയമായ "സൗമ്യതയും സാവധാനതയുമുള്ള മനസുമാണ്" ആണ്.

ഓരോ ക്രിയാവിശേഷണവും അടുത്തു നോക്കുന്നത് പ്രയോജനം ചെയ്യും. "സൗമ്യത" (*പ്രവുസ്*) എന്ന വാക്ക് എൻഏഎസ്ബി തർജ്ജിമ ചെയ്തിരിക്കുന്നത്, യേശു പറഞ്ഞ മനോഗുണങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നതാണ് (മത്താ. 5:5). അത് ചിലപ്പോൾ "വിനീതനായ" എന്നു തർജിമ ചെയ്തിട്ടുണ്ട്. സൗമ്യതയുള്ള മനസിൽനിന്ന് വ്യത്യസ്തമാണ് "വിനീതമായ ആത്മാവ്." ക്രിസ്തീയ ഭാര്യ തന്റെ ഭർത്താവിനോട് സൗമ്യ ശീലത്തിലാണ് പെരുമാറേണ്ടത്. അത്തരം മനോഭാവം ഉള്ളവർക്ക് കീഴടങ്ങുവാൻ പ്രയാസം ഉണ്ടായിരിക്കുകയില്ല. സൗമ്യസ്വഭാവത്തിനെതിരായ മനോഭാവമുള്ളവർ "ദൈവസന്നിധിയിൽ വിലയേറിയത്" നോക്കുന്നതിനേക്കാൾ "സ്വയം-തൃപ്തിപ്പെടുത്തുന്ന" കാര്യങ്ങളായിരിക്കും നോക്കുക.

എൻഏഎസ്ബി ചേർത്തിരിക്കുന്ന വാക്ക് "ശാന്തത" (*ഹെസൂകിയോസ്*) 1 തിമൊഥെയൊസ് 2:12 ലെ നാമത്തിന്റെ ക്രിയാ വിശേഷണമാണ്: "മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെമേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല." "ശാന്തമായി" ഇരിക്കുക എന്നാൽ അക്ഷരികമായി "മിണ്ടാതിരിക്കുക" അല്ലെങ്കിൽ "നിശബ്ദമായിരിക്കുക." രണ്ട് വാക്കുകളും മനസിനെ എളിമയിൽ നിലനിർത്തുക എന്നാണ് അർത്ഥമാക്കുന്നത്. ഭർത്താവിന്റെ അസാന്നിധ്യത്തിൽ അയാളുടെ സമ്മതമില്ലാതെ ക്രിസ്ത്യാനിയായിത്തീരുക അല്ലെങ്കിൽ അനുഗ്രഹിക്കപ്പെടുക എന്നത് ഗ്രീക്ക് -റോമാ സമൂഹത്ത് ധീരമായ ഒരു നടപടിയായിരുന്നു. അവൾക്കെതിരായി നീങ്ങുന്ന ഏതു സാഹചര്യത്തെയും വ്യത്യാസത്താലും ബഹുമാനത്താലും ആണ് അതിജീവിക്കേണ്ടത് എന്നാണ് പത്രൊസ് പറഞ്ഞത്. ക്രിസ്ത്യാനിയായാൽ, ധിക്കാരമായി സ്വന്തം ഇഷ്ടപ്രകാരം ഓരോന്നു ചെയ്യാമെന്നല്ല, പിന്നെയോ ദൈവേഷ്ടം ചെയ്യുവാനുള്ള സ്വാതന്ത്ര്യത്തെയാണ് അത് കാണിക്കുന്നത്. ഈ വാക്യത്തിലെ "മനസ്" ഇംഗ്ലീഷിൽ "സ്പിരിറ്റ്" എന്നാണ് പറഞ്ഞിരിക്കുന്നത്, അത് നിത്യമായ ആത്മാവിനെ അല്ല സൂചിപ്പിക്കുന്നത്, മറിച്ച് അവളുടെ ആന്തരിക മനോഭാവത്തെയാണ് (1 കൊ. 4:21; ഗലാ. 6:1, അവിടെ "സൗമ്യതയുടെ ആത്മാവ്" എന്നു പറഞ്ഞിരിക്കുന്നത് സൗമ്യ മനോഭാവത്തിൽ എന്ന അർത്ഥത്തിലാണ്.)

"സൗമ്യതയും സാവധാനതയുമുള്ള മനസും" "ദൈവസന്നിധിയിൽ വിലയേറിയത് ആകുന്നത്" എന്തുകൊണ്ടാണ്? ഭർത്താവിന്നും, യജമാനനും, പൊലിസുകാരനും ദൈവത്തോട് ഉണ്ടാകുവാൻ പറഞ്ഞിരിക്കുന്നത് അതേ സൗമ്യ മനോഭാവമാണ്. ഈ ലോകനത്തിൽ പിന്നീട് പത്രൊസ് സദൃശവാക്യങ്ങൾ 3:34 ഉദ്ധരിച്ചിരിക്കുന്നു, "ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നൽകുന്നു" (5:5). അവൻ കൂട്ടിച്ചേർത്തിരിക്കുന്നു, "അതുകൊണ്ട് അവൻ തക്ക സമയത്ത് ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പിൻ" (5:6, യാക്കൊ. 4:10 നോക്കുക). അധികാരസ്ഥാനങ്ങൾക്ക് കീഴടങ്ങുന്നതിനിടയിൽ നിഗളം കടന്നുവരാം, വീട്ടിലെ അധികാരത്തിൽ, രക്ഷകന്റെ അധികാരത്തിനു കീഴടങ്ങുന്നതിനിടയിലും വരാം. എളിമയും വ്യത്യാസവും വളർത്തിയെടുത്താൽ മാത്രമെ ദൈവത്തോടു

നിരപ്പാകുവാനും സമാധാനം കൈവരിക്കുവാനും കഴിയു. തന്റെ സ്വന്ത തീരുമാനവും അഭിപ്രായവും മാറ്റാതെ കീഴടങ്ങൽ അസാധ്യമാണ്-മനസാക്ഷി ഉൾപ്പെടാത്ത കാര്യങ്ങളിൽ പ്രവേശിക്കാതിരിക്കുന്നത്-അയാൾ മറ്റൊരു അധികാരേത്തെ മാനിക്കുന്നതു നിമിത്തമാണ്.

**വാക്യം 5.** ക്രിസ്തീയ സ്ത്രീകൾ അവരുടെ മുൻഗാമികൾ വെച്ചേച്ചു പോയ ആത്മിയ പെരുമാറ്റം പിൻപറ്റണമെന്നാണ് പത്രൊസ് അവരെ ഓർപ്പിച്ചത്. **മുൻകാലങ്ങളിൽ** ഉണ്ടായിരുന്ന ദൈവജനമായിരുന്നു അബ്രഹാമും അവന്റെ പിൻഗാമികളും (എബ്രാ. 1:1, 2). 1 പത്രൊസിന്റെ ലേഖനത്തിൽ, പഴയനിയമത്തെയും സഭയെയും ആളുകളെയും കോർത്തിണക്കിയാണ് എഴുതിയിരിക്കുന്നത്. **വിശുദ്ധ സ്ത്രീകളുടെ** സംഭവങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവർ സൗമ്യവും സാവധാനതയുമുള്ള മനസിനാൽ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നു ദൈവത്തെ പ്രസാദിപ്പിച്ചിരുന്നവരായിരുന്നു. **ദൈവത്തിൽ പ്രത്യാശ വെച്ചിരുന്നവരായിരുന്നു** പത്രൊസ് പറഞ്ഞ വിശുദ്ധ സ്ത്രീകൾ.

പൗലൊസിന്റെ ലേഖനങ്ങളിലെ വിശ്വാസത്തിന്റെ പ്രാധാന്യം വെച്ച്, പത്രൊസ് പറഞ്ഞ "വിശുദ്ധ സ്ത്രീകൾ" "ദൈവത്തിൽ വിശ്വസിച്ചിരുന്നു" എന്നു പറയാം. തന്റെ മനസിലേക്ക് കർത്താവിന്റെ മടങ്ങിവരവ് വന്നതിനാലാകാം അപ്പൊസ്തലൻ "പ്രത്യാശ" എന്ന വാക്ക് ഉപയോഗിച്ചത്. അവരുടെ ആത്മാക്കളെ "വിശ്വസ്തനായ സൃഷ്ടികർത്താവിങ്കൽ" ഭരമേൽപിച്ചവരാ[യിരുന്നു] പത്രൊസിന്റെ വായനക്കാർ (4:19), "വിശുദ്ധ സ്ത്രീകൾ" "ദൈവത്തിൽ പ്രത്യാശ" വെച്ചവരായിരുന്നു. അവരുടെ കീഴടങ്ങലിൽ മാത്രമായിരുന്നില്ല, അവരുടെ പ്രത്യാശയിലും സുബോധമുള്ളവരായിരുന്നതിനാൽ അവർ പത്രൊസിന്റെ വായനക്കാർക്ക് മാതൃകയായിരുന്നു. അടുത്ത വാക്യത്തിൽ പത്രൊസ് സാറയെ പ്രത്യേകമായി എടുത്തു പറയുമ്പോൾ പത്രൊസിന്റെ മനസിലെ "വിശുദ്ധ സ്ത്രീകൾ" അബ്രഹാം, യിസഹാക്ക്, യാക്കൊബ് എന്നീ പിതാക്കന്മാരുടെ ഭാര്യമാരായിരിക്കാം. അവർ യിസ്രായേലിലെ പിതാക്കന്മാരായതുകൊണ്ട്, സാറാ, റിബേക്കാ, ലേയാ, റാഹേൽ എന്നിവർ യിസ്രായേലിലെ അമ്മമാരായിരുന്നു. ആ സ്ത്രീകൾ അവരുടെ **ഭർത്താക്കന്മാർക്ക് കീഴടങ്ങി** ദൈവഭക്തിയുള്ള പെരുമാറ്റത്താൽ **തങ്ങളെത്തന്നെ അലങ്കരിച്ചവരായിരുന്നു.**

ഒരു വിശുദ്ധ സ്ത്രീ അവിശുദ്ധനായ ഒരു പുരുഷനെ വിവാഹം കഴിക്കുന്ന കാലത്തെ അല്ല പത്രൊസ് കൈകാര്യം ചെയ്യുന്നത്. ദൈവത്തോട് "വിശ്വസ്തത പുലർത്തി കീഴടങ്ങി" ജീവിതം തുടരുമ്പോൾ അത്തരം സന്ദർഭം ഉണ്ടാകുകയാണെങ്കിൽ എന്നതായിരിക്കാം അപ്പൊസ്തലൻ സൂചിപ്പിച്ചത്. പത്രൊസ് കീഴടങ്ങുവാൻ പറഞ്ഞ മൂന്നു മേഖലകളിലും-പൗരന്മാരോടും, ദാസന്മാരോടും, ഭാര്യമാരോടും-അപ്പൊസ്തലൻ നല്ല ക്രമീകരണ അനുമാനങ്ങളാണ് നൽകുന്നത്. ദൈന-ന്തിന കാര്യങ്ങളിൽ വ്യാപൃതരാകുന്ന ആളുകളെ സാധാരണ ഗവൺമെന്റ് ദ്രോഹിക്കാറില്ല. യജമാനന്മാർ സാധാരണ ദാസന്മാരെ അവരുടെ വസ്തു ആയാൽ ദുരുപയോഗം ചെയ്യാറില്ല. പത്രൊസ് സംബോധന ചെയ്ത കുടുംബം എന്നു പറയുന്നത് ഭർത്താവും ഭാര്യയും ക്രിസ്ത്യാനികളായിരുന്നവരും, അല്ലെങ്കിൽ ഭർത്താവ് ക്രിസ്ത്യാനി അല്ലാതിരിക്കുകയും, ഭാര്യ ക്രിസ്ത്യാനിയായിരിക്കുകയും ചെയ്തവരായിരുന്നു, അതേ സമയം അയാൾ കുടുംബത്തെ സംരക്ഷിക്കുകയും ചെയ്തിരിക്കാം. പ്രവൃത്തികൾ 5:28, 29-ൽ, പത്രൊസ് യെരുശലേമിലെ അധികാരത്തിനു കീഴ്പ്പെടാതിരുന്നതായി പറയുന്നു. ഒരു ഭാര്യ ഭർത്താവിനെ അനുസരിക്കാതിരിക്കുന്നതും ഒരു ദാസൻ യജ

മാനനെ അനുസരിക്കാതിരിക്കുന്നതും ഊഹിക്കുവാൻ പ്രയാസമില്ല.

പൗരനായാലും, ഭാര്യയായാലും, ദാസനായാലും, കീഴടങ്ങൽ നിസാരമായി കണ്ട് തള്ളിക്കളയരുത് എന്നാണ് പത്രൊസ് വാദിച്ചത്. നല്ല ദൈവഭക്തിയുള്ള ജീവിതം നയിക്കുവാൻ ആഗ്രഹമുള്ളവർക്ക് രണ്ട് കാരണങ്ങളാൽ മാത്രമാണ് സാധാരണയിലുള്ള അധികാരത്തെ നിഷേധിക്കുവാൻ കഴിയുന്നത്: (1) ദൈവത്തിന്റെ നിർദ്ദേശം എതിരായി വരുന്ന അധികാരിയുടെ നിർദ്ദേശം അയാൾക്ക് സ്വീകരിക്കാവുന്നതല്ല. (2) താൻ സ്വന്തം ഇഷ്ടപ്രകാരം കാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു. രണ്ടാമത് പറഞ്ഞ കാരണമാണ് ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഉണ്ടാകുവാൻ പാടില്ല എന്ന് പത്രൊസ് പറഞ്ഞത്.

**വാക്യം 6**. "മുൻകാലങ്ങളിലെ" "വിശുദ്ധ സ്ത്രീകൾ" "തന്നെത്താൻ അലങ്കരിച്ചിരുന്നത്" തിരിച്ചറിയുവാനാണ് **സാറയുടെ** സ്വഭാവം ചിത്രീകരിച്ചിരിക്കുന്നത്. അവളുടെ സ്വഭാവം പത്രൊസ് കൂട്ടിച്ചേർക്കുവാൻ കാരണം അവൾ ക്രിസ്തീയ പെരുമാറ്റത്തിനുള്ള മാതൃകയാണ്. സാറാ ഭർത്താവിന് കീഴടങ്ങിയിരുന്നതിന്റെ പ്രത്യേക സംഭവം ഉൽപത്തി പുസ്തകത്തിൽ വിവരിക്കുന്നു. അബ്രഹാം മമ്രെയുടെ തോപ്പിൽ പാളയമടിച്ചിരുന്ന സമയത്ത് മൂന്നു പുരുഷന്മാർ പ്രത്യക്ഷരായി. പിതാവ് അവരെ സൽക്കരിച്ചശേഷം, സാറാക്ക് ഉടനെ ഒരു മകൻ ജനിക്കുമെന്ന് അവർ വാഗ്ദാനം ചെയ്തു. സാറാ വാതിൽക്കൽ നിന്നു അതു കേട്ടപ്പോൾ ചിരിച്ചുപോയി. അബ്രഹാമിനും സാറായ്ക്കും മക്കൾ ജനിക്കുവാനുള്ള പ്രായം കഴിഞ്ഞിരുന്നു. ഈ സന്ദർഭത്തിൽ സാറാ അബ്രഹാമിനെ "എന്റെ യജമാനനേ" എന്നു വിളിച്ചു (ഉല്. 18:12). അതാണ് ഇവിടെ പത്രൊസ് ചിത്രീകരിച്ച് ഊന്നി "എന്റെ യജമാനനേ" എന്ന പ്രയോഗം. സാറാ **അബ്രഹാമിനെ യജമാനൻ എന്നു വിളിച്ച്** ഭർത്താവിന്നു കീഴടങ്ങുകയായിരുന്നു.

വിശ്വാസിയായ ഭാര്യ അവിശ്വാസിയായ ഭർത്താവിനെ വിവാഹം കഴിച്ചാൽ, ഭാര്യ ഭർത്താവിനെ ക്രിസ്തുവിലേക്ക് നേടുവാൻ "പാതിവ്രത്യവും ബഹുമാനവും" ഭർത്താവിനോട് പുലർത്തുവാൻ പറഞ്ഞുവെങ്കിലും, അവിശ്വാസിയായ ഭർത്താവിനെ വിശ്വാസത്തിലേക്ക് കൊണ്ടുവരുന്നതായിരുന്നില്ല പത്രൊസിന്റെ വിഷയം. ക്രിസ്തീയ സ്ത്രീ ക്രിസ്തീയ ഭർത്താക്കന്മാർക്ക് കീഴടങ്ങുന്നതായിരുന്നു അവന്റെ വിഷയം. അന്ന് ഗ്രീക്ക്-റോമാ സമൂഹത്തിൽ നിലനിന്നിരുന്ന പുരുഷാധിപത്യമനുസരിച്ച് പുരുഷന്മാർ ക്രിസ്ത്യാനികളായപ്പോൾ അവരുടെ ബഹുഭൂരിപക്ഷം സ്ത്രീകളും ക്രിസ്തീയ വിശ്വാസം പിന്തുടർന്നിരിക്കണം. രണ്ടുപേരും വിശ്വാസികളായിരുന്ന സാഹചര്യമായിരുന്നു അബ്രഹാമിനെ സാറാ "യജമാനൻ" എന്നു വിളിച്ച് കീഴ്പ്പെട്ടിരുന്നത്. ക്രിസ്തുവിലായി തീരുമ്പോൾ ആണെന്നും പെണ്ണെന്നുമില്ല എന്നാകുന്നതിനാൽ തുല്യരാകുകയാണ്, അതുകൊണ്ട് കീഴ്പ്പെടേണ്ടതില്ല എന്നു ചില സ്ത്രീകൾ കരുതുന്നു. അതല്ല അപ്പൊസ്തലൻ പറഞ്ഞത്. സാറായുടെ മാതൃക പിൻപറ്റി ക്രിസ്തീയ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ അനുസരിച്ച് കീഴടങ്ങിയിരിക്കണം എന്നാണ് പറഞ്ഞത്.

കീഴടങ്ങലും അനുസരണവും തമ്മിൽ ചെറിയ വ്യത്യാസം മാത്രമുള്ളതിനാൽ സാറാ അബ്രഹാമിന്നു **കീഴ്പ്പെട്ടിരുന്നു** എന്നു പറയുന്നതിനു പകരം സാറാ "അബ്രഹാമിനെ അനുസരിച്ചിരുന്നു" എന്നു പറഞ്ഞിരിക്കുന്നു. മക്കൾ അമ്മയപ്പന്മാരെ അനുസരിക്കണം, ദാസന്മാർ യജമാനന്മാരെ അനുസരിക്കണം, പൗരന്മാർ പ്രാദേശിക നിയമം അനുസരിക്കണം. എന്നാൽ സ്ത്രീകൾ

അനുസരിക്കണം എന്നല്ല സാധാരണ പറഞ്ഞിരിക്കുന്നത്, പിന്നെയോ കീഴടങ്ങിയിരിക്കണം എന്നാണ്. അപ്പൊസ്തലൻ “അനുസരണം” എന്നു പറയാതെ “കീഴടങ്ങൽ” എന്ന വാക്ക് ഉപയോഗിക്കുവാൻ കാരണമുണ്ടായിരിക്കാം. ചില സ്ത്രീകൾക്ക് അനുസരണവും കീഴടങ്ങലും തമ്മിലുള്ള വ്യത്യാസം മനസിലാക്കുവാൻ കഴിയാത്തതുകൊണ്ടായിരിക്കാം. ചില സ്ത്രീകൾ സ്വാതന്ത്ര്യത്തിനായി ശബ്ദമുയർത്തുകയും ശക്തരായ ക്രിസ്ത്യാനികൾ അക്കാരണത്താൽ ഇടറുവാനുമിടയുണ്ട്.

കുടുംബ പിന്തുടർച്ച പ്രകാരം യെഹൂദന്മാർ അബ്രഹാമിന്റേയും സാറയുടേയും മക്കൾ ആകുന്നു. ദൈവം പ്രവാചകന്മാരിൽകൂടെ വാഗ്ദാനം ചെയ്തതും ദൈവത്തിന്റെ അഭിഷിക്തനെ അനുസരിച്ചതിനാലും ക്രിസ്ത്യാനികൾക്ക് അവകാശം ലഭിച്ചിരിക്കുന്നു. അബ്രഹാമിന്റേയും സാറയുടേയും ആത്മിയമായ അവകാശികളാകുന്നത് ഇപ്പോൾ വിശ്വാസത്താലാകുന്നു. ജാതികളിൽനിന്നു ക്രിസ്ത്യാനികളായവർക്ക് അബ്രഹാമിന്റേയും സാറയുടേയും പേരെടുക്കുവാൻ കഴിയുകയില്ല എന്നു പറയുന്നത് അവരുടെ വംശാവലിയുടെ മുൻഗാമിയായി അബ്രഹാമിൽനിന്ന് ആരംഭിക്കുന്നില്ല എന്നതുകൊണ്ടാണ്. യോഹന്നാൻ സ്നാപകൻ പറഞ്ഞതു ശരിയായിരുന്നു. ഈ കല്ലുകളിൽനിന്ന് അബ്രഹാമിന്നു മക്കളെ ഉളവാക്കുവാൻ ദൈവത്തിന്നു കഴിയും (മത്താ. 3:9). അവർ ശരിയായതു ചെയ്ത് ഭർത്താക്കന്മാർക്ക് കീഴടങ്ങി സാറയെപോലെ ജീവിച്ചാൽ ജാതികളിൽനിന്ന് ക്രിസ്ത്യാനികളായ ഭാര്യമാർ സാറയുടെ മക്കളാകും എന്നാണ് പത്രൊസ് പറഞ്ഞത്. ഒരു നിബന്ധനയുടെ അടിസ്ഥാനത്തിലാണ് അവർ സാറയുടെ മക്കൾ ആകുന്നത്. **നിങ്ങൾ ശരിയായതു ചെയ്താൽ നിങ്ങൾ അവരുടെ മക്കൾ ആകും.** സാറാ പെരുമാറിയതുപോലെ അവരും പെരുമാറിയാൽ അവർ ഒരു വിധത്തിൽ സാറായുടെ മക്കളാകും.

തെറ്റിദ്ധരിക്കപ്പെടാവുന്ന ഒരു പ്രസ്താവനയോടെയാണ് പത്രൊസ് ക്രിസ്തീയ ഭാര്യമാരോടുള്ള പ്രബോധനം അവസാനിപ്പിക്കുന്നത്. **യാതൊരു ഭീഷണിയും പേടിക്കാതെ** ശരിയായതു ചെയ്തുകൊണ്ടിരുന്നാൽ അവർ സാറയുടെ മക്കൾ ആകുമെന്നാണ് പത്രൊസ് പറഞ്ഞത്. എന്തുകൊണ്ടാണ് ഇപ്പോൾ ഭയത്തെ കുറിച്ച് പറയുന്നത്? അപ്പൊസ്തലന്റെ മനസിൽ ഇപ്പോഴും സാറാ ഉണ്ടായിരുന്നോ? അങ്ങനെയെങ്കിൽ ക്രിസ്ത്യാനികൾ ഭയപ്പെടാതിരിക്കുന്നതിന് സാറയുടെ ജീവിതാനുഭവം എന്തായിരുന്നു? കൂടാതെ ഈ ക്രിസ്തീയ ഭാര്യമാർ എന്തിനെയായിരിക്കാം ഭയന്നിരുന്നത്? സാറായെ കുറിച്ചുള്ള ചോദ്യത്തിന് നമുക്ക് ഉത്തരം കാണാം. അവൾ ഭയമില്ലാതിരിക്കുകയോ അല്ലെങ്കിൽ ധൈര്യപ്പെട്ടിരുന്നതായോ കാണാത്തതിനാൽ സാറായെ നമുക്ക് ചിത്രത്തിൽനിന്നു മാറ്റാം. അപ്പോഴും, പത്രൊസ് പറഞ്ഞ പ്രയോഗം അർത്ഥമാക്കുന്നത് അവ്യക്തമായി തുടരുന്നു.

“യാതൊരു ഭീഷണിയും പേടിക്കാതിരുന്നാൽ” എന്ന പ്രയോഗത്തിനു ചുരുങ്ങിയത് മൂന്നു അർത്ഥങ്ങൾക്ക് സാധ്യതയുണ്ട്: (1) അവർ ശരിയായത് ചെയ്ത ശേഷം കാര്യങ്ങൾ ദൈവത്തിൽ ഭരമേൽപിക്കുകയാണ് വേണ്ടത് എന്നായിരിക്കാം പത്രൊസ് അർത്ഥമാക്കിയത്. ലോകത്തിൽ പ്രത്യാശയില്ലാത്തവരെ പോലെ വിചാരപ്പെടുവാനിടയാകരുത്. ആശ്രയവും പ്രത്യാശയും ക്രിയാത്മകമായി നൽകുമ്പോൾ ഭീതി ആകസ്മികമായി വരുന്നത് അസാധാരണമായിരിക്കും. അതായിരിക്കാം പത്രൊസ് സൂചിപ്പിച്ചത്. (2) ഒരുപക്ഷെ അന്ന് ക്രിസ്തീയ സ്ത്രീകൾ തങ്ങളുടെ അവിശ്വാസികളായ ഭർത്താക്കന്മാ

രിൽനിന്ന് നേരിട്ട എതിർപ്പുകളുടെ പശ്ചാത്തലത്തിലായിരിക്കാം അങ്ങനെ പറഞ്ഞത്. പത്രൊസിന്റെ ലേഖനത്തിൽ അസംഖ്യം പേർക്ക് അവിശ്വാസിക ളായ ഭർത്താക്കന്മാരുണ്ടായിരുന്നതായി പറയുന്നില്ല. എന്നാൽ കുറെപ്പേരുണ്ടാ യിരുന്നു എന്നത് തീർച്ചയാണ്. എങ്ങനെയായാലും, സാറായുടെ കീഴടങ്ങൽ മാതൃകയായി വിശ്വാസികളായ ഭാര്യമാർ ഭർത്താക്കന്മാർക്ക് കീഴടങ്ങണം എന്നു പത്രൊസ് പറഞ്ഞ സാഹചര്യത്തിൽ, മിക്ക ക്രിസ്തീയ സ്ത്രീകളും വിശ്വാസികളായ ഭർത്താക്കന്മാരുള്ളവരായിരുന്നു. (3) പത്രൊസിന്റെ വായ നക്കാരെല്ലാം കഷ്ടതയേറ്റിരുന്നു എന്ന് ലേഖനത്തിലുടനീളം വ്യക്തമാ ക്കുന്നു. എല്ലാ വിശ്വാസികളും പരീക്ഷണങ്ങളും എതിർപ്പുകളും നേരിട്ടതു പോലെ, ക്രിസ്തീയ സ്ത്രീകളും മറ്റുള്ളവരെ പോലെ വിശ്വാസം പങ്കിട്ടതി നാൽ എതിർപ്പുകളും ഭീഷണിയും നേരിട്ടിരിക്കാം. നിയന്ത്രിച്ചിരുന്നത് ദൈവം ആയിരുന്നു. അവൻ പറഞ്ഞു, "അവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടുകയും കുലുങ്ങുകയും അരുത്" (3:14); "എല്ലാറ്റിന്റേയും അവസാനം സമീപിച്ചിരി ക്കുന്നു" (4:7); "ലോകത്തിന്റെ ശത്രു നിങ്ങളെ സമ്മർദ്ദം ചെലുത്തി ഭയപ്പെ ടുത്തുവാൻ അനുവദിക്കരുത്."

## ഭർത്താക്കന്മാർ ഭാര്യമാരെ ബഹുമാനിക്കൽ (3:7)

**[7]അങ്ങനെ തന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനെക്ക് മുടക്കം വരാതിരിക്കേണ്ടതിന്ന് വിവേകത്തോടെ ഭാര്യമാരോടുകൂടെ വസിച്ച് സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപക്ക് കൂട്ടവകാശി കൾ എന്നും ഓർത്ത് അവർക്ക് ബഹുമാനം കാണിപ്പിൻ.**

ഭാര്യമാർക്ക് കൊടുത്ത നിർദ്ദേശത്തേക്കാൾ ചുരുങ്ങിയ നിർദ്ദേശമാണ് ഭർത്താക്കന്മാർക്ക് നൽകിയത്, എന്നാൽ ഈ ചുരുങ്ങിയ വാക്കുകളിൽ ധാരാളം അന്തസത്ത ഉൾക്കൊള്ളിച്ചിരിക്കുന്നു. വീട്ടിലെ നായകത്വം എന്നു പറയുന്നത് ഉത്തരവാദിത്തത്തോടുകൂടിയ സ്ഥാനമാണ്. ഉഗ്രപീഢകനാകു വാനുള്ള സമ്മതപത്രം ഒന്നും ഭർത്താവിന് കുടുംബത്തിൽ നൽകിയിട്ടില്ല. ഭാര്യയെ ശ്രദ്ധിക്കുവാനും, മാനിക്കുവാനും, ബഹുമാനിക്കുവാനുമാണ് അവനോട് പറഞ്ഞിരിക്കുന്നത്.

**വാക്യം 7**. കഴിഞ്ഞ രണ്ട് പ്രബോധനങ്ങളും ഗവൺമെന്റിനും യജമാന ന്മാർക്കും കീഴടങ്ങുവാൻ പറഞ്ഞതിൽ കാണുന്നില്ല. ക്രിസ്തീയ ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങുതനുസരിച്ച്, അവരുടെ **ഭർത്താക്കന്മാർ** അവരുടെ **ഭാര്യമാരെ** പരിഗണിക്കുകയും, ബഹുമാനിക്കയും ചെയ്യണം. പുരാ തനകാലത്ത് ക്രിസ്തുവിന്റെ ഉപദേശം വന്നപ്പോൾ, അവരുടെ സ്ത്രീകളുടെ നിലവാരം ക്രമാതീതമായി ഉയർന്നു. അന്നത്തെ സാഹിത്യം പരിശോധിച്ചാൽ പല പുരുഷന്മാരും സ്ത്രീകളോട് ദാക്ഷിണ്യരഹിതമായിട്ടായിരുന്നു പെരു മാറിയിരുന്നത്. റോമൻ കക്ഷികളോടുള്ള യെഹൂദ നിയമത്തെ സംബന്ധിച്ച് യെഹൂദ ചരിത്രകാരനായിരുന്ന ജോസെഫസ് വിവരിക്കുന്നു. ഏതൊരു കാര്യ ത്തിന്റേയും സ്ഥിരീകരണത്തിന് രണ്ടോ മൂന്നോ സാക്ഷികൾ വേണം എന്നു പറഞ്ഞശേഷം കൂട്ടി ച്ചേർത്തിരിക്കുന്നു, "സ്ത്രീകളുടെ ഗൗരവമില്ലായ്മയും ധൈര്യമില്ലായ്മയും നിമിത്തം, സ്ത്രീകളുടെ സാക്ഷ്യം സ്വീകാര്യമല്ല."[4] തിരു വെഴുത്തിൽ അങ്ങനെ പറയുന്നില്ലെങ്കിലും, മറ്റൊരു ഭാഗത്ത് അദ്ദേഹം പറയു

ന്നു, "ഒരു ഭാര്യ സകലത്തിലും ഭർത്താവിനേക്കാൾ തരം താഴ്ന്നവൾ തന്നെ."[5] എന്നാൽ തിരുവചനത്തിൽ അങ്ങനെ ഒരു സൂചന പോലുമില്ല. എങ്ങനെയായിരുന്നാലും, അത്തരം പ്രസ്താവനകൾ വെളിപ്പെടുത്തുന്നത് എന്തെന്നാൽ സ്ത്രീകൾക്ക് പുരുഷന്മാർ മാന്യത കൽപിച്ചിരുന്നില്ല എന്നാണ്. അതിൽനിന്നു വ്യത്യസ്തമായി പത്രൊസ് പറഞ്ഞത് അവർ **ജീവന്റെ കൃപക്ക് കൂട്ടവകാശികൾ എന്ന് ഓർത്ത് അവരെ ബഹുമാനിപ്പിൻ** എന്നാണ്.

ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങണം എന്നതാണ് വിഷയം **എന്നിരിക്കെ,** അങ്ങനെ തന്നെ എന്നു പറഞ്ഞിരിക്കുന്നത് ഭർത്താക്കന്മാരും ഭാര്യമാർക്ക് കീഴ്പ്പെട്ടിരിക്കണം എന്നു ചിന്തിച്ചേക്കാം, പക്ഷെ അതല്ല ഇവിടെ പറയുന്നത്. ഗ്രീക്ക് വാക്ക് *ഹോമോയിയോസ്* ഇവിടെ ഉപയോഗിച്ചതിനർത്ഥം, "അതിലുപരിയായി" അല്ലെങ്കിൽ "അതിനു പുറമെ" എന്നാണ്. ഭാര്യ, തന്റെ പങ്ക് നിർവ്വഹിച്ച്, ഭർത്താവിന്നു കീഴ്പ്പെട്ടിരിക്കുകയും, ഭർത്താവ്, തന്റെ പങ്ക് അനുസരിച്ച്, **അവളെ മനസിലാക്കി** അവളോടൊപ്പം വസിക്കണം. "അവൾ ജീവന്റെ കൃപക്ക് കൂട്ടവകാശി" എന്ന രീതിയിൽ ഭർത്താവ് അവളെ ബഹുമാനിക്കണം. വീട്ടിൽ ഭർത്താവും ഭാര്യയും അന്യോന്യം ദയയോടും മാന്യതയോടും കൂടെ വേണം കഴിയുവാൻ എന്നാണ് അപ്പൊസ്തലൻ നിർദ്ദേശിച്ചത്.

ക്രിസ്തീയ ഭർത്താക്കന്മാരും ഭാര്യമാരും പങ്കിടുന്നത് ഒരേ വീണ്ടെടുപ്പും പ്രത്യാശയുമാണ്. വീട്ടുകാര്യങ്ങളിലെല്ലാം ഭാര്യമാർ കീഴടങ്ങിയിരിക്കണം എന്നു പറയുമ്പോൾ മറ്റുകാര്യങ്ങളിൽ അവർക്ക് തുല്യത ഉള്ളതായി പറയുന്നില്ല. **സ്ത്രീ ബലഹീനപാത്രം ആയതുകൊണ്ട്** ഭാര്യയോട് വിവേകത്തോടെ പെരുമാറുവാനാണ് പത്രൊസ് പറഞ്ഞിരിക്കുന്നത്.[6] അവൻ തീർച്ചയായും പറയുന്നത്: ശാരീരികമായി സ്ത്രീ പുരുഷനേക്കാൾ ശക്തി കുറഞ്ഞവളാണ്. ഭർത്താവിന് വേണമെന്നുണ്ടെങ്കിൽ ശക്തികൊണ്ട് തന്റെ ഭാര്യയെ കീഴ്പ്പെടുത്തുവാൻ കഴിയും. ശാരീരികമായി അവളെ അവനു വേണമെങ്കിൽ ഉപദ്രവിക്കുവാൻ കഴിയും. ഫലത്തിൽ, പത്രൊസ് പറഞ്ഞു, "നിങ്ങളുടെ ഭാര്യയെ ദ്രോഹിക്കുവാനുള്ള ശക്തി നിങ്ങൾക്ക് ഉണ്ട്, പക്ഷെ ക്രിസ്തീയ സ്വഭാവത്തിന് ചേർന്നതല്ല അത്." "ഭാര്യയെ മനസിലാക്കി" ഭർത്താവ് അവളോടുകൂടെ ജീവിക്കുകയാണെങ്കിൽ അങ്ങനെ സംഭവിക്കുകയില്ല-അതായത് പരിജ്ഞാനം അനുസരിച്ച് അവൻ അവളെ ബഹുമാനിക്കും. ധാർമ്മികമായും ആത്മികമായും സ്ത്രീ "ബലഹീനയല്ല." ഏതെങ്കിലും സാഹചര്യത്തിൽ ഭാര്യ ഭർത്താവിനേക്കാൾ ആത്മിയ നിലവാരത്തിലാണെങ്കിലുള്ള അവസ്ഥയെ കുറിച്ചാണ് 3:1 പറയുന്നത്. അപ്പോൾ അവളുടെ ഭർത്താവിനെ ദൈവത്തോട് അടുപ്പിക്കുവാനുള്ള ഉത്തരവാദിത്വം അവൾക്കുണ്ട് എന്നർത്ഥം.

ക്രിസ്തീയ ഭർത്താക്കന്മാർ "അവളെ ബഹുമാനിക്കുവാൻ" രണ്ട് കാരണങ്ങളാണ് അപ്പൊസ്തലൻ നൽകുന്നത്: (1) അവൾ "ജീവന്റെ കൃപക്ക് കൂട്ടവകാശി" ആയതുകൊണ്ട്, (2) **അങ്ങനെ** [ഭർത്താവിന്റെ] **പ്രാർത്ഥനെക്ക് മുടക്കം വരാതിരിക്കേണ്ടതിന്ന്.** 1:4-ൽ, സ്വർഗത്തിൽ അവർക്കായി ദൈവം സൂക്ഷിച്ചിരിക്കുന്ന സ്വർഗീയ അവകാശത്തെ അപ്പൊസ്തലൻ ഓർപ്പിച്ചിരിക്കുന്നു. ഭാര്യ "കൂട്ടവകാശി" എന്നു പറയുമ്പോൾ, ദൈവത്തോടുള്ള ബന്ധത്തിൽ പ്രത്യാശക്കും സ്വർഗീയമായ അവകാശത്തിനും ലിംഗഭേദം ദൈവം വെച്ചിട്ടില്ല എന്നാണ് അവൻ സൂചിപ്പിച്ചത്. അപ്പോഴും ക്രിസ്തീയ ഭർത്താവ് ഭാര്യയെ ദ്രോഹിക്കുവാനുള്ള സാധ്യതയുണ്ട്. അങ്ങനെ ഭർത്താവ് ഭാര്യയോട് മോശമായി പെരുമാറിയാൽ, അത് ദൈവത്തെ നിന്ദിക്കുന്നതും അവന്റെ പ്രാർത്ഥ

നക്ക് തടസമാകുകയും ചെയ്യും എന്നാണ് പത്രൊസ് പറഞ്ഞത്. അപ്പോൾ ദൈവത്തോടുള്ള കൂട്ടായ്മക്ക് വിഷമം നേരിടും, കീഴടങ്ങുവാനുള്ള ഭാര്യയെ ദ്രോഹിക്കുമ്പോൾ ഭർത്താവ് മുതലെടുക്കുന്നതോയി തീരും.

ഈ വേദഭാഗവും 1 കൊരിന്ത്യർ 7:5 മായും ഒരു ബന്ധമുണ്ട്: "പ്രാർത്ഥനക്ക് അവസരമുണ്ടാവാൻ ഒരവസരത്തേക്ക് അല്ലാതെ പരസ്പരസമ്മതത്തോടെ തമ്മിൽ വേർപെട്ടിരിക്കരുത്." വീട്ടിലെ ജീവിതവും ദൈവവുമായുള്ള ജീവിതവും പരസ്പരപൂരകങ്ങളാണ്. ബഹുമാനിക്കുന്നതല്ലാതെ ഒരു ഭർത്താവ് ഭാര്യയെ ദ്രോഹിക്കുന്നത് ദൈവത്തിനെതിരായ പാപമാണ്. ഒഴിച്ചുകൂടാനാവാത്ത മതപരമായ പ്രവൃത്തിയാണ് പ്രാർത്ഥന, കുടുംബത്തിൽ വിയോജിപ്പുണ്ടാകുമ്പോൾ പ്രാർത്ഥനക്ക് തടസം നേരിടും. ഭാര്യയോടു മോശമായി പെരുമാറുമ്പോൾ ആ ഭർത്താവും ദൈവവുമായുള്ള ബന്ധം വിഛേദിക്കും. ഭർത്താവ് ഭാര്യയോട് കാണിക്കുന്ന ക്രൂരത ദൈവം കണക്കിടാതിരിക്കുകയില്ല.

കുടുംബജീവിതത്തിലെ പ്രശ്നങ്ങൾ കാരണം മറ്റൊരു വിധത്തിൽ ദൈവവുമായുള്ള ബന്ധത്തിന് വിള്ളലുണ്ടാകുമെന്ന് പൗലൊസ് 1 കൊരിന്ത്യർ 7 ൽ പറയുന്നു. ഒരു ഭർത്താവോ, ഭാര്യയോ, കൂടുതൽ ശാരീരികവും, വൈകാരികവുമായി മതിമറന്നു ബന്ധപ്പെടുമ്പോൾ, ദൈവത്തെ പിന്തള്ളുകയോ, മറക്കുകയോ ചെയ്യുവാൻ സാധ്യതയുണ്ട്. ദമ്പതികൾക്കിടയിൽ അങ്ങനെ സംഭവിക്കുന്നതായി തോന്നിയാൽ, ഉടനെ അവർ പരസ്പരം യോജിച്ച് പ്രാർത്ഥിക്കുവാനായി മാത്രം അൽപസമയത്തേക്ക് വേർപിരിഞ്ഞിരിക്കാം. ഇവിടെയും 1 പത്രൊസ് 3:7 ലും, 1 കൊരിന്ത്യർ 7 ലും, പറയുന്നത് വെച്ച് കുടുംബജീവിതവും ആത്മികജീവിതവും പരസ്പരം യോജിച്ചിരിക്കുന്നതായി മനസിലാക്കാം.

ആയുഷ്ക്കാലത്തേക്ക് പുരുഷനു ഏക ഭാര്യയും, ഭാര്യക്ക് ഏക ഭർത്താവും എന്നു വിവാഹത്തെ സംബന്ധിച്ച് വാദിക്കുവാൻ പത്രൊസ് സമയം കണ്ടില്ല. ഒരു കാര്യത്തിൽ എല്ലാവരും യോജിക്കുകയാണെങ്കിൽ വാദിക്കേണ്ട ആവശ്യം വരുന്നില്ലല്ലൊ. ബൈബിളിൽ ഏക ഭാര്യ അല്ലെങ്കിൽ ഏക ഭർത്താവ് എന്ന തത്വമാണുള്ളത്. ലൈംഗികത ദൈവത്തിൽനിന്നുള്ള ദാനമാണ്. അത് മറ്റു വരങ്ങൾ പോലെ ആസ്വദിക്കണം. അതേ സമയം, ലൈംഗികത വെറും തൃപ്തിക്കപ്പുറമായി ഉള്ളതാണ്. പുരുഷനും സ്ത്രീയും അവരുടെ ലൈംഗികത സമർപ്പണത്തിലും, വിവാഹത്തിന്റെ ആശ്രയത്തിനുള്ളിലും പ്രകടിപ്പിക്കുമ്പോൾ, അതിനേക്കാൾ സുഖം മറ്റൊന്നിനുമില്ല. എന്നാൽ ലൈംഗിക ബന്ധം വെറും തമാശയായി കണക്കാക്കിയാൽ, അത് പെട്ടെന്ന് തമാശ പോലും അല്ലാതാകും. ഒരാൾ മറ്റൊരാളെ, സമ്മതമില്ലാതെ, സ്നേഹമില്ലാതെ, സമർപ്പണമില്ലാതെ ലൈംഗികമായി ഉപയോഗിക്കുകയാണെങ്കിൽ, അത് തരം താഴ്ത്തലും, വെറുപ്പുമായി തീരും. മനുഷ്യരുടെ ലൈംഗികത എന്നു പറയുന്നത് ദൈവം നൽകിയ ശക്തമായ വരം തന്നെയാണ് എന്നു പറയാം. ആ അടുപ്പത്തിൽനിന്നും സമർപ്പണത്തിൽനിന്നും വേർപെട്ട് വിവാഹമോചനത്തിലേക്ക് തിരിയുമ്പോൾ ലൈംഗികത ദോഷമായി ഭവിക്കുകയും ചെയ്യും.

മനുഷ്യൻ ആദ്യം ഏകനായിരുന്നപ്പോൾ, ദൈവം അവനു ഒരു സ്ത്രീയെ സൃഷ്ടിച്ചു, തക്ക തുണയായി നൽകി. ലൈംഗിക തൃപ്തിക്കു മാത്രമായിരുന്നു ദൈവം അവന്നു സത്രീയെ ഉണ്ടാക്കിയിരുന്നതെങ്കിൽ, അവർക്ക് ഒരു അന്തപ്പുരം ഉണ്ടാക്കി കൊടുത്താൽ മതിയായിരുന്നു. ഏദെൻ തോട്ടത്തിൽ ബഹുഭാര്യാത്വം ഇല്ലായിരുന്നു. ആദ്യ ദമ്പതികൾ ആകുന്നത് ആ തോട്ടത്തിലായിരു

ന്നു. മനുഷ്യ ഭവനം എന്നേക്കും ജീവിക്കുവാനായി ദൈവം ഒരു നിയമവും നൽകി: "അതുകൊണ്ട് മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും; അവർ ഏകദേഹമായി തീരും" (ഉല്.2:24).

## നീതിക്കായി കഷ്ടത അനുഭവിക്കുന്നവർ ഭാഗ്യവാന്മാർ (3:8-17)

### ദൈവത്തിന്റെ അനുഗ്രഹത്തിന് ആവശ്യപ്പെടുന്നതാണ് വിശുദ്ധ ജീവിതം (3:8-12)

**8തീർച്ചെക്ക് എല്ലാവരും ഐകമത്യവും സഹതാപവും സഹോദരപ്രീ
തിയും മനസലിവും വിനയബുദ്ധിയുമുള്ളവരായിരിപ്പിൻ. 9ദോഷത്തിനു
പകരം ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിന്ന് വിളിക്കപ്പെട്ടതുകൊണ്ട് അനുഗ്രഹിക്കുന്നവരായിരിപ്പിൻ.**

**10"ജീവനെ ആഗ്രഹിക്കുകയും ശുഭകാലം കാൺമാൻ ഇഛിക്കയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ**

**തന്റെ നാവിനേയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ.**

**11അവൻ ദോഷം വിട്ടകന്നു ഗുണം ചെയ്കയും സമാധാനം അന്വേഷിച്ച് പിന്തുടരുകയും ചെയ്യട്ടെ.**

**12കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനെക്കും തുറന്നിരിക്കുന്നു.**

**എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തിക്കാർക്ക് പ്രതികൂലമായിരിക്കുന്നു."**

**വാക്യം 8.** കീഴടങ്ങലിനെ കുറിച്ച് തനിക്ക് പറയുവാനുള്ളതെല്ലാം പത്രൊസ് ഈ വാക്യത്തിൽ **ചുരുക്കി** പറഞ്ഞിരിക്കുകയാണ്. ആ വാക്കുകൾ, ദാസന്മാർക്കും, യജമാനന്മാർക്കും, അല്ലെങ്കിൽ ഭർത്താക്കന്മാർക്കും ഭാര്യമാർക്കും, പൗരന്മാർക്കും, പൊലിസുകാർക്കും വ്യത്യാസമില്ലാതെ എല്ലാ വിശ്വാസികൾക്കുമുള്ളതാണ്. വിശ്വാസികൾക്ക് അ-വിശ്വാസികളോടുള്ള സമീപനം എങ്ങനെയായിരിക്കണം എന്നാണ് മുൻ വാക്യങ്ങളിൽ പത്രൊസ് പറഞ്ഞത്. ദൈവത്തോടുള്ള ശരിയായ ബന്ധമാണ് ഒരാളെ സഹമനുഷ്യരോട് നന്നായി പെരുമാറുവാൻ പ്രേരിപ്പിക്കുന്നത്, എന്നാൽ ക്രിസ്ത്യാനി-ക്രിസ്ത്യാനിയോട് പെരുമാറുമ്പോൾ അത് പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നതാണ് (ഗലാ. 6:10 നോക്കുക). കൊലൊസ്യർ 3:12-14 ൽ, ക്രിസ്ത്യാനികൾക്ക് അന്യോന്യം ഉണ്ടായിരിക്കേണ്ട ഗുണങ്ങളെ വളരെ വിപുലമായി പറഞ്ഞിരിക്കുന്നു.പുനർജ്ജനനം നടക്കാത്ത ആളുകളുടെ സ്വഭാവത്തെ പത്രൊസ് വിവരിച്ചിരിക്കുന്നത്: ദുഷ്ടത, ചതി, വ്യാജം, അസൂയ, നുണ എനിവയാണ് (2:1). എന്നാൽ കർത്താവിന്റെ ശരീരത്തിനുള്ളിലായവർ തമ്മിൽ ഉള്ള പെരുമാറ്റം വളരെ വ്യത്യസ്തമാണ്. പത്രൊസ് ഉപയോഗിച്ച ഓരോ വാക്കും പരാമർശത്തിനു വിധേയമാക്കണം.

അനുസരണമുള്ള വിശ്വാസികളുടെ **യോജിപ്പ്** രക്ഷിക്കപ്പെട്ടവരുടെ സമൂ

ഹത്തിൽ അനിവാര്യമാണ്. അവർ ഏക-മനസ് ഉള്ളവരായിരിക്കണം. ഗ്രീക്ക് വാക്ക് *ഹോമോഫ്രോൺ*, അക്ഷരികമായി അർത്ഥമാക്കുന്നത് "ഏക മനസ്സുള്ളവരാകുക" എന്നത് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. പുതിയ നിയമത്തിൽ അവസാനി-ക്കാത്ത വിഷയമാണ് വിശ്വാസികളുടെ ഐക്യത. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, സഭാദ്ധ്യക്ഷനായിരുന്ന ഇഗ്നേഷിയസ് പറഞ്ഞത് തന്റെ വായനക്കാർ കൽപനകളോട് ബന്ധപ്പെട്ടിരിക്കുന്നത് "വീണയിലെ കമ്പികൾ യോജിപ്പിച്ച് ഏക ശ്രുതിയുണർത്തുന്നതുപോലെ" ആയിരിക്കണം എന്നാണ്.[7] ക്രിസ്ത്യാനികൾ പൊതുവായ മനോഭാവം പങ്കിടുവാനാണ് പത്രൊസ് തന്റെ വായനക്കാരോട് "യോജിച്ചിരിക്കുവാൻ" ആവശ്യപ്പെട്ടത്. സഭയിൽ എന്തെങ്കിലും പ്രശ്നം വരുമ്പോൾ വിശ്വാസികൾ എല്ലാവരും ഒരേ രീതിയിൽ ചിന്തിക്കുക പ്രയാസം തന്നെയാണ്. ഇവിടെ പ്രബോധിപ്പിക്കുന്നത് അന്യോന്യം ബഹുമാനിക്കുകയും കാര്യങ്ങളെ വിവേചനാപൂർവ്വം കണ്ട് അവസാനം ക്രിസ്തീയ ജീവിതത്തിനു ഉലച്ചൽ തട്ടാതവണ്ണം പിന്തുണക്കുകയും ചെയ്യണം എന്നാണ്.

**സഹതാപം** എന്നതിന്റ ഇംഗ്ലീഷ് വാക്ക് ലഭിച്ചിരിക്കുന്നത് *സമ്പതെസ്* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ്. ഒരേ വികാരത്തിൽ യോജിക്കുവാനായി ഏക-മനസ് മാത്രമല്ല, ഏകഹൃദയം കൂടെ വേണമെന്നാണ് പത്രൊസ് പറഞ്ഞത്. മനുഷ്യരുടെ ബലഹീനതയോട് സഹതാപം കാണിപ്പാൻ കഴിവുള്ള മഹാപുരോഹിതനാണ് യേശു എന്നത്രെ എബ്രായ ലേഖകൻ പറഞ്ഞത് (4:15). സഹതാപം എന്ന വാക്കിൽ അംഗീകാരം അടങ്ങിയിരിക്കുന്നില്ല. ഒരാളുടെ സ്വഭാവം നിന്ദ്യവും കർത്താവിന്റെ സഭക്ക് അപമാനവുമാണെന്ന് ബോധ്യമാകുമ്പോൾ അയാളെ ഓർത്ത് സഹതപിച്ചേക്കാം. മുമ്പിലത്തെ വാക്ക് പോലെ ഈ വാക്ക്, അതിന്റെ നാമം പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് കാണുന്നത്.

എൻഏഎസ്ബി **സഹോദര** എന്നു തർജ്ജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് (ഫിലദെൽഫോസ്) പറയുന്നത് "സാഹോദര്യ സ്നേഹം" അല്ലെങ്കിൽ "സഹോദര പ്രീതിയെ" ആണ്, യേശുവിനെ കർത്താവ് എന്നു പ്രഖ്യാപിക്കുന്നവരുടെ സ്വഭാവമാണ് അത്. 1:22-ൽ പത്രൊസ് ആ വാക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിലും ആ രൂപത്തിൽ ആ വാക്ക് ഇവിടെ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. മുമ്പിലത്തേത് അഭിവൃദ്ധിയിലേക്ക് ഉയർത്തുന്നതാണ് ഈ ക്രിയാവിശേഷണം. വിശ്വാസികൾ തങ്ങളുടെ വികാരം അന്യോന്യം പങ്കിടുക മാത്രമല്ല, അവർ മറ്റു സഹോദരീസഹോദരന്മാരുടെ ജീവിതവും, ക്ഷേമവും, പ്രത്യാശയും, ഭാവിയും എല്ലാം ഒരുമിച്ച് ചേർന്നിരിക്കുന്നു എന്നതു പരിഗണിക്കണം. ക്രിസ്ത്യാനികൾ ഭവനമാണ്.

വൈകാരിക കേന്ദ്രം കുടലിലാണെന്നാണ് പഴമക്കാർ വിചാരിച്ചിരുന്നത്, അല്ലാതെ ഹൃദയത്തിലാണെന്നായിരുന്നില്ല. വിശ്വാസികൾക്ക് അന്യോന്യം "ആരോഗ്യകരമായ ആമാശയം" (*യൂസ്പ്ലാങ്ക്നോസ്*) ഉണ്ടായിരിക്കണം എന്നാണ് അപ്പൊസ്തലൻ പിന്നെ പറഞ്ഞിരിക്കുന്നത്. എൻഏഎസ്ബിയിൽ **ദയാ ഹൃദയം** എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്, ആ വാക്ക് പുരാതന വൈദ്യശാസ്ത്രത്തിൽ അക്ഷരികമായി ഒരാളുടെ ആരോഗ്യമുള്ള കുടലിനായി ഉപയോഗിച്ചിരുന്ന വാക്കാണ് എങ്കിലും, അത് നല്ല തർജ്ജിമയാണ്. ഈ വാക്ക് പുതിയ നിയമത്തിൽ ഇവിടെയും, എഫെസ്യർ 4:32 ലുമാണ് ഉപയോഗിച്ചിട്ടുള്ളത്, പക്ഷെ "ദയ" "ദയയുള്ള" എന്ന അർത്ഥത്തിൽ വേറെ വാക്ക് ആണ് ഉപയോഗിച്ചിരിക്കുന്നത് സ്ത്രീകളും പുരുഷന്മാരും യോജി

ച്ചിരിക്കേണ്ട ആത്മികവും വൈകാരികവുമായ ബന്ധത്തെയാണ് പത്രൊസ് തന്റെ വായനക്കാരിൽ ഉണ്ടാകുവാൻ ആഗ്രഹിച്ചത്.

ക്രിയാവിശേഷണങ്ങളുടെ ലിസ്റ്റിൽ അവസാനം വരുന്നത്, *ടാപെയിനോ ഫ്രോൺ*, പ്രത്യേക താൽപര്യം ജനിപ്പിക്കുന്നതാണ്. എൻഏഎസ്ബി അവിടെ തർജ്ജിമ ചെയ്തിരിക്കുന്നത് **വിനയാത്മാവ്** എന്നാണ്. ലൗകികമായ ഗ്രീക്ക് -റോമാ ലോകം താഴ്മയുള്ള മനസിന് പ്രാധാന്യം കൽപിച്ചിരുന്നില്ല. അക്കാലത്ത് നന്നായി-ജനിച്ചവർ പരസ്യമായ അംഗീകാരം കാംക്ഷിച്ചിരുന്നു. അവരുടെ നേട്ടങ്ങളെ പരസ്യമാക്കുന്നതിൽ അവർ നാണിച്ചിരുന്നില്ല.[8] പാശ്ചാത്യ സംസ്ക്കാരത്തിൽ, പ്രശംസിക്കുന്നതിൽ ഒരുപക്ഷെ പിടികൊടുക്കാതിരിക്കും. നാം കൂടുതൽ താഴ്മ ശീലിച്ചിട്ടുണ്ടോ എന്നു സംശയിക്കുന്നു. നൈസർഗികമായി നല്ല കാര്യങ്ങൾ ചെയ്യുവാൻ സഹായിക്കുന്നതാണ് മനസിന്റെ താഴ്മ, അത് അംഗീകാരത്തിനു വേണ്ടിയല്ല. സഹോദരീസഹോദരന്മാരോടുള്ള മനോഭാവത്തിന് മറ്റു വാക്കുകൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഈ വാക്ക് ഒരാളുടെ ഉള്ളിലേക്ക് നോക്കുവാനായിട്ടാണ് നൽകിയിരിക്കുന്നത്. തന്റെ വിശ്വാസം പങ്കിടുന്നവരുടെ ക്ഷേമ-മാണ് ക്രിസ്ത്യാനികൾ കണക്കാക്കേണ്ടത്; അവൻ ചെയ്യുന്നത് ബഹുമതിക്കോ, അംഗീകാരത്തിനോ വേണ്ടിയായിരിക്കരുത്.

**വാക്യം 9**. ക്രിസ്ത്യാനികൾ അ-വിശ്വാസികളോട് ഇടപെടുന്ന കാര്യത്തിലേക്കാണ് അപ്പൊസ്തലന്റെ അടുത്ത ചിന്ത നീങ്ങുന്നത്. കുറച്ചു വാക്യങ്ങളിൽ (3:13), ക്രിസ്ത്യാനികൾ എതിരാളികളോട് എങ്ങനെ ഇടപെടണം എന്നു പറയുന്നു. **ശകാരത്തിനു ശകാരിക്കാതെയും, ദോഷത്തിന് ദോഷം പകരാതെയും** ഇരിക്കുന്ന ഗുണങ്ങളുമായി ബന്ധപ്പെട്ടാണ് മുൻ വാക്യങ്ങളിൽ പ്രതിപാദിച്ചത്. ക്രിസ്ത്യാനികൾ വിശ്വാസികളോടായാലും, അ-വിശ്വാസികളോടായാലും പ്രതികാരം വീട്ടരുത്. ദയയോടുകൂടിയുള്ള പ്രതികരണം ക്രിസ്ത്യാനിയുടെ ഭാഗത്ത് ന്യായമല്ലെന്ന് തോന്നിയേക്കാം. എന്നാൽ മാതൃക ക്രിസ്തു ആണെന്ന് പത്രൊസ് എടുത്തു കാണിച്ചിരിക്കുന്നു. "... ശകാരിച്ചിട്ട്, അവൻ പകരം ശകാരിച്ചില്ല" (2:23). റോമാ ലേഖനത്തിൽ, പൗലൊസ് പ്രബോധിപ്പിച്ചു, "നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ, ശപിക്കാതെ അനുഗ്രഹിപ്പിൻ" (റോമ. 12:14). അവൻ കൂട്ടിച്ചേർത്തു, "തിന്മക്കു പകരം തിന്മ ചെയ്യാതിരിപ്പിൻ" (റോമ. 12:17). റോമാ ലേഖനവും 1 പത്രൊസിന്റെ ലേഖനവും സമാന്തരമായി എടുക്കുന്നത് പരിഗണിക്കാവുന്നതാണ്.

ദൈവത്തിന്റെ കരുതലിനായി പഴയനിയമത്തിൽ പകരം വീട്ടിയിരുന്നു എന്നത് വാസ്തമമാണ് (ആവ. 32:35; സദൃശ. 20:22). അത് *ലെക്സ് ടാലിയോനിസ്*, എന്ന പ്രതികാര നിയമപ്രകാരമായിരുന്നു: "കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്, കൈക്ക് പകരം കൈ, കാലിന്നു പകരം കാൽ; പൊള്ളലിന്നു പകരം പൊള്ളൽ, മുറിവിനു പകരം മുറിവ്; തിണർപ്പിനു പകരം തിണർപ്പ്" (പുറ. 21:24, 25). സമൂഹത്തിലെ അംഗങ്ങളെ ഏണെസ്റ്റ് ബെസ്റ്റ് ഉത്തേജിപ്പിച്ചത് "വെളിച്ചത്തിന്റെ മക്കളെ എല്ലാം സ്നേഹിക്കുവാനും, ഇരുട്ടിന്റെ മക്കളെ എല്ലാം വെറുക്കു [വാനും] ആണ്."[9] ഒരു നിയമമായി തന്നെ യേശു പ്രതികാരത്തെ തള്ളിക്കളഞ്ഞിരിക്കുകയാണ് (മത്താ. 5:39). പത്രൊസും അതു തന്നെയാണ് ചെയ്തത്. സഭയെ അടിച്ചൊതുക്കുവാൻ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ സ്വീകരിച്ച നയമായിരുന്നു ശകാരവും പരിഹാസവും. ഏറ്റവും കഠോരമായ അപവാദമായിരുന്നു പ്രചരിപ്പിച്ചിരുന്നുത്. ക്രിസ്ത്യാനികൾ ആരാധിക്കുവാൻ കർത്തൃദിവസം കൂടി വരുമ്പോൾ അവർ രക്തം കുടിച്ചിരുന്നു

എന്ന് അവരെ കുറിച്ച് ആരോപണം ഉന്നയിച്ചിരുന്നു. അവർ കുട്ടിയെ യാഗം കഴിക്കുന്ന നരഭോജികൾ ആണെന്ന് ചിലർ പ്രചരിപ്പിച്ചിരുന്നു. ക്രിസ്ത്യാനികൾ അതിനെയെല്ലാം ദയയോടെയാണ് പ്രതികരിച്ചത്. ഒരു പ്രതികാരവും പാടില്ല എന്നാണ് പത്രൊസ് പറഞ്ഞത്.

തിന്മയെ തിന്മകൊണ്ട് ക്രിസ്ത്യാനികൾ എതിർക്കരുത് എന്ന് മാത്രമല്ല, അവർ തിന്മയെ നന്മകൊണ്ടാണ് നേരിടേണ്ടത്. ശാപവും പരിഹാസവും അനുഭവപ്പെടുമ്പോൾ ക്രിസ്തുവിന്റെ ആത്മാവിനെ സ്വീകരിച്ചിരിക്കുന്നവർ **പകരം** അവരെ **അനുഗ്രഹിക്കുകയാണ്** വേണ്ടത്. യേശു അതുപോലെ പറഞ്ഞു, "ദുഷ്ടനാട് എതിർക്കരുത്; നിന്നെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന്ന് മറ്റേതും തിരിച്ചു കാണിക്ക" (മത്താ. 5:39). ഉപദ്രവിക്കുന്നവരെ ഉപദ്രവിക്കപ്പെട്ടവൻ അനുഗ്രഹിക്കുക എന്നത് ദയയും നിഷ്പ്പക്ഷതയും കാണിക്കുന്നതിനപ്പുറമാണ്. അത് ആ വ്യക്തിയുടെ ക്ഷേമം നോക്കി പ്രോൽസാഹിപ്പിക്കുന്നതാണ്. അതായത് അയാളുടെ ആയുരാരോഗ്യത്തെയും, ദീർഘായുസിനേയും, സമ്പൽ സമൃദ്ധിയേയും കണക്കാക്കുകയാണ്-ജീവിതം ആശ്വാസപ്രദമാക്കുക എന്നർത്ഥം. നേരെ മറിച്ച് കൈപ്പും വിദ്വേഷവും പുലർത്തുന്നത് ക്രിസ്തുവിനെ പോലെ ജീവിക്കുന്നതിന് എതിരാണ്. "തിന്മയോട് തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക" (റോമ. 12:21).

പരിഹസിക്കപ്പെടുമ്പോൾ, തിരിച്ച് "അനുഗ്രഹിക്കുക" എന്നത് തിന്മയെ നന്മ കൊണ്ട് അതിജീവിക്കലാണ്. ക്രിസ്തീയ ജീവിതത്തിൽ അത് പലപ്പോഴും കാണാറില്ല. മുഖ്യമായും നാം പരിശീലിക്കേണ്ടത് അതാണ്. അപ്പൊസ്തലൻ തന്റെ വായനക്കാരെ ഓർപ്പിച്ചു, **അനുഗ്രഹം അവകാശമാക്കേണ്ടതിനാണ് നിങ്ങളെ വിളിച്ചിരിക്കുന്നത്**. "ക്രിസ്തുവിന്റെ സന്ദർശന ദിവസം" ആയിരിക്കണം ലക്ഷ്യം (1:7). വിശ്വാസികളുടെ അവകാശത്തെ പത്രൊസ് ഓർപ്പിച്ചു (1:4). അതിൽ തിന്മയെ നന്മകൊണ്ട് ജയിക്കുന്നതും ഉൾപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിതത്തിൽ കർത്താവിന്റെ കാൽപാടുകളെ പിൻപറ്റുന്നതനുസരിച്ചാണ് അവർക്ക് അവകാശവും അനുഗ്രഹവും ലഭിക്കുന്നത്. ക്രിസ്ത്യാനി അനുഗ്രഹം നൽകുമ്പോൾ അയാൾക്ക് അനുഗ്രഹം ലഭിക്കുന്നു. ക്രിസ്തുവിനെ-പോലെയുള്ള ജീവിതം ഒരാളിൽനിന്ന് നിത്യമായ അനുഗ്രഹങ്ങളെ എടുത്തുമാറ്റുന്നില്ല; അല്ലെങ്കിൽ നാം നിത്യമായ അനുഗ്രഹങ്ങൾക്ക് വലിയ വില കൊടുക്കേണ്ടി വരും. ക്രിസ്തീയ ജീവിതം തന്നെ അനുഗ്രഹപ്രദമാണ്.

**വാക്യം 10.** താൻ പറഞ്ഞ സത്യത്തെ പിന്താങ്ങുവാനും, ആ സത്യത്തിൽനിന്ന് നിലവാരം ഉയർത്തുവാനായി അപ്പൊസ്തലൻ സങ്കീർത്തനങ്ങൾ 34:12-16 ഉദ്ധരിച്ചിരിക്കുന്നു. പത്രൊസ് സംബോധന ചെയ്ത ആളുകളിലധികവും സംസാരിച്ചിരുന്ന എബ്രായ ഭാഷയിലെ പഴയനിയമം ഗ്രീക്കിലേക്ക് തർജ്ജിമ ചെയ്തത് ആണ്, ഉദ്ധരണിയിലെ മുഖ്യഭാഗം LXX ൽനിന്നാണ്. ഞെരുക്കത്തിലായിരുന്ന തന്റെ വായനക്കാരെ പ്രോൽസാഹിപ്പിക്കുവാൻ പത്രൊസ്, ഞെരുക്കത്തിലായിരുന്ന യിസ്രായേലിനെ യഹോവ വിടുവിച്ചതായി പറയുന്ന സങ്കീർത്തനങ്ങൾ 34 ലെ സന്ദേശമാണ് നൽകിയത്. സങ്കീർത്തനങ്ങൾ 34:8 ലെ വാക്കുകൾ അവൻ നേരത്തെ ഉപയോഗിച്ചു കഴിഞ്ഞു: "കർത്താവ് ദയാലു എന്നു നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ" (2:3). വർത്തമാനകാലത്തിലെ ജീവിതത്തെ കുറിച്ചാണ്, സങ്കീർത്തനത്തിൽ ജീവനെ ആഗ്രഹിക്കുകയും [ജീവിതം] ശുഭകാലം കാണ്മാൻ ഇഛിക്കയും ചെയ്യുക എന്നു പറഞ്ഞിരിക്കുന്നത്. ഒരാൾ

നല്ല ജീവിതം ആഗ്രഹിക്കുന്നു എങ്കിൽ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ തന്റെ അധരത്തെയും അടക്കിക്കൊള്ളുവാനാണ് പത്രൊസും പറയുന്നത്; പത്രൊസിന്റെ മനസിൽ അതിലധികവും ഉണ്ടായിരുന്നു. വിശ്വാസം കാഴ്ച്ചയിലാകുന്നതിനു വേണ്ടിയാണ് ക്രിസ്ത്യാനി നോക്കി പാർത്തിരിക്കുന്നത്. 1:6-9 ലും 4:12-14 ലും പറയുന്നതുപോലെ, വിശ്വാസികൾ കാത്തിരിക്കുന്നത് "യേശുക്രിസ്തുവിന്റെ സന്ദർശനത്തിനാണ്," എന്നാൽ അതിനിടക്ക് അവരുടെ സന്തോഷം പറഞ്ഞറിയിക്കുന്നതിനപ്പുറമാണ്. ജീവനും ശുഭകാലവും ഇപ്പോൾ അനുഭവിക്കുവാൻ കഴിയുന്നതാണ്, എന്നാൽ അവ തുടരുവാനാണ് നാം ആഗ്രഹിക്കുന്നത്.

ഒരാളുടെ ദൈവഭക്തിയുള്ള ജീവിതത്തിന് നാവ് ഒരു വായു മർദ്ദമാപിനി പോലെയാണ് എന്ന് പത്രൊസും യാക്കൊബും ഏക മനസിൽ പറയുന്നു. യാക്കൊബ് പറഞ്ഞു, "ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ട് നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു" (യാക്കൊ. 3:2). നാവിനെ നിയന്ത്രിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, പത്രൊസ് ഉദ്ധരിച്ച സങ്കീർത്തനത്തിലെ ജീവനും ശുഭകാലവും കാണുകയില്ല. ക്രിസ്ത്യാനികൾ അപവാദവും ദോഷവും ഏൽക്കുമ്പോൾ, നാവിനെ നിയന്ത്രിക്കേണ്ടത് ദൈവഭക്തിയുള്ള ജീവിതത്തിന് അനിവാര്യമാണ്. അവർ ദോഷം-സംസാരിക്കുകയും ചതിക്കുകയും ചെയ്യുമ്പോൾ, ദൈവപ്രസാദം അവരിൽനിന്ന് ദൈവം എടുത്തുകളയുക മാത്രമല്ല സംഭവിക്കുന്നത്, അന്യദേവനെ നമസ്ക്കരിക്കുന്ന അയൽക്കാരുടെ വെറുപ്പും സമ്പാദിക്കുകയാണ്.

**വാക്യം 11.** ക്രിസ്തു ആളുകളെ വിളിച്ചിരിക്കുന്നത് നാവിനെ ശരിയായി നിയന്ത്രിച്ച് ഉപയോഗിക്കുവാൻ മാത്രമല്ല, മറ്റുദ്ദേശങ്ങൾ കൂടെയുണ്ട്. ദൈവത്തിന്റെ പുരുഷൻ ആയാലും സ്ത്രീയായാലും, **ദോഷം വിട്ടകന്നു നല്ലത് ചെയ്യുവാനാ**ണ് സങ്കീർത്തനക്കാരൻ തുടർന്നു പറയുന്നത്. അതും, കൂടെ, "ശുഭകാലം കാൺമാനുള്ള" നിർദ്ദിഷ്ട ജീവിത ക്രമത്തിന്റെ ഭാഗമാണ്. യേശു ശ്രദ്ധേയമായ ഒരു വിപരീത സത്യം നൽകി, അവൻ പറഞ്ഞു, "ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു, കോതമ്പ് മണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അത് തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവ് ഉണ്ടാകും. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും; ഇഹലോകത്തിൽ തന്റെ ജീവനെ പകെക്കുന്നവൻ അതിനെ നിത്യജീവന്നായി സൂക്ഷിക്കും" (യോഹ. 12:24, 25). സ്വയ-തൃപ്തി അന്വേഷിക്കുന്ന മനുഷ്യൻ തന്റെ "ജീവനെ സ്നേഹിക്കുന്നവനാണ്", അവൻ തന്റെ ജീവനെ കളയും. നിഷേധമായി പറഞ്ഞാൽ, ഒരാൾക്ക് ജീവൻ വേണമെന്നുണ്ടെങ്കിൽ, അയാൾ "ദോഷം വിട്ടകലും." ക്രിയാത്മകമായി പറഞ്ഞാൽ, അയാൾ "നല്ലത് ചെയ്യും."

സമാധാനം പിന്തുടരുന്നതിന്റെ ഫലമാണ് ഒരാളുടെ നല്ല ജീവിതം. സംശയമില്ലാത്ത ക്രിസ്ത്യാനിയുടെ തീർന്നു പോകുന്ന ഗുണമല്ല സമാധാനം എന്നാണ് സങ്കീർത്തനകാരനും പത്രൊസും പറയുന്നത്. സമാധാനം അന്വേഷിച്ച് പിന്തുടരുക എന്ന വാക്കുകളിൽ സജീവമായ ചെറുത്തു നിൽപ് അടങ്ങിയിരിക്കുന്നു. LXX ൽ, ഗ്രീക്ക് വാക്ക് എയിരേനെ എബ്രായ ഭാഷയിൽ തർജ്ജിമ ചെയ്തിരിക്കുന്നതാണ് ഷാലോം. എബ്രായ സ്വാധീനത്താൽ, സങ്കീർത്തനങ്ങൾ 34:14-ൽ (എംടിയിൽ 34:15, LXX 33:14 ആണ്), അതിന്, മുഴുവനും, ആരോഗ്യം, രക്ഷ, ഒരാളുടെ ലോകത്തോടുള്ള യോജിച്ച ബന്ധം എന്നീ അർത്ഥങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. ഒരാൾ ഒഴിച്ച് (ലൂക്കൊസ്) പുതിയ

നിയമ എഴുത്തുകാരെല്ലാം യെഹൂദന്മാരായിരുന്നു. "സമാധാനം" എന്ന വാക്ക് അവർക്ക്, എബ്രായ ഉപയോഗം അനുസരിച്ച്, വന്ദനം പറയുന്നതും വിട്ടുപോകുമ്പോൾ പറയുന്നതുമായ ഒന്നായിരുന്നു. സമാധാനം ആശംസിക്കുന്നത് ഒരാളുടെ ജീവിതത്തിൽ നന്മയും ഉയർച്ചയും ഉണ്ടാകുന്നതിനുള്ള പ്രാർത്ഥനയാണ്.

വെറുതെ കലഹമില്ലാതിരിക്കുന്ന അവസ്ഥക്കപ്പുറമാണ് സമാധാനം. തന്റെ വശത്ത് ദൈവത്തിന്റെ സാന്നിധ്യവും ശക്തിയും ഉണ്ടെന്ന് തെളിയിക്കുന്നതാണ് സമാധാനം. സമാധാനത്തിന് വർഗീയമായ ഒരു വശമുണ്ട്. അത് മറ്റുള്ളവരോടുള്ള സമാധാനമാണ്. പാപം സമാധാനത്തെ എടുത്തു കളയും. സമാധാനവും നീതിയും സഹോദരിമാരാണ്. ഒരാൾ തന്റെ ശക്തിയുപയോഗിച്ച് മറ്റൊരാളെ ദ്രോഹിക്കുമ്പോൾ, സമൂഹത്തിന്റെ നിയമാവലികളനുസരിച്ച് നീതി പുനസ്ഥാപിക്കുവാൻ ശ്രമിക്കും, പക്ഷെ സമാധാനം നഷ്ടമാകും. മനുഷ്യരുടെ കാര്യത്തിൽ സമാധാനം കാംക്ഷിക്കുക എന്നത് നീതിക്ക് വേണ്ടി ദാഹിക്കുന്ന ക്രിസ്ത്യാനിയുടെ ഗുണമാണ്. സമൂഹത്തിൽ ബലഹീനരും ദരിദ്രരുമുള്ളപ്പോൾ എല്ലാവർക്കും നീതി ഉറപ്പുവരുത്തുവാൻ ശ്രമിക്കുന്നത് അന്യോന്യമുള്ള പെരുമാറ്റത്തിൽ കൂടെയാണ്. അക്കാരണത്താൽ സമാധാനം ദൈവജനത്തിൽനിന്നും ഒട്ടും അകലെയല്ല. പത്രൊസ് "നിങ്ങൾക്ക് എല്ലാവർക്കും സമാധാനം ഉണ്ടാകട്ടെ" എന്നു പറഞ്ഞുകൊണ്ടാണ് ഈ ലേഖനം അവസാനിപ്പിക്കുന്നത് (5:14). രണ്ട് പത്രൊസിന്റെ അവസാനഭാഗത്ത് അവൻ ഈ പ്രബോധനം നൽകിയിരിക്കുന്നു, "... അവൻ നിങ്ങളെ കറയും കളങ്കവും ഇല്ലാത്തവരായി സമാധാനത്തോടെ കാൺമാൻ ഉൽസാഹിച്ചുകൊണ്ട് നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ" (2 പത്രൊ. 3:14). ഈ വാക്കുകളോടെ യോഹന്നാൻ തന്റെ മൂന്നാം ലേഖനം അവസാനിപ്പിക്കുന്നു, "നിനക്ക് സമാധാനം. സ്നേഹിതന്മാർ നിനക്ക് വന്ദനം ചൊല്ലുന്നു. സ്നേഹിതന്മാർക്ക് പേരുപേരായി വന്ദനം ചൊല്ലുക" (3 യോഹ. 15).

അഭിവാദ്യത്തിനും (1:2) ആശിർവാദത്തിനും പുറമെ (5:14), പത്രൊസ് ആ വാക്ക് ഇവിടെ മാത്രമാണ് ഉപയോഗിച്ചത്. അവൻ ഒരു ഉദ്ദേശത്തോടെയാണ് ആ വാക്ക് ഉപയോഗിച്ചത്. ക്രിസ്തീയ ജീവിതത്തിൽ യാദൃശ്ചികമായി വരുന്ന സ്വഭാവമല്ല "സമാധാനം" എന്ന് തന്റെ വായനക്കാരിൽ അവൻ ഉറപ്പിക്കുകയാണ്. പൗലൊസും അതിനോടു പൂർണ്ണമായി യോജിക്കുന്നു. "ആകയാൽ നാം സമാധാനത്തിനും അന്യോന്യം ആത്മികവർദ്ധനവിനും ഉള്ളത് ശ്രമിച്ചുകൊൾവിൻ" (റോമ. 14:19). പൗലൊസ് വിശ്വാസികൾക്കിടയിൽ സമാധാനം വേണമെന്നു പറയുമ്പോൾ, പത്രൊസ് വിശ്വാസികളും അ-വിശ്വാസികളായ അയൽക്കാരും തമ്മിൽ സമാധാനത്തിൽ കഴിയണം എന്നാണ് പറഞ്ഞിരിക്കുന്നത്. "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ" എന്നാണ് യേശു പറഞ്ഞത് (മത്താ. 5:9). ക്രിസ്ത്യാനികൾ സമാധാനത്തിനായി മുന്നിട്ടിറങ്ങണം എന്നതാണ് ആശയം. "സകല സ്ത്രീപുരുഷന്മാരെയും ക്രിസ്തുവിൽ നിരപ്പിക്കണം കാരണം അങ്ങനെ മാത്രമെ ദൈവത്തെയും ദൈവിക പ്രവർത്തിയേയും നമുക്ക് അനുകരിക്കുവാൻ കഴിയുകയുള്ളു, കൂടാതെ ആത്മാവിൽ ദൈവം ക്രിസ്തുവിൽ തുടങ്ങിവെച്ചത് നമുക്ക് പൂർത്തിയാക്കുവാനും എങ്കിൽ മാത്രമെ സാധിക്കുകയുള്ളു."[10]

അവരും എല്ലാ ആളുകളുമായും, സജീവമായ ബന്ധത്തിലായിരിക്കുവാനാണ് പത്രൊസ് തന്റെ വായനക്കാരോട് അപേക്ഷിക്കുന്നത്. നാവിനെ നിയ

ന്ത്രിക്കുന്നതും ധാർമ്മികമായി നീതിപൂർവ്വമായ ജീവിതം നയിക്കുന്നതും ആ നയത്തിന്റെ ഭാഗമാണ്. നിഷേധ ഭാവത്തിൽ പറഞ്ഞാൽ, ഒരാൾ "ദോഷം ചെയ്യാതെ തന്റെ നാവിനെ സൂക്ഷിക്കണം." ക്രിയാത്മകമായി പറഞ്ഞാൽ, ഒരാൾ "നല്ലതു ചെയ്യുകയും," "സമാധാനം അന്വേഷിച്ച് പിന്തുടരുകയും വേണം." ഫലം ദൈവികമായ അനുഗ്രഹമായ അവകാശം ആയിരിക്കും (3:9).

**വാക്യം 12.** പത്രൊസിന്റെ വായനക്കാരെ ഉറപ്പിക്കുന്നതാണ് സങ്കീർത്തനങ്ങൾ 34. അവരും അവരുടെ പിതാക്കന്മാരും അറിഞ്ഞിരുന്ന മറ്റെല്ലാ ദേവന്മാരെയും വിട്ടുകളഞ്ഞ് അവർ ക്രിസ്തുവിനെ സ്വീകരിച്ചിരുന്നു. അപ്പോൾ എന്തുകൊണ്ടാണ് കാര്യങ്ങൾ വിഷമമേറിയതായത്? പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവായ ഏക ദൈവം എന്തുകൊണ്ട് അതെല്ലാം നേരെയാക്കിയില്ല? "ദൈവം അവരെ മറന്നിട്ടില്ല," സങ്കീർത്തനക്കാരൻ പറയുന്നത് അതാണ്. വിശ്വസ്തർ ശരിയായത് ചെയ്യുമ്പോൾ, ദൈവം അത് കാണും. അവരുടെ പ്രാർത്ഥന ദൈവം കേൾക്കും. കൂടാതെ, **കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തിക്കാർക്ക് എതിരായിരിക്കും.** ന്യായവിധിയുമായി കർത്താവ് മടങ്ങി വരുമ്പോൾ, നീതിമാന്മാരെ ഉപദ്രവിച്ചവരെ കണക്ക് കൊടുക്കുവാനായി വിളിക്കും. കർത്താവ് ദുഷ്പ്രവൃത്തിക്കാർക്ക് എതിരായിരിക്കും. "കർത്താവ്" തന്റെ ലോകത്തിൽ സജീവമായിരിക്കും. നാം വിശ്വാസം ഒരിക്കലും ഉപേക്ഷിക്കരുത്. സങ്കീർത്തനത്തിൽ കർത്താവ് എന്നു പറഞ്ഞിരിക്കുന്നത് ദൈവത്തെയാണ്. പിതാവായ ദൈവത്തെയും പുത്രനായ ദൈവത്തെയും തമ്മിൽ വേർപിരിക്കുവാൻ പത്രൊസിന് കഴിഞ്ഞില്ല. അവന്റെ ഏകത്വത്തിൽ, "ദുഷ്പ്രവൃത്തി ചെയ്യുന്നവർക്ക് കർത്താവ് എതിരാണ്." ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ, ദൈവം തനിക്ക് ഇഷ്ടമുള്ള സമയത്ത് നീതി നടപ്പാക്കും.

## നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനെ വിശുദ്ധീകരിക്കുക (3:13-17)

**13നിങ്ങൾ നന്മ ചെയ്യുന്നതിൽ ശുഷ്ക്കാന്തിയുള്ളവരാകുന്നു എങ്കിൽ നിങ്ങൾക്ക് ദോഷം ചെയ്യുന്നവർ ആർ? 14നീതി നിമിത്തം കഷ്ടം സഹിക്കേണ്ടിവന്നാലും നിങ്ങൾ ഭാഗ്യവാന്മാർ. അവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടുകയും കുലുങ്ങുകയും അരുത്. എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ. 15നിങ്ങളിലുള്ള പ്രത്യാശയെ കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ. 16ക്രിസ്തുവിൽ നിങ്ങൾക്കുള്ള നല്ല നടപ്പിനെ ദുഷിക്കുന്നവർ നിങ്ങളെ പഴിച്ചു പറയുന്നതിൽ ലജ്ജിക്കേണ്ടതിന്ന് നല്ല മനസാക്ഷിയുള്ളവരായിരിപ്പിൻ. 17നിങ്ങൾ കഷ്ടം സഹിക്കേണമെന്ന് ദൈവഹിതമെങ്കിൽ, തിന്മ ചെയ്തിട്ടല്ല, നന്മ ചെയ്തിട്ടു സഹിക്കുന്നത് ഏറ്റവും നന്ന്.**

പത്രൊസിന്റെ വായനക്കാർ പരിഹാസവും ദോഷവും സഹിച്ചിരുന്നു എന്നാണ് 3:9 പറയുന്നത്. അവർ കഷ്ടം സഹിക്കുന്നതിനിടയിലും ദൈവഭക്തിയോടെ ജീവിക്കുവാൻ അപേക്ഷിച്ച് സങ്കീർത്തനങ്ങൾ 34 ഉദ്ധരിച്ചു, അതിൽ ചില ചോദ്യങ്ങൾ ഉയരുന്നു. അത് പത്രൊസിന്റെ വായനക്കാരോട് ചോദിക്കുന്നു, "ദൈവം നമ്മുടെ വശത്തുണ്ടെങ്കിൽ, നാം എന്തുകൊണ്ട് ഇങ്ങനെ കഷ്ടം സഹിക്കണം?" "ഞങ്ങളുടെ ജീവിതം കുഴപ്പത്തിലാക്കുന്നവരെ ഞങ്ങൾക്ക്

എങ്ങനെ അനുഗ്രഹിക്കുവാൻ കഴിയും?" ആ ചോദ്യങ്ങൾക്കെല്ലാം ഉത്തരം നൽകുന്ന വിധത്തിലാണ് പിന്നീട് അപ്പൊസ്തലൻ പറയുന്നത്.

**വാക്യം 13.** രണ്ടാം പ്രാവശ്യവും (1:6-9 വരെ നോക്കുക) പത്രൊസ് തന്റെ വായനക്കാരുടെ കഷ്ടതയെ വിവരിക്കുന്നു. അലങ്കാരബഹുലമായ ഒരു ചോദ്യത്തോടെയാണ് (3:13-17) ആരംഭിക്കുന്നത്; ഉത്തരം ഊഹിക്കാം. നിങ്ങൾ **നന്മ ചെയ്യുന്നതിൽ ശുഷ്ക്കാന്തി** ഉള്ളവരാകുന്നു എങ്കിൽ, ആരും നിങ്ങളെ ഉപദ്രവിക്കുകയില്ല എന്നതാണ് ഉത്തരം. എന്നിരുന്നാലും ഈ പ്രസ്താവന യും തൊട്ടു താഴെ പ്രതിപാദിക്കുന്നതും തമ്മിൽ ആശങ്കയുണർത്തിയേക്കാം. അവർ "അഗ്നിശോധന" ആണ് സഹിച്ചത് (4:12). "ക്രിസ്തുവിന്റെ നാമത്തിലാ യിരുന്നു" അവർ കേട്ട ശകാരം അത്രയും (4:14), യാതൊരു പ്രകോപനവുമി ല്ലാതെയായിരുന്നു അത്, ആ പ്രശ്നം പത്രൊസ് പിന്നീട് കൈകാര്യം ചെയ്യു ന്നുണ്ട്. എന്നാൽ ഇപ്പോൾ, ദൈവഭക്തിയോടെയും നീതിയോടെയും തന്റെ വായനക്കാർ ജീവിക്കുവാനുള്ള ചില മാർഗനിർദ്ദേശങ്ങളായി ചില തത്വങ്ങൾ നൽകുന്നു. അവൻ അവരെ വീണ്ടും ആശ്വസിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നുണ്ട്. എതിർപ്പിന്റെ മദ്ധ്യത്തിൽ ദൈവഭക്തിയോടെ ജീവിക്കുവാൻ അവരെ പ്രേരിപ്പിക്കുകയായിരുന്നു അപ്പൊസ്തലൻ ചെയ്തത്.

സാധാരണ ഗതിയിൽ, സത്യം സംസാരിക്കുകയും, ആത്മാർത്ഥതയില്ലാ യ്മയെ തിരസ്ക്കരിക്കുകയും, ഒരാൾ തന്റെ കുടുംബത്തെ നന്നായി സംരക്ഷി ക്കുകയും, "നന്മ ചെയ്യുന്നതിൽ ശുഷ്ക്കാന്തി കാണിക്കുകയും ചെയ്യുന്നതിൽ" ഉൾപ്പെട്ടിട്ടുള്ളതെല്ലാം ചെയ്യുകയാണെങ്കിൽ, ഭരണാധികാരികൾ ആളുകളെ ദ്രോഹിക്കാറില്ല. ആ വാക്കുകൾ യെശയ്യാവ് 50:9 ലേതാണ്: "ഇതാ, യഹോവ എന്നെ തുണക്കുന്നു, എന്നെ കുറ്റം വിധിക്കുന്നവൻ ആർ?" വാഴുന്നവരെ അയ ച്ചിരിക്കുന്നത് "ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിനും സൽപ്രവൃത്തിക്കാ രുടെ മാനത്തിനുമാണ്" എന്നു പത്രൊസ് മുൻപ് പറഞ്ഞിരുന്നു (2:14). അപ്പോ ഴും, ക്രിസ്ത്യാനികൾ അന്യായമായി കഷ്ടം സഹിക്കരുത് എന്ന തത്വമല്ല പറയുന്നത്, മറിച്ച് ക്രിസ്ത്യാനികൾ അവരോട് മോശമായി പെരുമാറുന്നവ രോട് പ്രകോപനം പ്രകടമാക്കരുത് എന്നാണ്. "നിങ്ങളിൽ ആരും കുലപാത കിയോ കള്ളനോ ദുഷ്പ്രവൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്; പരക്കാര്യത്തിൽ ഇടപെടുന്നവനായിട്ടുമല്ല" (4:15). "ജാതികളുടെ ഇടയിൽ നിങ്ങളുടെ നടപ്പ് നന്നായിരിക്കട്ടെ" എന്നാണ് പത്രൊസ് മുൻപ് അവരോട് പ റഞ്ഞത് (2:12). ക്രിസ്ത്യാനികൾക്ക് സഹിക്കേണ്ടി വരുന്ന ദോഷങ്ങളെ നേരിടേ ണ്ടത് നിരുൽസാഹപ്പെട്ട് ദോഷത്തിനു പകരം ദോഷം ചെയ്തുകൊണ്ടല്ല (3:9).

**വാക്യം 14.** മുമ്പിലത്തെ വാക്യത്തിൽ പത്രൊസ് ഉയർത്തിയ ചോദ്യ ത്തിൽ ക്രിസ്ത്യാനികൾ നന്മ ചെയ്താൽ ഒരിക്കലും ഉപദ്രവിക്കപ്പെടുകയില്ല എന്ന അർത്ഥത്തിലല്ല. താൻ മുൻപ് പറഞ്ഞതിനെ പിന്താങ്ങുന്ന പ്രസ്താവ നയായിരുന്നു അത്, അതേ സമയം നീതിയുള്ള പെരുമാറ്റത്തെ പുറകോട്ട് മാറ്റിയതുമില്ല. പുതിയ നിയമത്തിൽ ശ്രദ്ധിക്കപ്പെട്ട ഗ്രാമർ പ്രകാരമുള്ള ഒരു പ്രയോഗമാണ്. തിരഞ്ഞെടുക്കാവുന്ന രീതിയിലുള്ള പ്രയോഗമാണ് എന്നാൽ **നിങ്ങൾ കഷ്ടം സഹിക്കുകയാണെങ്കിൽ പോലും** എന്നത്. സംഭവിക്കുവാൻ സാധ്യതയില്ലാത്ത ഒരു കാര്യത്തെ ഗ്രീക്ക് എഴുത്തുകാരൻ ഉപയോഗിക്കുന്ന പ്രയോഗമാണ് അത്. ജെ. എൻ. ഡി. കെല്ലി അതിനെ സമാന്തരപ്രയോഗം നടത്തിയിരിക്കുന്നു, "എങ്കിലും, നന്മക്കുള്ള നിങ്ങളുടെ സമർപ്പണം, നിങ്ങളെ കുഴപ്പത്തിലെത്തിച്ചേക്കാം ..."[11] സ്പഷ്ടമായും, പത്രൊസിന്റെ വായനക്കാ

രുടെ "നന്മക്കുള്ള സമർപ്പണം" അവരെ കുഴപ്പത്തിലെത്തിച്ചു. നിരപരാധികളായ ആളുകൾ ചിലപ്പോൾ അജ്ഞത, അന്ധവിശ്വാസം, അത്യാഗ്രഹം, രാഷ്ട്രീയ സമ്മർദ്ദം എന്നിവ കാരണം കഷ്ടപ്പെടേണ്ടി വന്നേക്കാം. ലോകത്തിൽ അത്തരം സ്വഭാവങ്ങൾക്ക് ഒരു ക്ഷാമവുമില്ല. അവ നേരിടുമ്പോൾ ക്രിസ്ത്യാനി അവയെ നേരോടെയാണ് അഭിമുഖീകരിക്കേണ്ടത്.

**നീതിയെ** കുറിച്ചായിരുന്നു പത്രൊസ് വിചാരപ്പെട്ടത്. "കഷ്ടപ്പെടുകയാണെങ്കിൽ, നന്മ ചെയ്തിട്ടായിരിക്കണം", "അല്ലാതെ മറ്റൊരു കാരണത്താലും ആകരുത്, അത് ഒരിക്കലും തിന്മ ചെയ്തിട്ടായിരിക്കരുത്" എന്നാണ് പത്രൊസ് ഊന്നി പറഞ്ഞത്. നാം കണ്ടു കഴിഞ്ഞതുപോലെ (2:24), 1 പത്രൊസിന്റെ ലേഖനത്തിലെ "നീതി" എന്നതിന്റെ അർത്ഥം, "ധാർമ്മികമായ, നേരോടുകൂടിയ ദൈവഭക്തിയുള്ള പെരുമാറ്റം" ആണ്. അത് പൗലൊസ് അർത്ഥമാക്കിയ സ്വീകരിച്ച നീതിയല്ല (ഉദാഹരണമായി, റോമ. 4:3-5). നിഷേധമായി പറഞ്ഞാൽ, "നീതിയുടെ" അർത്ഥം, "ആത്മാവിനോട് പോരാടുന്ന ജഡികമോഹങ്ങളെ വിട്ടകലുകയാണ്" (2:11). "നീതി നിമിത്തം" കഷ്ടം സഹിക്കുകയാണെങ്കിൽ, അവർ **ഭാഗ്യവാന്മാരാണ്** എന്നത്രെ പത്രൊസ് തന്റെ വായനക്കാരോട് പറഞ്ഞത്. ഉപദ്രവിച്ചവർ ലജ്ജിതരാകും എന്നതാണ് അനുഗ്രഹം (3:16).

3:9-ൽ ഉള്ള "ഭാഗ്യവാന്മാർ" എന്ന വാക്കിന്റെ പുറകിൽനിൽക്കുന്ന ഗ്രീക്ക് വാക്കാണ് *മകാറിയോസ്*. അവിടെ ആ വാക്ക് അനുഗ്രഹത്തെ കുറിച്ച് പറഞ്ഞിരിക്കുകയാണ്; വിശ്വാസി കണ്ടെത്തുന്ന അനുഗ്രഹത്തെയാണ് ഇവിടെ വിവരിക്കുന്നത്. അത് മനോഗുണങ്ങളിലെ എട്ടാമത്തെ ഗുണമാണ്, "നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവർക്കുള്ളത്" (മത്താ. 5:10). വിശ്വാസികളുടെ അനുഗ്രഹങ്ങളിൽ എന്തെല്ലാം ഉൾപ്പെട്ടിരിക്കുന്നു? (1) മനുഷ്യരെ വീണ്ടെടുക്കുമ്പോൾ, കർത്താവിന്റെ കഷ്ടതയിൽ പങ്ക് ചേരുന്നതിനാൽ ലഭിക്കുന്ന അനുഗ്രഹമാണ് (4:13). പൗലൊസിന്റെ ശ്രദ്ധേയമായ വാക്കുകൾ ഇങ്ങനെ പറയുന്നു, "ഇപ്പോൾ ഞാൻ എന്റെ കഷ്ടങ്ങളിൽ സന്തോഷിച്ചു; ... ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് സഭയായ അവന്റെ ശരീരത്തിനു വേണ്ടി പൂരിപ്പിക്കുന്നു" (കൊലൊ. 1:24). (2) തന്നിൽ ആശ്രയിച്ച് അനുസരിക്കുന്നവർക്ക് ദൈവം നൽകുന്ന അനുഗ്രഹമാണ് അത് (1:22, 23). (3) "നിങ്ങളുടെ വിശ്വാസത്തിന്റെ ഫലമാണ് ആത്മാക്കളുടെ രക്ഷ" എന്ന വാഗ്ദാനത്തിന്മേലുള്ള പ്രത്യാശയുടെ അനുഗ്രഹമാണ് അത് (1:9).

അവസാന പ്രയോഗമായ, **അവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടുകയുമരുത്** എന്നത് പ്രയാസമുള്ളതാണ്. കൂടുതൽ അക്ഷരികമായി ഗ്രീക്കിൽ നിന്ന് തർജ്ജിമ ചെയ്തിരിക്കുന്നത് നാം വായിക്കുന്നു, "അവരുടെ ഭയത്തെ ഭയപ്പെടരുത്."എൻആർഎസ്വിയിലും, എൻഐവിയിലും "അവർ ഭയപ്പെടുന്നതിനെ ഭയപ്പെടരുത്" എന്നാണ്, അത് എൻഏഎസ്ബിയിലെ ആശയത്തിൽ നിന്ന് വ്യത്യസ്തമാണ്. യെശയ്യാവ് 8:12 ലെ അവസാന വാക്കുകളായിരിക്കാം പത്രൊസ് എടുത്തത്. യിസ്രായേൽ ദേശത്തിനു ചുറ്റുമുള്ള ദേശക്കാർ ഭയപ്പെടുന്നതിനെ അവർ ഭയപ്പെടരുത് എന്നായിരുന്നു യെശയ്യാ പ്രവാചകൻ ആഗ്രഹിച്ചത്. ആകയാൽ അത് എൻആർഎസ്വിയുടേയും എൻഐവിയുടേയും തർജ്ജിമ പിന്തുണക്കുന്നതാണ്. എങ്ങനെയായാലും, പൗലൊസിന്റെ ചിന്താധാര നോക്കുമ്പോൾ, അന്യദേവന്മാരെ വണങ്ങി അന്ധവിശ്വാസങ്ങളെ ഭയപ്പെട്ടിരുന്നവരുടെ അത്തരം ഭയത്തിന് യാതൊരു സാഹചര്യവുമില്ലായിരുന്നു. തുല്യമായി മറ്റൊരു വിധത്തിലും അക്ഷരികമായി അത് തർജ്ജിമ

ചെയ്തിരിക്കുന്നു, "അവരുടെ ഭയത്തെ ഭയക്കാതിരിക്കുക" എന്നത് മറ്റൊരു വിധത്തിൽ പറഞ്ഞാൽ, "അവരെ ഭയപ്പെടേണ്ട" എന്നാണ്. ആ വ്യാഖ്യാനം എൻഏഎസ്ബിയുടെ പുറകിൽ നിൽക്കുന്നതാണ്. എൻഏഎസ്ബിയുടെ തർജ്ജിമയോട് യോജിക്കുന്നതാണ് സന്ദർഭം. ഭീഷണി നേരിടുമ്പോൾ സമാധാനവും ഉറപ്പും നൽകി **ഭ്രമിക്കേണ്ട** ആവശ്യമില്ല എന്നതാണ് ക്രിസ്ത്യാനികൾക്കുള്ള അനുഗ്രഹം.

**വാക്യം 15.** ക്രിസ്ത്യാനി ആയി തീരുന്നതിനു മുൻപ് ഒരാൾ "ബൈബിൾ എന്തു പറയുന്നു?" എന്നു ചോദിക്കുന്നതിനു മുൻപ് "ക്രിസ്തു എന്തു പഠിപ്പിക്കുന്നു?" എന്നതായിരിക്കണം ചോദിക്കേണ്ടത്. "യേശു എന്തു പഠിപ്പിക്കുന്നു?" എന്നു ചോദിക്കുന്നതിനു മുൻപ് ചോദിക്കേണ്ടത്, "യേശു ആരായിരുന്നു?" എന്നു ചോദിക്കണം. യേശു ആരായിരുന്നു എന്നു ചോദിക്കുന്നതിനു മുൻപ് അയാൾ "യേശു ആരാകുന്നു?" എന്നു ചോദിക്കണം. **യേശുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ വിശുദ്ധീകരിപ്പിൻ** എന്നു പത്രൊസ് പറഞ്ഞപ്പോൾ, അവൻ ആ ചോദ്യം ചോദിക്കുകയും ഉത്തരം കണ്ടെത്തുകയും ചെയ്തിരുന്നു. നസറേത്തുകാരനായ യേശുവിലുള്ള വിശ്വാസത്തിൽനിന്നാണ് ക്രിസ്തീയ വിശ്വാസം പണിതുയർത്തുന്നത്. പത്രൊസിന്, നസറേത്തുകാരനായ യേശുവും കർത്താവായ ക്രിസ്തുവും ഒന്നു തന്നെയായിരുന്നു. അവൻ ചരിത്രപരമായി ഗുരുവും പൊന്തിയൊസ് പിലാത്തൊസ് ക്രൂശിച്ചവനും, എന്നാൽ ഉയർത്തെഴുന്നേറ്റ് പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നു വാഴുന്ന കർത്താവുമാണ്. അബ്രഹാമിൽനിന്നു വ്യത്യസ്തമായി (റോമ. 4:1-5), അവൻ വിശ്വസിക്കേണ്ടവനായി തീർന്നു; അവൻ ക്രിസ്തുവാണ്, കർത്താവാണ്, ദൈവമാണ്. അവനെ, "ക്രിസ്തുവിനെ കർത്താവായി വിശുദ്ധീകരിക്കുക" എന്നു പറഞ്ഞാൽ അവനെ വിശുദ്ധമായി ഉള്ളിലാക്കുക എന്നർത്ഥം; അതായത് അവനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുക. പത്രൊസിന്റെ മനസിൽ അപ്പോഴും ദൈവഭക്തിയുള്ള പെരുമാറ്റമായിരുന്നു ഉണ്ടായിരുന്നത്. "നീതി നിമിത്തമാണ്" മറ്റുള്ളവരിൽനിന്നു കഷ്ടത ഏൽക്കേണ്ടി വരുന്നതെങ്കിലും, അവരുടെ ഭീഷണിയിൽ ഭയപ്പെടരുത്; പകരം, അപ്പോൾ "ക്രിസ്തുവിനെ കർത്താവായി" പുനർസമർപ്പണം ചെയ്യുകയാണ് വേണ്ടത്.

കഷ്ടതയോടുള്ള പ്രതികരണം വരുന്നത് രണ്ട് ലെവലിലാണ്. കഷ്ടപ്പെടുന്നയാൾ ക്രിസ്തുവിനോട് എന്തു പ്രതികരണമാണ് പ്രകടിപ്പിക്കേണ്ടത് എന്നാണ് ആദ്യം ചിന്തിക്കേണ്ടത്. കഷ്ടപ്പെടുമ്പോൾ "ക്രിസ്തുവിനെ വിശുദ്ധീകരിക്കുകയാണ്" വേണ്ടത് എന്നു പത്രൊസ് പറയുന്നു. നീതിപൂർവ്വം പ്രശ്നപരിഹാരത്തിനു മനസ് പുതുക്കുമ്പോഴാണ് അത് സംഭവിക്കുന്നത്. രണ്ടാമത് കഷ്ടപ്പെടുന്നവർ ചിന്തിക്കേണ്ടത് തങ്ങളെ ഉപദ്രവിക്കുന്നവരോടുള്ള പ്രതികരണം എന്തായിരിക്കണം എന്നാണ്. നിഷേധമായി, അവർ "ദോഷത്തിന് പകരം ദോഷം ചെയ്യരുത്, ശകാരത്തിനു പകരം ശകാരിക്കയുമരുത്" (3:9), ഭയപ്പെടുകയുമരുത്; അതേസമയം ക്രിയാത്മകമായ പ്രതികരണവുമുണ്ട്. അവർ **എല്ലായ്പോഴും ചോദിക്കുന്നവരോട് പ്രതിവാദം പറയുവാൻ ഒരുങ്ങി** [ഇരിക്കണം]. ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികൾ പങ്കിടുന്ന കൂട്ടായ്മയും സന്തോഷവും ഉപദ്രവിച്ചർ കണ്ട്, അവരുടെ താൽപര്യം ഉണരും, അവർ ഇവരോട് ഇവർ സേവിക്കുന്ന കർത്താവിനെ കുറിച്ചും അവരുടെ പ്രത്യാശയെ കുറിച്ചും ചോദിക്കും.

ഒരു വിശ്വാസി തന്റെ **പ്രത്യാശയെ കുറിച്ച് ന്യായം ചോദിക്കുന്നവരോട്**

ഉത്തരം പറയുവാൻ എപ്പോഴും തയ്യാറായിരിക്കണം, അതായത് തന്റെ വിശ്വാസത്തെ കുറിച്ചും, എന്തുകൊണ്ടാണ് അങ്ങനെ വിശ്വസിക്കുന്നത്, താൻ ചെയ്യുന്നതെല്ലാം അങ്ങനെ ചെയ്യുവാനുള്ള കാരണം എന്നിവ വിശദമാക്കി കൊടുക്കണം. "പ്രതിവാദം" നടത്തുന്നത് കോടതി നിയമപ്രകാരമല്ല, മറിച്ച്, "തന്നോട് ചോദിക്കുന്ന എല്ലാവരോടുമാണ്." പത്രൊസ് ഉപയോഗിച്ച "പ്രതിവാദം" (*അപോളോജിയ*) എന്ന അതേ അനൗപ-ചാരികമായ അർത്ഥത്തിൽ പൗലൊസും ഉപയോഗിച്ചിട്ടുണ്ട്, ഉദാഹരണമായി, "എന്നെ വിധിക്കുന്നവരോട് ഞാൻ പറയുന്ന പ്രതിവാദം ഇതാകുന്നു" (1 കൊ. 9:3). കോടതി നിയമങ്ങളെ കുറിച്ചാണ് ആ വാക്ക് പറയുന്നതെങ്കിലും, "പ്രതിവാദം" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് വിശദീകരണം എന്ന അർത്ഥത്തിലാണ്. "കണക്ക് കൊടുക്കുക" എന്നത് തർജ്ജിമ ചെയ്തിരിക്കുന്നത് ഗ്രീക്കിലെ ഒറ്റ വാക്ക് *ലോഗോസ്* ആണ്, അതിൽ അന്തർലീനമാക്കിയിരിക്കുന്നത് വിവേകമാണ്. നമ്മുടെ "പ്രത്യാശ" യെ കുറിച്ച് നാം ബുദ്ധിപരമായി വിശദീകരിക്കുമ്പോൾ ചിലർക്ക് ബോധ്യമാകയും മറ്റുള്ളവർ നിശബ്ദരാകയും ചെയ്യും. ക്രിസ്ത്യാനി കുടിക്കുവാൻ വാഞ്ഛിക്കേണ്ട മായമില്ലാത്ത പാൽ യുക്തവും വിവേകവുമുള്ളതായിരിക്കണം (2:2).

ക്രിസ്ത്യാനി പ്രതിവാദം പറയുവാൻ മാത്രമല്ല അപ്പൊസ്തലൻ പറഞ്ഞത്, അവരെ കുറ്റപ്പെടുത്തുകയോ, ഉപദ്രവിക്കപ്പെടുകയോ ചെയ്യുമ്പോൾ, **സൗമ്യതയോടും സാവധാനതയോടുംകൂടെയാണ്** പ്രതികരിക്കേണ്ടത്. "ഭയഭക്തി" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് *ഫോബോസ്* ആണ്, അത് പലപ്പോഴും തർജ്ജിമ ചെയ്തിരിക്കുന്നത് "ഭയം" എന്നാണ്. എൻഐവിയിൽ "സൗമ്യതയും ബഹുമാനവും" എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. അതുപോലെ പൗലൊസ് "സ്നേഹത്തിൽ സത്യം സംസാരിപ്പിൻ" എന്നാണ് അപേക്ഷിച്ചത് (എഫെ. 4:15). വിശ്വാസികൾ "ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കരുതെന്ന" ഉദ്ദേശമായിരുന്നു പൗലൊസിനുണ്ടായിരുന്നത് (എഫെ. 4:14). വിശ്വാസികൾ അവിശ്വാസികളെ സമീപിക്കുമ്പോൾ, അവരോടുള്ള ആദരവോടും ദൈവത്തോടുള്ള ബഹുമാനത്തോടും സംബോധന ചെയ്യണം എന്നാണ് പത്രൊസ് പറഞ്ഞത്. വിവാദ കാഴ്ച്ചപ്പാടുള്ളവരോട് നിയന്ത്രണവും, മര്യാദയും, സൗ-മനസും ഉള്ളവരായി വേണം സമീപിക്കുവാൻ എന്നാണ് രണ്ട് പേരും പറഞ്ഞത്. പ്രതിവാദം നടത്തുമ്പോൾ സത്യം സംസാരിച്ചാൽ മാത്രം പോരാ. പലപ്പോഴും സംസാരിക്കുന്ന രീതിയും പ്രാധാന്യമുള്ളതാണ്.

**വാക്യം 16**. എൻഏഎസ്ബിയിലെ "സൗമ്യതയോടും ആദരവോടും" എന്നതിന് ഉപയോഗിച്ച വിരാമ ചിഹ്നം ക്രിയാവിശേഷണത്തെ മോടിപിടിപ്പിച്ച് "പ്രതിരോധം നടത്തുക" എന്നാക്കിയിരിക്കുന്നു, അതായത്, ഒരാൾ തന്റെ വിശ്വാസം വിശദമാക്കി കൊടുക്കേണ്ടത് സൗമ്യതയോടും ബഹുമാനത്തോടുംകൂടെ ആയിരിക്കണം. എൻഏഎസ്ബി, എൻആർഎസ്വി, എൻഐവി, ആർഈബി എന്നിവയും മറ്റു തർജ്ജിമകളും അങ്ങനെതന്നെയാണ് ചെയ്തിരിക്കുന്നത്. എങ്ങനെയായാലും, ആ പ്രയോഗ ഘടന വ്യത്യസ്തമായിരിക്കാം, ഒരുപക്ഷെ "പ്രത്യാശയെ" കുറിച്ച് "പ്രതിരോധം" നടത്തുമ്പോൾ ക്രിസ്തുവിനോടുള്ള ബഹുമാനവും ആദരവും പ്രകടിപ്പിച്ചുകൊണ്ടായിരിക്കണം എന്ന് പത്രൊസ് തന്റെ വായനക്കാരോട് വിശദീകരിച്ചതാകാം. അങ്ങനെ ആയിരിക്കാൻ സാധ്യതയുണ്ട്, പക്ഷെ അപ്പൊസ്തലൻ പറയുന്ന വിഷയം, തന്റെ വായനക്കാർ

ഉപദ്രവിക്കപ്പെടുമ്പോൾ അവരെ ദൈവഭക്തിയോടുകൂടെ അഭിമുഖീകരിക്കണം എന്നതാണ്. അതായത്, "ദോഷത്തിനു പകരം ദോഷം ചെയ്യാതെ" അനുഗ്ര ഹിക്കുന്നവരാകണം (3:9). ശകാരത്തിനു പകരം അനുഗ്രഹം പകരുവാൻ പത്രൊസ് നിർദ്ദേശിച്ചപ്പോൾ, തങ്ങളുടെ "പ്രത്യാശ" എന്താണെന്ന് തങ്ങളെ ഉപദ്രവിക്കുന്നവരോടു പെരുമാറുന്ന രീതി വെളിപ്പെടുത്തുന്നു എന്നാണ് പത്രൊസ് തന്റെ വായനക്കാരോട് വിശദമാക്കിയത്.

മൂന്നു പ്രാവശ്യം പത്രൊസ് **മനസാക്ഷി** (*സുനെയിഡെസിസ്*) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു (2:19, 3:16, 21). പൗലൊസിന്റെ ലേഖനങ്ങളിൽ പൊതുവായ വാക്കായിരുന്നു അത്.[12] വ്യക്തിത്വത്തിന് അമിത പ്രാധാന്യം കൊടുക്കുന്ന പാശ്ചാത്യ സംസ്ക്കാരത്തിൽ "മനസാക്ഷിയെ" വ്യക്തിപരമായ വാക്കുകളാലാണ് മനസിലാക്കിയിരിക്കുന്നത്. ഒരാളുടെ പ്രവൃത്തിയെ കുറ്റ പ്പെടുത്തുകയോ അംഗീകരിക്കുകയോ ചെയ്യുന്ന ഉള്ളിലെ ശബ്ദമാണ് അത്. പാശ്ചാത്യ സംസ്ക്കാരത്തോടു യോജിക്കുന്നതായിരുന്നു "മനസാക്ഷി" എന്ന് പറയുന്നത് വ്യക്തിപരമായ അറിവാണ്. മറ്റുള്ളവരോടുള്ള വ്യക്തിപരമായ ബന്ധമായിട്ടായിരുന്നു പണ്ടത്തെ ആളുകൾ മനസിലാക്കിയിരുന്നത് എന്ന താണ് വ്യത്യാസം. ദൈവവും ചുറ്റുപാടുള്ളവരും പ്രതീക്ഷയനുസരിച്ച് അനു കൂലമായി അഭിപ്രായപ്പെടുന്നതായിട്ടാണ് **നല്ല** "മനസാക്ഷി" ഉള്ളവരാകുക എന്നു പറഞ്ഞാൽ. "മനസാക്ഷി" യുടെ ധാർമ്മികത അറിയുന്നതിൽനിന്നാണ് *എക്സ് നിഹിലോ* ("ഒന്നുമില്ലായ്മയിൽ നിന്ന്") എന്ന ആശയം വരുന്നത്, അത് പത്രൊസിന് അന്യമായിരുന്നു. "നല്ല മനസാക്ഷി" അവരുടെ ലജ്ജക്ക് കാരണമാകുമ്പോൾ, വിശ്വാസികൾ തങ്ങളെ കുറ്റപ്പെടുത്തുന്നവരെ ലജ്ജി പ്പിക്കുവാനല്ല "നല്ല മനസാക്ഷി" എന്നതാണ് പത്രൊസ് ഊന്നി പറയുന്നത്.[13]

"പ്രതിവാദം" നടത്തുവാൻ വിശ്വാസിയെ ധൈര്യപ്പെടുത്തുന്നതാണ് അവന്റെ നല്ല "മനസാക്ഷി." ദുരാരോപണം ഉന്നയിക്കുന്നത് അപഖ്യാതി വരു ത്തുന്നതിനപ്പുറമുള്ളതല്ല. 1 പത്രൊസ് 2:12 മായി നോക്കിയാൽ വാക്കുകളുടെ പല സമാനതകൾ കാണാം. ക്രിസ്ത്യാനികൾക്കെതിരെ ജാതികൾ അപഖ്യാതി വരുത്തുന്നത് എന്തെന്ന് അപ്പൊസ്തലൻ പ്രത്യേകമായി പറയുന്നില്ല, പക്ഷെ അത് ഊഹിക്കുവാൻ പ്രയാസം ഇല്ല. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ, ക്രിസ്തു വിന്റെ മാംസവും രക്തവുമായി ബന്ധപ്പെട്ടു ക്രിസ്ത്യാനികൾ കർത്തൃമേശ എടുക്കുന്നതിനെ സംബന്ധിച്ച് നരഭോജികൾ എന്ന ആരോപണം ആണ് ഉന്നയിച്ചത്. സഭായോഗത്തിനായി കൂടി വരുന്നത് ലൈംഗിക മദിരോൽസ വത്തിനാണെന്ന ദുരാരോപണവും ക്രിസ്ത്യാനികൾക്കെതിരായി ആരോപി ച്ചിരുന്നു. മറ്റു ദേവന്മാരെ അവർ നമസ്ക്കരിക്കാതിരുന്നതിനാൽ അവരെ നിരീശ്വരന്മാർ എന്നും വിളിച്ചിരുന്നു. അന്യദേവന്മാരെ നമസ്ക്കരിക്കുന്നവർ പരസ്യമായി അനുഷ്ഠിച്ചിരുന്ന യാഗങ്ങളിലും നേർച്ചകളിലും അവർ പങ്കെ ടുക്കാതിരുന്നതിനാൽ ക്രിസ്ത്യാനികളെ മനുഷ്യരെ വെറുക്കുന്നവരായും കണക്കാക്കിയിരുന്നു. തന്റെ വായനക്കാർ നേരിടുന്നതായി പത്രൊസ് പറഞ്ഞ അപവാദവും, പരിഹാസവും വാക്കുകളാലായിരുന്നു, അതായത്, ആ സമയ ത്ത്, അവരെ തടവിലാക്കുകയോ കൊല്ലുകയോ ചെയ്തിരുന്നില്ല.

ക്രിസ്ത്യാനികൾ തങ്ങളുടെ "നല്ല നടപ്പിലായിരുന്നാൽ" അപവാദങ്ങൾക്ക് യാതൊരു വിശ്വാസ്യതയുമുണ്ടാകയില്ല. അവർക്ക് "നല്ല മനസാക്ഷി" ഉണ്ടായി രുന്നതിന്റെ ഫലമായി **ക്രിസ്തുവിലുള്ള നിങ്ങളുടെ നല്ല നടപ്പിനെ ദുഷിച്ചു പറയുന്നവർ ലജ്ജിതരായി തീരും.** ആധുനിക പാശ്ചാത്യ സമൂഹത്തേക്കാൾ

പുരാതന ഗ്രീക്ക്-റോമാ സമൂഹങ്ങളിൽ "മനസാക്ഷി" പോലെ "ലജ്ജ" യും പ്രശ്നമായിരുന്നു. സ്വയം-കുറ്റപ്പെടുത്തലും പശ്ചാത്താപവും ഉണ്ടാകുന്ന ആന്തരിക ഗുണമല്ല "ലജ്ജ." മറിച്ച് ഒരാൾ ചുറ്റുള്ളവർക്കിടയിൽ നിന്ദ്യമായത് ചെയ്തതിന്റെ ഫലമായുളവാകുന്ന വികാരമാണ് അത്. "ലജ്ജയിൽ" നിന്ന് മുക്തമാകുന്ന അവസ്ഥയാണ് "നല്ല മനസാക്ഷി." അങ്ങനെ ഉള്ള അവസ്ഥയിൽ തന്റെ സഹ പൗരന്മാരോട് ക്ഷമായാചനത്തിന് അവസരമില്ല. അ-വിശ്വാസികൾ ക്രിസ്ത്യാനികളിൽ "ക്രിസ്തീയ പെരുമാറ്റം" കാണുന്തോറും, അവരെ അവരുടെ ആനുകാലികർ ആയിട്ടുള്ളവർ ലജ്ജാകരമായി നിരീക്ഷിക്കുന്നതായി അവർക്ക് ബോധ്യപ്പെടും. അങ്ങനെയാണ് വിശ്വാസികൾ അവരുടെ ശത്രുക്കളെ മിണ്ടാതാക്കേണ്ടത്. അപകീർത്തിപ്പെടുത്തുന്നവരെ പരിഹസിച്ചാൽ യേശു വിട്ടിട്ടുപോയ നല്ലപേർ നമ്മിൽ വിളിച്ചിരിക്കുന്നത് നാം നഷ്ടപ്പെടുത്തുകയായിരിക്കും (2:23).

**വാക്യം 17.** നീതിയുള്ള പെരുമാറ്റം പിന്നിൽ വിട്ടു കളയുവാനല്ല പത്രൊസ് പറഞ്ഞത്, തന്റെ വായനക്കാർ ലജ്ജിക്കപ്പെടാത്ത നടപ്പായിരിക്കണം സ്വീകരിക്കുവാൻ എന്നാണ് അവൻ ആഗ്രഹിച്ചത്. ഒരു പുതിയ മതത്തെ കുറിച്ച് നിഷ്പ്പക്ഷ പ്രസ്താവന നടത്തുക പെട്ടെന്ന് എളുപ്പമല്ല, സമൂഹത്തിൽ എന്തെങ്കിലും അനിഷ്ടസംഭവമുണ്ടായാൽ മറ്റുള്ളവരെല്ലാം പുതിയ മതത്തിലുള്ളവരെ പഴിക്കുവാനിടയാകും. ക്രിസ്ത്യാനികൾ അതിൽ നിന്നു വ്യത്യസ്തരായില്ല. വാസ്തവത്തിൽ മോശമായി പെരുമാറിയാൽ മാത്രമെ അവിശ്വാസികൾ ഉപദ്രവിക്കയുള്ളു എന്നല്ല പത്രൊസ് പറഞ്ഞത്. **ദൈവഹിതമാണെങ്കിൽ**, കഷ്ടത വരാം, പക്ഷെ, അപവാദത്തിൽ സത്യത്തിന്റെ കണിക ഉണ്ടെന്നല്ല പറഞ്ഞത്. നന്നായി പറഞ്ഞിരിക്കുന്നത്, "ഉപദ്രവിക്കുന്നവർ അവരുടെ ഉപദ്രവത്താൽ ഉപദ്രവിക്കപ്പെടുന്നവരുടെ നല്ല നടപ്പ് ഇല്ലാതാക്കുവാൻ കഴിയുകയില്ല."[14], നിങ്ങളുടെ നല്ല മനസാക്ഷി പറയുന്നത് ഇങ്ങനെയാണ്, **നിങ്ങൾ തിന്മ ചെയ്തിട്ടല്ല നന്മ ചെയ്തിട്ടത്രെ കഷ്ടം സഹിക്കേണ്ടത്** എന്നാണ്.

വിശ്വാസികളോട് "തിന്മ ചെയ്തിട്ടല്ല നന്മ ചെയ്തിട്ട് വേണം കഷ്ടം സഹിക്കുവാൻ" എന്നു പറഞ്ഞിരിക്കുന്നതിൽ ചുരുങ്ങിയത്, സാധ്യതയുള്ള രണ്ട് അർത്ഥമുണ്ട്. വാസ്തവത്തിലുള്ള ഉപദ്രവം നടന്നാൽ പോലും, ക്രിസ്ത്യാനികൾ അതിനോട് പ്രതികരിച്ചാൽ, അത് അവിശ്വാസികൾക്ക് കൂടുതൽ ഉപദ്രവിക്കുവാൻ പ്രചോദനമാകും (2:20; 3:9 നോക്കുക). ദോഷത്തിനു പകരം ദോഷം ചെയ്യുന്നത് തെറ്റു വർദ്ധിപ്പിക്കുകയാണ്. അങ്ങനെയാകുമ്പോൾ, പ്രതികരിക്കാതെ തെറ്റുകൾ സഹിക്കുന്നതാണ് നല്ലത്. അപ്പൊസ്തലൻ മറ്റൊരു വാക്കിൽ അതേ പ്രകടനം നടത്തിയിരിക്കുകയാണ് 2:12-ൽ: "അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പ് നന്നായിരിക്കേണം."

പത്രൊസ് പറഞ്ഞതിന്റെ മറ്റൊരു സാധ്യത എന്തെന്നാൽ, ഈ ലോകത്തിൽ തെറ്റു ചെയ്തിട്ട് വരുവാനുള്ള ലോകത്തിൽ കഷ്ടത അനുഭവിക്കുന്നതിനേക്കാൾ നന്മ ചെയ്തിട്ട് ഈ ലോകത്തിൽ കഷ്ട അനുഭവിച്ചിട്ട് വരുവാനുള്ള ലോകത്തിൽ സുഖം അനുഭവിക്കുന്നതാണ് ഉത്തമം. രണ്ടാമത്തെ വ്യാഖ്യാനമാണ് കൂടുതൽ ആകർഷണിയം കാരണം ഈ ലേഖനം എഴുതിയപ്പോൾ, പത്രൊസിന്റെ മനസിൽ കർത്താവിന്റെ മടങ്ങി വരവ് അകലെ ആയിരുന്നില്ല.[15] രണ്ടിൽനിന്നു ഒന്നു തിരഞ്ഞെടുക്കുക വിഷമമാണ്, എന്നാൽ ആദ്യത്തേതിനാണ് കൂടുതൽ സാധ്യത. അപ്പൊസ്തലൻ തന്റെ വായനക്കാർക്ക് ജാതികളുടെ മുമ്പിൽ നല്ല ഒരു മാതൃകയും ജീവിതവഴിയുമാണ് അവതരിപ്പിച്ചത്.

മനുഷ്യരുടെ പുകഴ്ച്ചക്കായി മതപരമായ പ്രദർനം നടത്തുന്നതും (മത്താ. 6:1 നോക്കുക), നിയമപരമായ കാഴ്ച്ചപ്പാടോടെ നീതിപൂർവ്വമായ പെരുമാറ്റം മറ്റുള്ളവർക്ക് കാഴ്ച്ചവെക്കുന്നതും തമ്മിലുള്ള വ്യത്യാസം മനസിലാക്കി വേണം ഒരു ക്രിസ്ത്യാനി ജീവിക്കുവാൻ. ഒരു വിശ്വാസി തന്റെ ബഹുമതിയെ കുറിച്ച് വിചാരപ്പെടുന്നത് സ്വാഭാവികമാണ്. ഒരു യെഹൂദ ജ്ഞാനി ഇപ്രകാരം പറഞ്ഞിരിക്കുന്നു, "നിങ്ങളുടെ പേരിനായി ചിന്തിക്കുക; അത് ആയിരം വർഷം പൂഴ്ത്തി വെച്ച നിധിയേക്കാൾ കൂടുതൽ കാലം നിങ്ങളെ ജീവിപ്പിക്കും."[16]

## നമ്മുടെ പാപങ്ങൾക്കായുള്ള ക്രിസ്തുവിന്റെ മരണം (3:18-22)

**18ക്രിസ്തുവും നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിന്ന് നീതിമാനാ
യി നീതി കെട്ടവർക്ക് വേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭ
വിച്ചു. ജഡത്തിൽ മരണശിക്ഷ ഏൽക്കയും ആത്മാവിൽ ജീവിപ്പിക്കപ്പെടു
കയും ചെയ്തു. 19ആത്മാവിൽ അവൻ ചെന്നു, പണ്ട് നോഹയുടെ കാലത്ത്
പെട്ടകം ഒരുക്കുന്ന സമയം ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുമ്പോൾ
അനുസരിക്കാത്തവരായി തടവിലുള്ള ആത്മാക്കളോട് പ്രസംഗിച്ചു. 20ആ
പെട്ടകത്തിൽ അൽപജനം എന്നു വെച്ചാൽ എട്ടുപേർ, വെള്ളത്തിൽ കൂടി
രക്ഷ പ്രാപിച്ചു. 21അത് സ്നാനത്തിന് ഒരു മുൻകുറി. സ്നാനമോ ഇപ്പോൾ
ജഡത്തിന്റെ അഴുക്ക് കളയുന്നതായിട്ടല്ല, ദൈവത്തോട് നല്ല മനസാക്ഷി
ക്കായുള്ള അപേക്ഷയായിട്ടത്രെ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ
നമ്മെയും രക്ഷിക്കുന്നു. അവൻ സ്വർഗത്തിലേക്ക് പോയി ദൈവത്തിന്റെ
വലത്തുഭാഗത്ത് ഇരിക്കുന്നു. 22ദൂതന്മാരും അധികാരങ്ങളും ശക്തികളും
അവന്നു കീഴ്പ്പെട്ടിരിക്കുന്നു.**

അനീതിയുള്ള മനുഷ്യരുടെ പാപങ്ങൾക്കായി നീതിമാനായ യേശു മരിച്ച് എന്ന നേരിട്ടുള്ള ഒരു പ്രസ്താവനയോടുകൂടി പുതിയനിയമത്തിലെ ഏറ്റവും ബുദ്ധിമുട്ടുള്ള ഒരു ഭാഗം പത്രൊസ് നമുക്ക് പരിചയപ്പെടുത്തുകയാണ്. എങ്ങനെയായാലും, നമുക്ക് മനസിലാക്കി തരുവാൻ ആഗ്രഹിക്കുന്ന മൊത്തത്തിലുള്ള വാക്കുകളിലെ പോയിന്റുകൾ വ്യക്തമാണ്. വിശ്വാസികൾ സ്നാനം ഏൽക്കുമ്പോൾ അവർ പാപങ്ങളിൽനിന്നു രക്ഷിക്കപ്പെടുന്നു. രക്ഷിക്കപ്പെടുന്നതുകൊണ്ട്, അവർ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നവന്റെ അനുഗ്രഹങ്ങളെ പങ്കിടുന്നു. ക്രൂശിൽ മരിച്ച അതേ ക്രിസ്തു ഇപ്പോൾ സ്വർഗത്തെയും ഭൂമിയെയും വാഴുന്നു. അക്കാരണത്താൽ, താൽക്കാലികമായി കഷ്ടമനുഭവിക്കുന്ന ക്രിസ്ത്യാനികൾക്ക് സന്തോഷിക്കുവാൻ കഴിയും.

**വാക്യം 18. ക്രിസ്തുവിന്റെ** കഷ്ടതയെ കുറിച്ച് ചിന്തിക്കാതെ പത്രൊസിന്നു മറ്റു കഷ്ടതകളെ കുറിച്ച് ചിന്തിക്കുവാൻ കഴിയുകയില്ല. **അവൻ പാപികൾക്ക് വേണ്ടി മരിച്ചു** എന്നു ചിന്തിക്കാതെ അവന്നു ക്രിസ്തുവിന്റെ കഷ്ടതകളെ കുറിച്ച് ഓർക്കുവാനും സാധ്യമായിരുന്നില്ല. 2:19, 20 ലെ ദാസന്മാരുടെ കഷ്ടതയും അതേ ചിന്താ ധാരയിലുടെ കടന്നു പോയത്. യേശുവിന്റെ ജീവിതത്തിലുടനീളം കഷ്ടത നിറഞ്ഞു നിന്നിരുന്നു എങ്കിലും, മനുഷ്യരുടെ പാപങ്ങൾക്ക് വേണ്ടി അവൻ കഷ്ടത അനുഭവിച്ചതായിരുന്നു പത്രൊസിന്റെ മനസിൽ നിറഞ്ഞു നിന്നിരുന്നത്. നീതിമാനായ യേശു നീതി കെട്ടവർക്ക്

വേണ്ടി മരിച്ചു എന്നത് പുതിയ നിയമത്തിൽ ആഴമായി പ്രതിപാദിച്ചിരിക്കുന്നു. പൗലൊസ് അത് ശക്തമായി പ്രകടിപ്പിച്ചിരിക്കുന്നു: "പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്ന്, അവൻ നമുക്കു വേണ്ടി പാപം ആക്കി" (2 കൊ. 5:21).

2:21-25 ൽ, പത്രൊസ് യേശുക്രിസ്തുവിന്റെ മാതൃക എടുത്തു കാണിച്ചു, എന്നാൽ ഈ വാക്യത്തിൽ അവന്റെ മാതൃക കുറച്ചു മാത്രമെ പറയുന്നുള്ളു. **അനീതിയുള്ളവർക്കായി നീതിമാനായി ഒരിക്കൽ** മരിച്ച യേശുവിന്റെ മാതൃക അവന്റെ പിൻഗാമികൾ പിൻപറ്റേണ്ട ആവശ്യമില്ല. യേശുവിന്റെ ശിഷ്യന്മാർ എന്തെല്ലാം കഷ്ടത സഹിക്കേണ്ടി വന്നാലും, യേശു പാപങ്ങൾ വഹിച്ചതുപോലെ അവർ പാപങ്ങൾ വഹിക്കേണ്ട ആവശ്യമില്ല (2:24), അല്ലെങ്കിൽ **അതുപോലെ ആത്മാവിൽ ജീവിപ്പിക്കപ്പെടേണ്ടതായിട്ടുമില്ല**. യേശു നമ്മെ **ദൈവത്തോട് അടുപ്പിക്കേണ്ടതിന്നു** മരിച്ചു എന്നു പഠിപ്പിക്കുന്നതിലധികം പത്രൊസ് യേശു അനുഭവിച്ച കഷ്ടതകളെ എടുത്തു കാണിക്കുകയായിരുന്നില്ല. യേശു ഒരിക്കലായി മരിച്ചു എന്നതായിരുന്നു എബ്രായ ലേഖനത്തിൽ അടിക്കടി പ്രതിപാദിക്കുന്ന വിഷയം (എബ്രാ. 7:27; 9:12, 26, 28; 10:10, 14).

ക്രിസ്തു പാപികൾക്ക് വേണ്ടി മരിച്ചതിൽ അവസാനവും പ്രത്യേകതയുമുണ്ട്. "ക്രിസ്തുവും പാപികൾക്ക് വേണ്ടി ഒരിക്കലായി മരിച്ചു" എന്നു പറഞ്ഞിരിക്കുന്നതിൽ ഇതാണ് അന്തർലീനമായിരിക്കുന്നത്. പാപികളെ ദൈവത്തോട് നിരപ്പിക്കുവാൻ, മനുഷ്യരുടെ പാപങ്ങൾക്കായി ഇനി വേറെ കഷ്ടതകളൊന്നും അനുഭവിക്കേണ്ട ആവശ്യമില്ല. ക്രൂശ് മുഴുവനും മതിയായിരുന്നു.[17] അഹരോന്റെ പൗരോഹിത്യപ്രകാരം വർഷം തോറും യാഗം അർപ്പിച്ചിരുന്നതുപോലെ ക്രിസ്തു യാഗം കഴിക്കേണ്ട ആവശ്യമില്ല എന്നു എബ്രായലേഖകൻ വാദിക്കുന്നു; മറിച്ച് അവൻ "അനേകരുടെ പാപങ്ങൾക്കായി ഒരിക്കൽ അർപ്പിക്കപ്പെട്ടു" (എബ്രാ. 9:24-28). എബ്രായ പുസ്തകത്തിൽ യെശുവിനെ പുരോഹിതനും യാഗവുമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. 1 പത്രൊസിന്റെ ലേഖനത്തിൽ, അവൻ "അനീതിയുള്ളവർക്ക് നീതിമാനായി," സ്ഥിരവും നിഷ്ക്കളങ്കവുമായ വഴിപാടും യാഗവുമായി തീർന്നു.

പത്രൊസിന്റെ വായനക്കാരും, തുടർന്നുള്ള മറ്റു വായനക്കാരുമെല്ലാം "അനീതിയുള്ള" ഗണത്തിൽ പെടുന്നു. പത്രൊസും പൗലൊസും അത് ഉറപ്പിച്ചു പറയുന്നു: "എല്ലാവരും പാപം ചെയ്തു" (റോമ. 3:23). കുറ്റമില്ലാത്ത യേശുവിന്റെ യാഗമാണ് നമ്മെ "ദൈവത്തോടു അടുപ്പിക്കുന്നത്." ഇത് പത്രൊസ് 2:24, 25-ൽ പറയുന്നു, എന്നാൽ ഇവിടെ അപ്പൊസ്തലൻ കുറച്ചു കൂടെ പറയുന്നു. ക്രിസ്തു കഷ്ടം അനുഭവിക്കയും ക്രൂശിൽ മരിക്കയും ചെയ്തപ്പോൾ കഥ അവസാനിക്കുന്നില്ല. ക്രൂശ് പരാജയമായിരുന്നില്ല. തീർച്ചയായും, അവൻ **ജഡത്തിൽ മരിച്ചു** എങ്കിലും, ദൈവം ക്രൂശിനെ വിജയമാക്കി മാറ്റി. അവൻ "ആത്മാവിൽ ജീവിപ്പിക്കപ്പെട്ടു." രണ്ടാമത്തെ പ്രസ്താവന നാം പ്രതീക്ഷിച്ചതല്ല എങ്കിലും പത്രൊസ് പറയുന്നു, അവൻ "ജഡത്തിൽ മരിച്ചു എങ്കിലും," ജഡത്തിൽ ജീവിക്കുക തന്നെ ചെയ്തു. കർത്താവ് തോമാസിനെ വിളിച്ച്, അവന്റെ വിലാപ്പുറത്ത് കൈയിടുവാൻ പറഞ്ഞത് അതിന്റെ തെളിവാണ് (യോഹ. 20:25, 27). യേശു ജഡത്തിൽ ഉയർത്തെഴുന്നേറ്റതായി പത്രൊസ് പറയുന്നില്ല. അവന്റെ പോയിന്റ് വേറെയായിരുന്നു. അവനെ ക്രൂശിച്ചവരുടെ കയ്യാൽ യേശു "ജഡത്തിൽ മരിച്ചു," എന്നാൽ അവൻ "ആത്മാവിൽ ജീവിപ്പിക്കപ്പെട്ടു."

ആ വാക്കുകളോടുകൂടി പത്രൊസ് പുതിയ നിയമത്തിലെ ഏറ്റവും പ്രയാസമേറിയ വേദഭാഗത്തിലേക്കാണ് തിരിയുന്നത്, തീർച്ചയായും ഈ ലേഖനത്തിലെ ഏറ്റവുമധികം പ്രയാസമുള്ളതു തന്നെയാണ്. ക്രൂശിക്കപ്പെട്ടശേഷം, യേശു മരിച്ചവരുടെ ലോകത്തിലേക്ക് പോയി എന്നതുമായി ബന്ധപ്പെട്ട മറ്റു വേദഭാഗങ്ങളെ കുറിച്ച് 1930-ൽ, ജെ. ഏ. മെക്കുള പ്രാരംഭ സഭയുടെ ശഠിക്കുന്ന പാരമ്പര്യത്തെ എടുത്തു കാണിച്ചിരിക്കുന്നു.[18] പത്രൊസിന്റെ വാക്കുകൾക്ക് അസംഖ്യം വിശദീകരണങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ഉൾപ്പെട്ട പ്രശ്നം സങ്കീർണ്ണമാണ്. അവയെ വേർതിരിച്ചെടുക്കുക പ്രയാസമാണ്. “സ്പിരിറ്റ്” എന്ന ഇംഗ്ലീഷ് വാക്കിന്റെ എസ് എൻഏഎസ്ബി വലിയ അക്ഷരത്തിൽ കൊടുത്തിട്ടില്ല എന്നത് ശ്രദ്ധിക്കുക. പത്രൊസ് പറഞ്ഞത് പരിശുദ്ധാത്മാവിനെ ഉദ്ദേശിച്ചാണ് എന്ന വിശ്വാസത്തിലത്രെ എൻഐവി തർജ്ജിമ ചെയ്തിരിക്കുന്നത്. ഗ്രീക്കിൽ, രണ്ടു വിധത്തിലും “സ്പിരിറ്റ്” എന്ന വാക്കിന്റെ ആദ്യത്തെ അക്ഷരം വലിയ അക്ഷരത്തിലല്ല ഉപയോഗിച്ചിരിക്കുന്നത്. “ആത്മാവ്” എന്നു പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവാണോ അത് മറ്റു അർത്ഥത്തിലാണോ എന്ന് സന്ദർഭമാണ് വ്യക്തമാക്കുന്നത്. എൻഏഎസ്ബിയും എൻഐവിയും “ആത്മാവ്” ചെറിയ അക്ഷരത്തിലും “ആത്മാവ്” ആദ്യത്തെ അക്ഷരം വലിയ അക്ഷരത്തിലും വരുവാനുള്ള കാരണം അവർ വ്യാഖ്യാനിച്ചിരിക്കുന്നു.

**വാക്യം 19.** ഈ വാക്യം ഉടനെ ചില ചോദ്യങ്ങൾ ഉയർത്തുന്നു. ആ പ്രയോഗത്തിലെ **ഇൽ** എന്നതിന്റെ സർവ്വനാമം ബന്ധപ്പെടുത്തിയിരിക്കുന്നതിന്റെ അർത്ഥം വ്യക്തമല്ല. സർവ്വനാമത്തിന്റെ മുൻപ് വരുന്ന വാക്ക് “ആത്മാവ്” എന്നാണ്, അത് എൻഐവിയിൽ പരിശുദ്ധാത്മാവായിട്ടാണ് പറഞ്ഞിരിക്കുന്നത്. എൻഐവിയിൽ, “അതിൽനിന്നു” എന്ന് പറയാതെ “അവൻ മുഖാന്തരം” എന്നു പറയുവാനുള്ള കാരണം അതാണ്. എൻഐവി വായിക്കുന്ന ഒരാൾ **യേശു പോയി അറിയിച്ചത്** പരിശുദ്ധാത്മാവ് മുഖാന്തരമായിരുന്നു എന്നു മനസിലാക്കും, അതായത്, പരിശുദ്ധാത്മാവ് നൽകിയ ശക്തിയാലാണ് അവൻ പോയത് എന്നർത്ഥം. എൻഐവിയുടെ തർജ്ജിമ ന്യായീകരിക്കാമോ? ഗ്രീക്ക് പ്രിപൊസിഷൻ *എൻ* “ത്രൂ” എന്ന് ഇംഗ്ലീഷിൽ തർജ്ജിമ ചെയ്യുവാൻ സാധ്യതയുണ്ട്, മുൻ വാക്യത്തിലെ “ആത്മാവ്” എന്ന വാക്കാണ് സർവ്വനാമമായി ഗ്രീക്കിൽ വന്നിരിക്കുന്നത്. അങ്ങനെയെങ്കിൽ, “അവൻ മുഖാന്തരം” എന്നു തർജ്ജിമ ചെയ്തിരിക്കുന്നത് സ്വീകാര്യമാണ്. അതായിരുന്നോ പത്രൊസ് ആശയവിനിമയം നടത്തുവാൻ ശ്രമിച്ചത് എന്നതാണ് ചോദ്യം. ഇംഗ്ലീഷ് വായിക്കുന്നവർക്ക് വേണ്ടിയായിരിക്കാം എൻഐവി തർജ്ജിമ ചെയ്തത് എന്നു തോന്നുന്നു, എന്നാൽ ആ വാക്യം അങ്ങനെ ശരിയായി തർജ്ജിമ ചെയതതാണോ എന്നു ചോദ്യം ചെയ്തേക്കാം.

“വിച്ച്” എന്നത് അല്ലെങ്കിൽ “ഹും” എന്ന സർവ്വനാമം പരിശുദ്ധാത്മാവിനെ ആയിരിക്കാം പറയുന്നത്, എന്നാൽ അങ്ങനെ ആവണമെന്നില്ല. തർജ്ജിമകൾ, പ്രത്യേകിച്ച് അടുത്ത കാലത്തേത്, അത് പ്രതിഫലിപ്പിക്കുന്നില്ല, ഗ്രീക്ക് പ്രയോഗം “അതിൽ” (*എൻ ഹോയി*) 1 പത്രൊസിന്റെ ലേഖനത്തിൽ നാല് പ്രാവശ്യം കാണാം (1:6; 2:12; 3:16; 4:4). “ഇൻ വിച്ച്” അല്ലെങ്കിൽ “ഇൻ ദിസ്” എന്നാണ് എൻഏഎസ്ബി നിരന്തരമായി തർജ്ജിമ ചെയ്തിരിക്കുന്നത്. ഈ പ്രയോഗം മറ്റു സന്ദർഭങ്ങളിൽ, മുൻവാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതു നോക്കി വേണം മനസിലാക്കുവാൻ. പത്രൊസ് 1:6-ൽ പറഞ്ഞിരിക്കുന്നത് ഇതാണ്, “അതിൽ നിങ്ങൾ അതിയായി സന്തോഷിക്കുന്നു,” “ഇവിടെ” അതിയായി

സന്തോഷിക്കുന്നു എന്നു പറഞ്ഞത് 1:4, 5-ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ്, അല്ലാതെ പ്രത്യേകമായ ഒന്നിന്റേതല്ല. അതുപോലെ, നമുക്ക് മുമ്പിലുള്ള വാക്യത്തിലും, "ഇൻ വിച്ച്" എന്നു പറയുന്നത് "ആത്മാവിനെ" അല്ല പറയുന്നത്, മുൻ വാക്യങ്ങളിൽ വിവരിക്കുന്നത് ക്രിസ്തുവിനെയാണ്, അവൻ മരിച്ചു, വീണ്ടും ജീവിക്കുന്നു. യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നീ സംഭവങ്ങളുമായുള്ള ബന്ധത്തിൽ, "യേശു പോയി അറിയിച്ചു" എന്നായിരിക്കാം പത്രൊസ് അർത്ഥമാക്കിയത്. അപ്പോൾ, പിന്നെ, തിരഞ്ഞെടുക്കാവുന്നത് ഇവയാണ്: (1) പരിശുദ്ധാത്മാവ് എന്ന ഏജന്റിനാൽ യേശു പോയി എന്നായിരിക്കാം പത്രൊസ് അർത്ഥമാക്കിയത്, (2) ആത്മിയമായ രീതിയിൽ, അവൻ പോയി, (3) യേശുവിന്റെ മരണത്തിനും ഉയർപ്പിനും ഇടക്ക് അവൻ പോയി,. ഒന്നും രണ്ടും തിരഞ്ഞെടുപ്പുകളിൽ സർവ്വനാമത്തിന് മുമ്പ് വന്നത് "ആത്മാവ്" ആയി മനസിലാക്കാം. ആദ്യത്തേതിൽ പരിശുദ്ധാത്മാവിനെയാണ് പറയുന്നത് (എൻഐവിയിലേതുപോലെ); "ആത്മിയമായ രീതിയിൽ" വേണം രണ്ടാമത്തെ ആത്മാവിനെ മനസിലാക്കുവാൻ (എൻഏഎസ്ബി പറയുന്നതുപോലെ). "വിച്ച്" എന്നതിന് മുൻപ് വന്ന "സ്പിരിറ്റ്" (എസ് വലിയ അക്ഷരത്തിൽ) അല്ലെങ്കിൽ "സ്പിരിറ്റ്" (എസ് ചെറിയ അക്ഷരത്തിൽ) ക്രിസ്തു മരിച്ചു, ഉയർത്തെഴുന്നേറ്റു എന്നു വിവരിക്കുന്നതാകാം. ഒരാൾ ഏതു വ്യാഖ്യാനമാണ് എടുക്കുന്നത്, അതനുസരിച്ചായിരിക്കും അയാൾ പിന്നീടുള്ള വേദഭാഗവും മനസിലാക്കുന്നത്.[19] വാക്യത്തിൽ മറ്റു ചോദ്യങ്ങൾ കടന്നു വരുന്നതുവരെ സാധ്യതകൾ തിരഞ്ഞെടുക്കുവാൻ വൈകുന്നത് നന്നായിരിക്കും.

ചോദ്യം തുടരുന്നു. "അവൻ പോയി അറിയിച്ചു" എന്നത് അക്ഷരികമായോ അല്ലെങ്കിൽ ആലങ്കാരികമായോ മനസിലാക്കാം, യേശു ഒരു വ്യക്തിയായിട്ടോ അല്ലെങ്കിൽ, ഭൗതിക-മല്ലാത്ത രീതിയിൽ, അല്ലെങ്കിൽ ഒരു പ്രതിനിധിയായിട്ടോ പോയിരിക്കാം. എങ്ങനെയായാലും, യേശു **പ്രസംഗിച്ചത് തടവിലുള്ള ആത്മാക്കളോടായിരുന്നു**, ആലങ്കാരികമായി അത് വായിക്കുന്നത്, "തടവിലുള്ള ... ആത്മാക്കൾ." അക്ഷരികമായി ആത്മാക്കൾ ഇരുമ്പഴികൾക്കുള്ളിൽ എന്ന് നമുക്ക് ഊഹിക്കുവാൻ പ്രയാസമാണ്. ആത്മാക്കൾ ഏതോ രീതിയിൽ തടവിലായിരുന്നു, പക്ഷെ മനുഷ്യർക്ക് അറിയാവുന്ന തടവല്ല. "ഇപ്പോൾ" എന്ന വാക്ക് എൻഏഎസ്ബിയിൽ ചരിച്ചാണ് കൊടുത്തിരിക്കുന്നത്, അതിനർത്ഥം ആ വാക്ക് ഗ്രീക്കിൽ ഇല്ലായിരുന്നു എന്നാണ്. എൻഏഎസ്ബി "ഇപ്പോൾ" എന്നത് കൂട്ടിച്ചേർത്തിരിക്കയാൽ, യേശു പ്രസംഗിക്കുവാൻ പോയപ്പോൾ, ആത്മാക്കൾ "തടവിൽ" ആയിരുന്നില്ല എന്നു സൂചിപ്പിക്കുന്നു, എന്നാൽ പത്രൊസ് എഴുതിയപ്പോൾ അവർ തടവിലായിരുന്നു. എൻഏഎസ്ബി "ഇപ്പോൾ" എന്നത് കൂട്ടിച്ചേർത്തിരിക്കുന്നത് ശരിയാണോ എന്ന് വായനക്കാരൻ സന്ദർഭം നോക്കി വിലയിരുത്തണം.

യേശു "ആത്മാക്കളോട്" സംസാരിച്ചത് "തടവിൽ" ആയിരുന്നില്ല എങ്കിൽ പിന്നെ അവർ എവിടെയായിരുന്നു? "തടവിൽ" എന്നതിന്റെ അർത്ഥം എന്താണ്? ആ ചോദ്യങ്ങൾക്കുള്ള ഉത്തരം യേശു പ്രസംഗിച്ച "ആത്മാക്കൾ" ആരായിരുന്നു എന്നതിനെ ആസ്പദമാക്കിയാണിരിക്കുന്നത്. 3:20 അനുസരിച്ച്, നോഹയുടെ കാലത്ത് അനുസരിക്കാതിരുന്നവരുടെ ആത്മാക്കളാണ് അത്. ദുഷ്ടരായ ദൂതന്മാരെ കുറിച്ചാണ് ആ വാക്യം പറയുന്നതെന്ന് ചിലർ കരുതുന്നു, ഉൽപത്തി 6:1-4 ലെ "ദൈവപുത്രന്മാർ", അവർ ജലപ്രളയത്തിന് മുൻപ് ജീവി

ച്ചവരായിരുന്നു. ഉൽപത്തി 6:1–4 ലെ "ദൈവപുത്രന്മാർ" "മനുഷ്യപുത്രിമാരെ" വിവാഹം കഴിച്ചിരുന്ന സംഭവം നടന്നിരുന്നു എന്നതു വാസ്തവമാണ് (അവർ ആരായിരുന്നാലും അല്ലെങ്കിൽ എന്തായിരുന്നാലും), ആ "ദൈവപുത്രന്മാരെ" പത്രൊസ് പരിഗണിച്ച വിഷയമായിരുന്നില്ല. അവന്റെ കാലത്ത് ജീവിച്ചിരുന്ന ആളുകളിൽ ദൈവം വരുത്തുവാനിരുന്ന ന്യായവിധിയെ കുറിച്ചായിരുന്നു പത്രൊസിന്റെ വിചാരം. ദൂതന്മാരെ വിധിക്കുന്നതിനെ കുറിച്ചായിരുന്നില്ല അവന്റെ ചിന്ത. നോഹയുടെ കാലത്തെ ആളുകളെ പോലെ അവന്റെ കാലത്തെ ആളുകളും അനുസരണക്കേട് കൊണ്ട് ദൈവത്തിന്റെ കോപത്തെ വിളിച്ചു വരുത്തിയിരുന്നു. "ഭൂമിയിൽ മനുഷ്യരുടെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണങ്ങളൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രെ എന്നും യഹോവ കണ്ടു" (ഉല്. 6:5). നോഹയുടെ കാലത്ത് അനുസരിക്കാതിരുന്നവരുടെ "ആത്മാക്കൾ" ആ കാലത്ത് ജീവിച്ചിരുന്ന ദുഷ്ട മനുഷ്യരായിരുന്നു.

ആളുകളെ "ആത്മാക്കൾ" എന്നു പറയുന്നത് അസാധാരണമാണെങ്കിലും, വളരെ കാലം മുൻപ് മരിച്ചവരെ അങ്ങനെയല്ലാതെ അപ്പൊസ്തലൻ പിന്നെ എങ്ങനെയാണ് പറയുന്നത്? പിന്നെ അവരെ ജഡത്തിൽ ജീവിക്കുന്നവരെ പോലെ ആളുകൾ എന്നു പറയുവാൻ നിർവ്വാഹമില്ല. ജീവിച്ചിരിക്കുന്നവരെ അപ്പൊസ്തലൻ "ആത്മാക്കൾ" എന്നു പറഞ്ഞിട്ടുണ്ട് (*സൂക്കായി*; 3:20); മരിച്ച ആളുകൾ "ആത്മാക്കൾ" ആയി. "ആത്മാക്കൾ" എന്ന പത്രൊസിന്റെ ഉപയോഗം ഏകദേശം എബ്രായർ 12:9 ലേതുപോലെയാണ്, അവിടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചതിനേയും "ആത്മാക്കളുടെ പിതാവിനു" നാം കീഴടങ്ങിയിരിക്കണമെന്നും പറഞ്ഞിരിക്കുന്നു. പത്രൊസിനെ പോലെ, എബ്രായ ലേഖകനും ജഡത്തിലല്ലാത്തവരെ കുറിച്ചാണ് "ആത്മാക്കൾ" എന്നു പറഞ്ഞത്. പത്രൊസ് "തടവിലുള്ള" "ആത്മാക്കളെ" കുറിച്ചു പറഞ്ഞപ്പോൾ, നോഹയുടെ കാലത്ത് ജീവിച്ചിരുന്ന ദൈവത്തോട് മൽസരിച്ചിരുന്നവരായിരുന്നു, അവർ ആ സമയത്ത് ജഡത്തിൽ ആയിരുന്നില്ല, മരിച്ചവരുടെ ലോകത്തിലേക്ക് പോയിരുന്നു. "ആത്മാക്കൾ" നോഹയുടെ കാലത്ത് അനുസരിക്കാതിരുന്ന ആളുകളായിരുന്നു. പത്രൊസ് എഴുതിയപ്പോൾ അവർ പാതാളത്തിലായിരുന്നു. അതായിരുന്നു അവരുടെ തടവ്. പ്രവാചകന്മാരെ സുപരിചിതരായവർക്ക് മനസിലാക്കുവാൻ പ്രയാസമുള്ളതായിരുന്നില്ല പാതാളലോകം തടവാണെന്ന ആശയം. മിസ്രയിമിലെ ശക്തരായ ആളുകളും പാതാളത്തിലേക്ക് പോയതായി യെഹസ്ക്കേൽ വെളിപ്പെടുത്തിയിരുന്നു (യെഹെ. 32:18–32), ഒരു നിഴൽ പോലെയുള്ള തടവറ. പത്രൊസിന് "തടവ്" എന്നു പറയുന്നത് യെഹെസ്ക്കേലിലെ "പാതാളം" ആയിരുന്നു.

ചുരുക്കി പറഞ്ഞാൽ, യേശു മരിച്ചവരുടെ ലോകത്തിലേക്ക് പോയി, പ്രത്യേകിച്ച് നോഹയുടെ കാലത്ത് അനുസരിക്കാതിരുന്നവരുടെ അടുക്കലേക്ക് "പ്രസംഗിക്കുവാൻ പോയി." യേശു സന്ദേശം അറിയിച്ചു. ഒരു സന്ദേശം അറിയിക്കുവാൻ പൊതുവായി ഉപയോഗിക്കുന്ന ക്രിയയാണ് *കെറുസോ.* 4:6 ൽ, പത്രൊസ് ഉപയോഗിച്ചത്, *യുവാഞ്ചെലിസോ* എന്ന വാക്കാണ്, അർത്ഥം "സുവിശേഷം പ്രസംഗിക്കുക" എന്നാണ്, പക്ഷെ ഇവിടെ അതല്ല. യേശു മരിച്ചവരോട് എന്താണ് അറിയിച്ചത്? മരിച്ചവരോട് അവൻ എന്തെങ്കിലും അറിയിക്കുവാൻ പോയത് എന്തുകൊണ്ട്? ആ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുവാൻ നാം ഈ വാക്യത്തിലെ ആദ്യ പ്രശ്നത്തിലേക്ക് തിരിച്ചു പോകണം. ആ

സർവ്വനാമത്തിന്റെ മുൻപ് വന്നതെന്താണ്? "അതിൽ" എന്നു പറഞ്ഞതിന്റെ അർത്ഥം എന്താണ്?

3:18 ലെ അവസാന വാക്ക് ഗ്രീക്കിലും ഇംഗ്ലീഷിലും "ആത്മാവ്" എന്നാണ്. ജഡത്തെ മരണത്തിന് ഏൽപിച്ചു കൊടുത്തശേഷം യേശു മരിച്ചവരുടെ ലോകത്തിലേക്ക് പോയിരുന്നു; അത് ആത്മാക്കളുടെ പ്രതലമായിരുന്നു, അവൻ ജീവിപ്പിക്കപ്പെടുകയും ചെയ്തു. യേശു ജീവിക്കപ്പെട്ടു എന്നു മാത്രം പത്രൊസ് പറയാതിരുന്നതെന്തുകൊണ്ടാണ്? "ആത്മാവിൽ ജീവിക്കപ്പെട്ടു" എന്നു പറയുവാൻ കാരണം എന്താണ്? ഒരുപക്ഷെ 2:5-ൽ നിന്നു ചില സഹായം നമുക്ക് കിട്ടിയേക്കാം. അവിടെ അപ്പൊസ്തലൻ "ആത്മിയ മന്ദിരം" എന്നും "ആത്മിയ യാഗം" എന്നും പറയുന്നു. അവിടെ അവൻ പറഞ്ഞ മന്ദിരവും യാഗവും ഭൗതികമല്ല. അവർ "ആത്മിയർ" ആയിരുന്നു, സംശയരഹിതമായി തന്നെ ദൈവത്തിന്റെ ഉദ്ദേശത്തിനും പ്രസാദത്തിനുമായുള്ള ഭൗതിക-മല്ലാത്ത വരായിരുന്നു. "ആത്മാവ്" എന്നു പറയുമ്പോൾ ആത്മികമെന്ന് പറയുന്നതിന് അക്ഷരിക-മല്ലാത്ത എന്നും അർത്ഥമുണ്ട്, അതിനെ ജഡ-മല്ലാത്തതു എന്നും പറയാം. 2:5 ലെ "ആത്മിയമായ" എന്നു പത്രൊസ് മനസിലാക്കിയത് യേശു മരണത്തെ കീഴ്പ്പെടുത്തിയതായിട്ടാണ്. ക്രിസ്തുവിനെ ക്രൂശിൽ തറെച്ചുവെങ്കിലും, ദൈവം അവനെ ജീവിപ്പിച്ചു, എന്നാൽ അവൻ ക്രൂശിക്കപ്പെടുന്നതിനു മുൻപുള്ള ജഡികമായ അവസ്ഥയിൽ തന്നെ നിലനിന്നില്ല എന്നതാണ് പ്രത്യേകത. 3:19 ലെ "അതിൽ" എന്നു പറഞ്ഞത് ആണ് "ആത്മാവിൽ ജീവിപ്പിക്കപ്പെട്ടു" എന്നത്, ഭൗതിക-മല്ലാത്ത, ജഡമ-ല്ലാത്ത ഒന്നാണ്. ജഡത്തിലാകുക എന്നതും ആത്മാവിലാകുക എന്നതും തമ്മിലുള്ള വ്യത്യാസം പൗലൊസ് വ്യക്തമാക്കുന്നു (കൊലൊ. 2:5). ഒരാൾ അക്ഷരികമായി, അല്ലെങ്കിൽ ഭൗതികമായി അല്ലാത്തപ്പോഴാണ് "ആത്മാവിൽ" ആകുവാൻ സാധ്യതയുള്ളത്.

യേശു "ആത്മാവിൽ ജീവിപ്പിക്കപ്പെട്ടു" എന്നു പറഞ്ഞശേഷം പത്രൊസിന്റെ ചിന്ത മാറി. ക്രിസ്തുവിന്റെ നിരപ്പിന്റെ ശുശ്രൂഷ, പാപങ്ങൾക്ക് വേണ്ടി മരിച്ച് ഉയർത്തെഴുന്നേറ്റതിൽനിന്ന് ലോകം ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്ന വിഷയത്തിലേക്കാണ് അവൻ കടക്കുന്നത് എന്നതാണ് സൂചന. യേശുവിന്റെ സന്ദർശനവും, അന്ന് നടക്കുവാനിരിക്കുന്ന ന്യായവിധിയും പത്രൊസിന്റെ മനസിലേക്ക് വന്നു. നോഹയുടെ കാലത്തേക്ക് അവനെ പോകുവാൻ പ്രേരിപ്പിച്ചത് ന്യായവിധി ആയിരുന്നു. ദൈവം മറ്റൊരു സമയത്ത് സർവ്വമനുഷ്യരേയും ന്യായവിധി നടത്തിയിരുന്നു. നോഹയുടെ കാലത്തെ ന്യായവിധി ക്രിസ്തുവിന്റെ അസാന്നിധ്യത്തിൽ നടന്നതായിരുന്നില്ല എന്നതായിരുന്നു പത്രൊസിന്റെ പോയിന്റ്. നോഹയുടെ കാലത്ത് ജീവിച്ചിരുന്ന ആളുകളോട് മാനസാന്തരപ്പെടുവാനുള്ള സന്ദേശം നോഹ പ്രസംഗിച്ചപ്പോൾ, ആത്മിയമായി, ഭൗതിക-മല്ലാത്ത നിലയിൽ, ക്രിസ്തു ആയിരുന്നു നോഹയിൽ കൂടെ പ്രസംഗിച്ചത്. മോശെയുടേയും യെശയ്യാവിന്റേയും വായിൽ കൂടെ ക്രിസ്തു സംസാരിച്ചു എന്നു പറഞ്ഞതുപോലെ ആയിരിക്കാം അപ്പൊസ്തലൻ ഇത് പറഞ്ഞത്, നോഹയുടെ കാലത്തെ ജനത്തെ നോഹ കുറ്റം വിധിച്ചിരുന്നു, അവർ മാനസാന്തരപ്പെടാതിരുന്നതിനാൽ അന്നത്തെ ജനത്തെ ദൈവം ന്യായം വിധിച്ചു. അന്ന് ദൈവം തന്റെ ശക്തിയും ഉദ്ദേശവും വെളിപ്പെടുത്തി. ലോകമെങ്ങുമുള്ള ന്യായവിധിയിൽ, പത്രൊസിന്നും, അവന്റെ വായനക്കാർക്കും, ക്രിസ്ത്യാനികളെ ഉപദ്രവിച്ചവർക്കും പ്രത്യക്ഷനാകും. യേശു ആത്മിയമായി നോഹയിൽകൂടെ സംസാരിക്കുകയും ന്യായവിധി വരികയും ചെയ്തു. അതു

പോലെ, യേശു പത്രൊസ്, തുടങ്ങിയ മറ്റു അപ്പൊസ്തല സാക്ഷികളിൽകൂടെയും സംസാരിച്ചു. അവരുടെ പ്രഖ്യാപനത്തെ തുടർന്നും തീർച്ചയായും ന്യായവിധി വന്നിരിക്കും.

ഈ വേദഭാഗത്തെ നാം മനസിലാക്കുന്നത് നമ്മെ അഗസ്റ്റിന്റെ കാലഘട്ടത്തിലേക്കാണ് കൊണ്ടുപോകുന്നത് (എ. ഡി. അഞ്ചാം നൂറ്റാണ്ട്), ആധുനിക പണ്ഡിതന്മാർ അതിനെ പ്രതിരോധിക്കയും ചെയ്തിരിക്കുന്നു. യേശു പോയി പ്രസംഗിച്ചു എന്നത് ആത്മിയമായിട്ടാണ്, അല്ലാതെ ഭൗതിക-മായിട്ടല്ല. ദൈവത്തിന്റെ ന്യായവിധി സാർവ്വലൗകികമായി ആസന്നമായിരുന്നപ്പോൾ, അവന്റെ വക്താവായിരുന്ന നോഹയിൽകൂടെയായിരുന്നു യേശു സംസാരിച്ചത്; പത്രൊസ് സംസാരിച്ചപ്പോൾ, യേശുവാണ് സംസാരിച്ചത്.

3:19 മറ്റൊരു വിധത്തിൽ മനസിലാക്കാവുന്നതാണ്. . യേശുവിനെ ക്രൂശിൽ തറച്ചതിനും അവൻ ഉയർത്തെഴുന്നേറ്റതിനും ഇടക്ക് അക്ഷരികമായി മരിച്ചവരുടെ ലോകത്തേക്ക് പോയി, എന്ന *ഡെസെൻസസ്* എന്ന ഉപദേശം പുരാതന സഭയിൽ അറിയ-പ്പെട്ടിരുന്നു. അവൻ പാതാള ലോകത്തേക്ക് പോയതിന്റെ ഉദ്ദേശത്തെ കുറിച്ച് വിവിധ വിശദീകരണങ്ങൾ നൽകപ്പെട്ടിരുന്നു. ഒരുപക്ഷെ, വിജയം അറിയിക്കുവാനും, വിശ്വസ്തർക്ക് അവനെ വെളിപ്പെടുത്തി അവനെ ഉറപ്പിക്കുവാനും, ദുഷ്ടരെ കുറ്റപ്പെടുത്തുവാനും ആയിരിക്കാം. ആ ഉപദേശത്തെ സാധൂകരിക്കുന്നതിനായി അവർ എടുക്കുന്ന വേദഭാഗങ്ങളാണ് പ്രവൃത്തികൾ 2:27 ഉം എഫെസ്യർ 4:9 ഉം. റൂഫിനസിൽ നിന്ന് പിന്നീട് അപ്പൊസ്തലന്മാരുടെ വിശ്വാസ പ്രമാണം എന്ന പേരിൽ അറിയപ്പെട്ടിരുന്നതിൽ (സി. എ. ഡി. 360), "അവൻ നരകത്തിലേക്ക് ഇറങ്ങി" എന്ന പ്രയോഗം ആണുള്ളത്. അവസാന ദിവസത്തിനായി ആത്മാക്കൾ കാത്തിരിക്കുന്ന സ്ഥലത്തേക്ക് യേശു ഇറങ്ങി പോയി എന്നു പറയുന്ന സ്ഥലം തന്നെയാണ്, ക്രൂശിക്കപ്പെട്ട ശേഷം യേശു കള്ളനോടുകൂടെ പോയത് (ലൂക്കൊ. 23:43), അവിടെ ആണ് അനുസരിച്ചവരുടേയും അനുസരിക്കാതിരുന്നവരുടേയും ആത്മാക്കൾ ന്യായവിധിക്കായി കാത്തിരിക്കുന്നത്.

ചിലർ *ഡിസെൻസസ്* ഉപദേശം എടുത്ത് "രണ്ടാമത് ഒരു അവസരം" എന്ന ദൈവശാസ്ത്രത്തെ പഠിപ്പിക്കുന്നു. ആ ഉപദേശം ആ വേദഭാഗത്തിൽ അന്തർലീനമാക്കിയിട്ടില്ല. യേശു പാതാളത്തിലേക്ക് ഇറങ്ങിയതിന് മറ്റു കാരണങ്ങൾ കാണാം. യേശു തന്റെ ക്രൂശീകരണത്തിനു ശേഷം, ആത്മാവിൽ ജീവിപ്പിക്കപ്പെട്ട് ആത്മാക്കളുടെ ലോകത്തേക്ക് അക്ഷരികമായി പോയി എന്ന് പത്രൊസ് തന്റെ വായനക്കാരെ ബോധ്യമാക്കുവാൻ ശ്രമിച്ചു എന്നതു നമുക്ക് മനസിലാക്കുവാൻ കഴിയാത്ത കാര്യമാണ്. എങ്ങനെയായാലും, അതായിരുന്നു പത്രൊസ് അർത്ഥമാക്കിയത് എങ്കിൽ, ആ വാക്കുകളുടെ തൊട്ട് മുൻപ് അവൻ പറഞ്ഞതും മനസിലാക്കുവാൻ പ്രയാസം നേരിടും. മറുവില എന്ന ചിന്തയുമായി യോജിക്കുന്നതാണ് യേശു പാതാള ലോകത്തിലേക്ക് ഇറങ്ങി പോയി എന്നത്. കൂടാതെ യേശു പാതാളത്തിലേക്ക് പോയത് പ്രസംഗിക്കുവാനായിരുന്നു എന്നത്, പുതിയനിയമത്തിലെ മറ്റു വേദഭാഗങ്ങളുമായി യോജിക്കുന്നതാണ്. അത്തരം ഇറങ്ങി പോകലിനെ പത്രൊസ് പറഞ്ഞത് മനസിലാക്കുവാൻ പ്രയാസം ഇല്ല; സർവ്വനാമത്തിനു മുൻപ് ഉപയോഗിച്ച "അതിൽ" എന്നത് മുൻ വാക്യത്തിലെ അവസാന വാക്കായ "ആത്മാവാണ്" എന്നു നമുക്ക് തീർച്ചപ്പെടുത്താം, ഇംഗ്ലീഷിൽ സ്പിരിറ്റ് എന്നതിന്റെ എസ് ചെറിയ അക്ഷരത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, എന്നാൽ മറ്റു സന്ദർഭങ്ങളിൽ

"അതിൽ" എന്നല്ല ഉപയോഗിച്ചിരിക്കുന്നത്. ഓരോ സന്ദർഭവും അതിന്റേതായ ഗൗരവത്തിൽ വേണം നാം എടുക്കുവാൻ. 3:19 ലെ സർവ്വനാമം ഉപയോഗിച്ചിരിക്കുന്ന തീതിയനുസരിച്ച് "ആത്മാവിനെ" ആണ് പറയുന്നത്.

**വാക്യം 20.** പത്രൊസ് എഴുതിയപ്പോൾ പാതാളലോകത്തുണ്ടായിരുന്നവർ, ഒരിക്കൽ **അനുസരിക്കാതിരുന്നവരായിരുന്നു**, അവരോടായിരുന്നു യേശു പ്രസംഗിക്കുവാൻ പോയത്. പത്രൊസിന്റെ കാലത്ത് ക്രിസ്ത്യാനികളെ ഉപദ്രവിച്ചവരുടെ അനുസരണക്കേട്, നോഹയുടെ കാലത്ത് അനുസരിക്കാതിരുന്നവരോട് തുലനം ചെയ്യാം. രണ്ട് സംഭവങ്ങളിലും, അനുസരിക്കാതിരുന്നവർ "ജീവനുള്ളവരേയും മരിച്ചരേയും ന്യായം വിധിക്കുന്നവന്നു" കണക്കു കൊടുക്കണം (4:5). **നോഹയുടെ കാലത്ത് ദൈവം ദീർഘക്ഷമയോടെ കാത്തിരുന്നതു പോലെ**, ജലപ്രളയത്തിനു മുൻപുണ്ടായിരുന്ന ജനങ്ങളുടെ മുട്ടു-വിറക്കുന്ന പ്രതികരണത്താൽ അവരെ ദൈവം നശിപ്പിച്ചില്ല. പത്രൊസിന്റെ കാലത്തും കാത്തിരിക്കുവാനുള്ള കാരണം അവന്റെ ദീർഘക്ഷമയായിരുന്നു. പത്രൊസിന്റെ രണ്ടാം ലേഖനത്തിൽ അവൻ പറയുന്നത്, "ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു" എന്നാണ് (2 പത്രൊ. 3:9). നോഹയുടെ കാലത്തെ തലമുറയോട് നോഹ പ്രസംഗിച്ചപ്പോൾ ജീവനോടെ ഇരുന്നവരോടായിരുന്നു യേശു അവനിൽ കൂടെ പ്രസംഗിച്ചതു. നോഹയുടെ തലമുറ ആ പ്രസംഗത്തെ അവിശ്വസിച്ചു. അവസാനം നോഹ നീതീകരിക്കപ്പെട്ടു; അവിശ്വാസികളെ വിധിക്കുകയും ചെയ്തു. പത്രൊസിന്റെ തലമുറയിലും അത് തന്നെയാണ് സംഭവിച്ചത്.

"നീതിപ്രസംഗിയായ നോഹ" (2 പത്രൊസ് 2:5) യുടെ വാക്കുകളിൽകൂടെ ക്രിസ്തു ജലപ്രളയത്തിനു മുൻപ് ജീവിച്ചിരുന്നവരോട് മുന്നറിയിപ്പ് നൽകി. ദൈവം അതുപോലെ മുന്നറിയിപ്പുകൾ നൽകിയിരുന്നു. **പെട്ടകം ഉണ്ടാക്കി കൊണ്ടിരുന്നപ്പോഴായിരുന്നു** നോഹ പ്രസംഗിച്ചത്. ക്രിസ്തുവിന്റെ വക്താവ് നോഹ ചെയ്തതുപോലെ, പത്രൊസും തന്റെ കാലത്തെ ആളുകൾക്ക് കാണത്തക്ക മുന്നറിയിപ്പ് നൽകി. പത്രൊസിന്റേയും മറ്റു അപ്പൊസ്തലന്മാരുടേയും സാക്ഷ്യ പ്രസംഗത്താലായിരുന്നു സഭ ആരംഭിച്ചത്. മുൻപ് അപ്പൊസ്തലൻ സഭ "ആത്മിക ഭവനമായി" പറഞ്ഞിരുന്നു (2:5). നോഹയുടെ കാലത്ത് പെട്ടകത്തിൽ പ്രവേശിച്ച ഏതാനും പേർ ദുഷ്ടജനങ്ങളിൽനിന്ന് രക്ഷിക്കപ്പെട്ടതുപോലെ, പത്രൊസിന്റെ കാലത്തെ തലമുറയിൽ ആത്മികഭവനത്തിൽ പ്രവേശിച്ചവർ രക്ഷിക്കപ്പെട്ടു. ദൈവത്തിന്റെ ന്യായവിധി വരുമ്പോൾ, പത്രൊസ് സംബോധന ചെയ്യുന്നവർക്ക് അഭയം തേടുവാനായി ഒരു "പെട്ടകം" ഉണ്ടായിരുന്നു. 2:5 ലെ "പുരോഹിത വർഗ്ഗവും", 3:20 ലെ "പെട്ടകവും" "ആത്മിയ ഭവനവും" ഒന്നു തന്നെ. ക്രിസ്ത്യാനികൾ അന്ന് എണ്ണത്തിൽ കുറവായിരുന്നു എന്നത് ശരിയാണ്, എന്നാൽ നോഹ പെട്ടകം പണിതപ്പോൾ, കുറച്ചുപേർ, അതായത്, **എട്ടുപേർ മാത്രമാണ്** രക്ഷിക്കപ്പെട്ടത്. പത്രൊസിന്റെ കാലത്തും കുറെ പേർമാത്രം രക്ഷിക്കപ്പെട്ടതിൽ അതിശയിക്കുവാനില്ല.

നോഹയുടെ പെട്ടകത്തിന്റെ, നോഹയുടെ കാലത്തെ ദുഷ്ടതലമുറ എല്ലാം ഈ അവസരത്തിൽ സമാനതയുള്ളതായി (ഏകദേശ സാമ്യം ഉള്ളതായി) കാണാം. എങ്ങനെയായാലും, നോഹയുടെ തലമുറയിൽ എട്ടുപേർ മാത്രം **വെള്ളത്തിൽ കൂടെ രക്ഷ പ്രാപിച്ചു** എന്നു പത്രൊസ് പറഞ്ഞപ്പോൾ നാം വളരെ ശ്രദ്ധിച്ചു നീങ്ങണം. ഗ്രീക്ക് വേദഭാഗം അക്ഷരികമായി തർജ്ജിമ ചെയ്തിരിക്കുന്നത് "അവർ വെള്ളത്തിൽ കൂടെ രക്ഷ പ്രാപിച്ചു" എന്നാണ്.

അത് അസാധാരണമായ ഒരു പ്രസ്താവനയാണ്. ഒരാൾ പ്രതീക്ഷിക്കുന്നത് "അവർ വെള്ളത്തിൽനിന്നു രക്ഷ പ്രാപിച്ചു" എന്നു പറയുവാനാണ്, അല്ലാതെ "വെള്ളത്തിൽ കൂടെ രക്ഷ പ്രാപിച്ചു" എന്നല്ല. അവർ ജലപ്രളയത്താലല്ല രക്ഷിക്കപ്പെട്ടത്, അല്ലേ? "വെള്ളത്താൽ" ദൈവം മറ്റുള്ളവരെയെല്ലാം നശിപ്പിച്ചപ്പോൾ എട്ടുപേർ രക്ഷപ്പെട്ടു എന്നായിരിക്കാം പത്രൊസ് അർത്ഥമാക്കിയത്. അങ്ങനെയായിരുന്നു എങ്കിൽ വെള്ളം അവരെ രക്ഷിച്ചു എന്നു പറയാം. അനുസരിക്കാത്തവരെ നശിപ്പിക്കുവാൻ ഉപയോഗിച്ച അതേ വെള്ളം മനുഷ്യരുടെ പാപങ്ങളെ കഴുകി കളയുവാൻ ദൈവം വെച്ചിരിക്കുന്നു. അന്നത്തെ തലമുറയിലെ ആളുകളെ ദുഷ്ടത കുടുക്കിയതുപോലെ, അവരുടെ പാപങ്ങളെ കഴുകി കളയുന്നതിനായി ദൈവം ധാരാളം വെള്ളവും നൽകുകയായിരുന്നു.

എന്തുകൊണ്ടാണ് പത്രൊസ് അപ്പോൾ "വെള്ളം" കൊണ്ടുവന്നത് എന്നു ചോദിക്കുന്നത് ഉചിതമായിരിക്കും. താഴെയുള്ള വാക്യം അത് വ്യക്തമാക്കുന്നു. നോഹയുടെ കാലത്ത് എട്ടു പേർ രക്ഷിക്കപ്പെട്ടതുകൊണ്ടാണ് അവൻ വെള്ളത്തെ എടുത്തു കാണിച്ചത്. തന്റെ വായനക്കാരുടെ രക്ഷ എന്ന വിഷയത്തെയാണ് അപ്പൊസ്തലൻ തുടർന്നു പറയുന്നത്. നോഹയുടെ കാലത്തെ എട്ടുപേരെ പോലെ, പത്രൊസിന്റെ വായനക്കാരും അവരുടെ ആനുകാലികരിൽനിന്നും രക്ഷിക്കപ്പെട്ടിരുന്നു (1) ദൈവം ന്യായവിധി നടത്തിയപ്പോൾ, (2) വെള്ളത്താൽ. സാമ്യം മുഴുവനായും ഉൾപ്പെട്ടിട്ടില്ലെങ്കിലും, പത്രൊസിന്റെ വായനക്കാർക്ക് ഉറപ്പ് നൽകുവാന്തക്ക ദൃഷ്ടാന്തം ദൈവം പണ്ട് ചെയ്തതിലും, പത്രൊസ് അവരോട് എടുത്ത സമീപനത്തിലും കാണാം. കെടാത്ത ബീജത്താലാണ് അവർ "വീണ്ടും ജനിച്ചത്" എന്ന് പത്രൊസ് മുൻപ് പറഞ്ഞിരുന്നു. ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റപ്പോഴാണ് അവർ വീണ്ടും ജനിച്ചത് (1:3, 23 ന്റെ പരാമർശം നോക്കുക). അവർ സ്നാനം ഏറ്റപ്പോഴായിരുന്നു അവനെ അവർ ധരിച്ചത് (ഗലാ. 3:27), അപ്പോഴായിരുന്നു അവന്റെ ജനമായതും അവകാശം ലഭിച്ചതും. നോഹയുടെ കാലത്തെ എട്ടുപേരുടെ രക്ഷയും പത്രൊസിന്റെ വായനക്കാരുടെ രക്ഷയും തമ്മിൽ പല സമാനതകളുമുണ്ട്. തങ്ങളുടെ തലമുറയിലെ ആളുകളുടെ സ്വാധീനം ഏൽക്കാതിരിക്കാൻ ദൈവം ഭൂമിയിലെ സകല ദുഷ്ടതയും വെള്ളത്താൽ തുടച്ചു നീക്കി. വെള്ളത്താലുള്ള സ്നാനത്താൽ പത്രൊസിന്റെ വായനക്കാരുടെ മുൻകഴിഞ്ഞ പാപങ്ങളെയെല്ലാം യേശുവിന്റെ ശക്തിയുള്ള രക്തത്താൽ തുടച്ചു നീക്കി കളഞ്ഞു. തന്റെ വായനക്കാർക്ക് സ്നാനം എന്ത് അർത്ഥമാക്കിയോ, അതുപോലെ അപ്പൊസ്തലൻ തന്റെ വായനക്കാരെ ക്രിസ്തു മുൻപ് നോഹയിൽകൂടെ പ്രസംഗിച്ചതും നോഹയെയും കുടുംബത്തെയും വെള്ളത്താൽ രക്ഷിച്ചതുപോലെ അവരെയും വെള്ളത്താൽ രക്ഷിച്ചു എന്നും ബോധ്യമാക്കുന്നു.

**വാക്യം 21. സ്നാനത്തെ** വ്യക്തമായി 1 പത്രൊസിന്റെ ലേഖനത്തിൽ ഇവിടെ മാത്രമാണ് പറഞ്ഞിരിക്കുന്നത്; ഈ വേദഭാഗത്തിലെ അതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ഒരു സംശയവുമില്ല. പത്രൊസിന്റെ വാക്കുകളുടെ ഫലത്തെ ബലഹീനമാക്കുന്നതാണ് **അതുമായിട്ടുള്ള** എൻഏഎസ്ബിയുടെ തർജ്ജിമ. കൂടുതൽ അക്ഷരികമായി അവൻ പറഞ്ഞത് വെള്ളം ഒരു "മുൻകുറി" (*ആന്റിടുപോസ്*) ആയിരുന്നു എന്നാണ്. ആ വാക്ക് ഇത് രണ്ടാം പ്രാവശ്യമാണ് പുതിയ നിയമത്തിൽ കാണുന്നത്, മറ്റൊന്ന് എബ്രായർ 9:24 ലാണ്. വിഷയം രക്ഷയാണ്. തങ്ങൾക്ക് ചുറ്റുമുള്ള ദുഷ്ടതയിൽനിന്നു വെള്ളത്താൽ എട്ടുപേരെ രക്ഷിച്ചു എങ്കിൽ, അത് "സ്നാനത്തിന്റെ"

ഒരു "മുൻകുറി" അഥവാ മുൻനിഴൽ ആയിരുന്നു. സ്നാനമോ, **ഇപ്പോൾ നിങ്ങളെ രക്ഷിക്കുന്നു**.

"സ്നാനത്തിന്റെ" പ്രാധാന്യത്തെ കുറിച്ച് തന്റെ വായനക്കാർ പഠിച്ചതായിരുന്നു എന്നു അപ്പൊസ്തലൻ ഉറപ്പിച്ചു പറഞ്ഞു. അത് വെറുമൊരു യാന്ത്രിക പ്രവൃത്തി അല്ല എന്നു അവർ മനസിലാക്കിയിരുന്നു. അതിന്റെ ഫലപ്രാപ്തിക്കായി ആദ്യം, "നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിന്ന് ... നീതിമാനായി നീതികെട്ടവർക്ക് വേണ്ടി പാപം നിമിത്തം മരിച്ചു" (3:18). രണ്ടാമത്, തന്റെ വായനക്കാർ വിശ്വാസത്തോടുകൂടെ അതിനോട് പ്രതികരിച്ചു. "സ്നാനം" എന്നത് രക്ഷക്കുള്ള അനുബന്ധമല്ല; അത് "ആന്തരിക കൃപയുടെ ബാഹ്യപ്രകടനവുമല്ല." ക്രൂശിൽ മരിച്ചപ്പോൾ ക്രിസ്തു ചെയ്തതുപോലെ, ഒരാൾ സ്നാനം ഏൽക്കുമ്പോൾ, ക്രിസ്തു അയാളുടെ പാപങ്ങളെ നീക്കം ചെയ്യുന്നു. "സ്നാനം" ഒരു മനുഷ്യപ്രവൃത്തിയാണ്, അതേ സമയം ദൈവപ്രവൃത്തിയുമാണ്. അനുതപിച്ച വിശ്വാസി സ്നാനം ഏൽക്കുമ്പോൾ രക്ഷിക്കപ്പെടുന്നു (റോമ. 6:3, 4). കാൽവിൻ സ്വിംഗ്ലിയും മറ്റു നവീകരണക്കാരും കത്തോലിക്കാ സഭയെ വിമർശിച്ചതിലധികവും ശരിയായിരുന്നു, വിശ്വാസം സ്നാനത്തിൽ പ്രകടമാക്കുമ്പോൾ ദൈവം പ്രവർത്തിക്കുമെന്ന കാര്യം അവർ നിഷേധിച്ചത് തെറ്റായി പോയി.

ക്രിസ്തീയ പാരമ്പര്യത്തിന്റെ ചരിത്രപരമായ വേരുകളില്ലാതെയാണ് സ്നാനത്തെ ക്രിസ്തുവിന്റെ സഭ കാണുന്നതെന്ന് ഡി.ഏ കാർസൺ തെറ്റായി പറഞ്ഞിരുന്നു.[20] ക്രിസ്ത്യാനിത്വം ആരംഭിച്ച ആദ്യ നൂറ്റാണ്ടുകളിൽ സ്നാനം കൂടാതെ ക്രിസ്തുവിൽ ആകുവാൻ കഴിയുമെന്ന് ആരും പറഞ്ഞിരുന്നില്ല.[21] ഫ്രെഡ് ഗീലി ശരിയായി എഴുതി,

> ഫലപ്രദമായി ആളുകളെ നിത്യജീവന് ക്ഷണിച്ചിരുന്നത് സ്നാനത്തിനായി ക്ഷണിച്ച സമയത്തായിരുന്നു. ആ അനുഷ്ഠാന വേദഭാഗം ആയിരുന്നു ഒരാളെ ഇരുട്ടിന്റെ അധികാരത്തിൽനിന്നും, ലോകത്തിൽനിന്നും വീണ്ടും ജനനത്താൽ, ദൈവപുത്രന്റെ സഭയിൽ ആക്കുന്നതും, ദൈവ രാജ്യത്തിലാക്കുന്നതും, ഫലപ്രദമായ ഏറ്റു പറച്ചൽ നടത്തുമ്പോൾ, ലോകത്തിൽനിന്നു വേർപെടുത്തുകയും ക്രിസ്ത്യാനിയെ സഭയിൽ ഉറപ്പിക്കുകയും ചെയ്യുന്നു.[22]

ഉദ്ധരണികൾ വേണമെങ്കിൽ വർദ്ധിപ്പിക്കാം. പുതിയ നിയമത്തിലെ പ്രാരംഭസഭ, സ്നാനം, പരിവർത്തനം, പാപമോചനം എന്നിവ വേർപിരിക്കാനാവാത്തവിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നു ക്രിസ്തുവിന്റെ സഭ ചൂണ്ടിക്കാണിക്കുന്നത് പല ബൈബിൾ പണ്ഡിതന്മാർക്കും സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. പുതിയനിയമത്തിൽ ക്രിസ്ത്യാനികൾ പരിശീലിച്ചിരുന്നതാണ് ആധുനിക സഭ നയിക്കപ്പെടേണ്ടത് എന്ന കാര്യം പണ്ഡിതന്മാർ സമ്മതിക്കുന്നില്ല. സ്നാനപ്പെടാത്ത ക്രിസ്ത്യാനികൾ പ്രാരംഭ സഭയിൽ ഇല്ലായിരുന്നു എന്ന വസ്തുത പലരും മനസിലാക്കിയിട്ടുണ്ട്. "സ്നാനമോ ഇപ്പോൾ രക്ഷിക്കുന്നു" എന്ന് പത്രൊസ് എഴുതിയപ്പോൾ അവൻ അത് വ്യക്തമാക്കിയിരിക്കുന്നു. "ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവർ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" എന്നു പൗലൊസ് പറഞ്ഞപ്പോൾ (ഗലാ. 3:27), ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കാത്തവർ ക്രിസ്തുവിനെ ധരിച്ചിട്ടില്ല എന്നു സ്പഷ്ടം. ക്രിസ്തുവിനെ ധരിച്ചവർക്കാണ് ക്രിസ്തുവിനോടുകൂടെ അവകാശം ലഭിക്കുന്നത് എന്നും

ഉറപ്പാണ്.

പത്രൊസ് വ്യക്തമാക്കി, "സ്നാനത്തിന്റെ" പ്രാധാന്യം ഭൗതികമായ ചടങ്ങിൽ ആണെന്ന് കരുതുന്നവർ പുതിയനിയമ ഉപദേശത്തെ തെറ്റിദ്ധരിച്ചിരിക്കുകയാണ്. എഡ്വേർഡ് ഗോർഡൻ സെൽവിന്റെ സ്നാനത്തെ കുറിച്ചു പറഞ്ഞ വാക്കുകൾ, "അത് വെറും ശരീരം വൃത്തിയാക്കുവാനുള്ള പ്രവൃത്തിയല്ല, മറിച്ച്, ഒരാൾ മുഴുവനായും ധാർമ്മികമായി ദൈവം ക്രിസ്തുവിൽ വെളിപ്പെട്ടവന്നു കീഴ്പ്പെടുന്നതാണ്."[23] "സ്നാനം" ദൈവവും മനുഷ്യരും തമ്മിൽ ഉണ്ടാക്കിയ ഉടമ്പടിയുടെ ഭാഗവുമല്ല. അതിൽനിന്നു വ്യത്യസ്തമായി പരിഛേദന, ഉടമ്പടിയുടെ അടയാളമായ ഭൗതിക പ്രവൃത്തി മാത്രമാണ്. ഒരു ആൺകുട്ടിയെ എട്ടാം നാൾ പരിഛേദന കഴിക്കുമ്പോൾ, ദൈവം പ്രവർത്തിച്ചിരുന്നില്ല. പരിഛേദനക്ക് മുൻപ് ജന്മനാ ഒരു കുട്ടിയെ ദൈവജനമായ യെഹൂദ ഗണത്തിൽ കൂട്ടിയിരുന്നു. "ക്രിസ്തു പാപങ്ങൾക്ക് വേണ്ടി മരിച്ചതിനാൽ" സ്നാനം ഏൽക്കുമ്പോൾ **നല്ല മനസാക്ഷിക്കായുള്ള അപേക്ഷയാണ് ദൈവത്തിൽ സമർപ്പിക്കു**[ന്നത്]. [തന്റെ] **ഉയർത്തെഴുന്നേൽപ് മുഖാന്തരം യേശു ക്രിസ്തു** വിജയി ആയതിനാൽ അവൻ പ്രവർത്തിക്കുകയാണ്. പാപികൾക്കു വേണ്ടി അവൻ മരിച്ചതുകൊണ്ടാണ് ദൈവം പ്രവർത്തിക്കുന്നത് (3:18); ഒരാൾ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ, അയാളുടെ വീണ്ടും ജനനത്താൽ ദൈവജനത്തിന്റെ ഭാഗമായി തീരുന്നു.

യേശു ക്രൂശിൽ കൊടുത്ത വില നിമിത്തം സ്നാനം "നല്ല മനസാക്ഷി" ക്കായുള്ള അപേക്ഷയായി തീർന്നിരിക്കുന്നു. ആധുനിക ഭാഷാ ശൈലി അർത്ഥമാക്കുന്നതുപോലെ ആയിരുന്നില്ല പത്രൊസ് "മനസാക്ഷിയെ" അർത്ഥമാക്കിയത്. "മനസാക്ഷി" എന്ന് ഇവിടെ പറയുന്നത് ഉള്ളിൽ മൃദുവായി പറയുന്ന ശബ്ദമല്ല. മറിച്ച്, അത് മനുഷ്യരുടേയും ദൈവത്തിന്റേയും മുൻപിൽ നിൽക്കുന്ന മനുഷ്യന്റെ ഇന്ദ്രിയം ആണ്. സ്നാനം ഏറ്റതിനാൽ തനിക്കും സഹമനുഷ്യർക്കും ദൈവത്തിനും തമ്മിൽ പങ്ക് വെക്കുന്ന അറിവാണ് "മനസാക്ഷി." കർത്താവിന്റെ സന്ദർശന ദിവസം താൻ ദൈവമുൻപാകെ നിൽക്കുമ്പോൾ, അവനു ദൈവജനത്തിനായുള്ള അവകാശം ലഭിക്കുമെന്ന ആത്മവിശ്വാസവും ഉറപ്പും അത് നൽകുന്നു. ഇന്നത്തെ ആളുകളിൽ ഉള്ളതിനേക്കാൾ പത്രൊസിന്റെ കാലത്തെ ആളുകളിൽ "മനസാക്ഷി" എന്നതിന് പ്രത്യേക പ്രാധാന്യം ഉണ്ടായിരുന്നു.

"സ്നാനം" എന്നത് ശരീരത്തിന്റെ കഴുകലാണെന്ന് പത്രൊസ് മനസിലാക്കിയിരുന്നതായി നമുക്ക് നിരീക്ഷിക്കാം. കഴുകലുമായി ബന്ധപ്പെട്ടതാണ് അതിന്റെ പ്രത്യേകത. കുറച്ച് വെള്ളമെടുത്ത് സ്നാനാർത്ഥിയുടെ ദേഹത്ത് ഒഴിക്കുകയോ തളിക്കുകയോ ചെയ്താൽ പത്രൊസിന്റെ ദൃഷ്ടാന്തം ഒന്നുമല്ലാതാകും. അതിനു പുറമെ, "സ്നാനം" "നല്ല മനസാക്ഷി" ക്കായുള്ള "അപേക്ഷ" ആണെന്നും പത്രൊസ് പറഞ്ഞിരിക്കുന്നു. അതിനർത്ഥം സ്നാനമേൽക്കുന്ന ആൾ അപേക്ഷിക്കുവാൻ തക്ക പക്വതയിലെത്തണം എന്നർത്ഥം. സ്നാനമേൽക്കുന്ന ആൾ നഷ്ടപ്പെട്ട തന്റെ അവസ്ഥ മനസിലാക്കി നല്ല മനസാക്ഷിക്കായി അപേക്ഷിക്കുന്നതാണ് മുങ്ങൽ എന്ന് പത്രൊസ് മനസിലാക്കിയിരുന്നു.

**വാക്യം 22.** പഴയ നിയമ പുസ്തകങ്ങളിൽ സങ്കീർത്തനങ്ങൾ ഉദ്ധരിച്ചിരിക്കുന്നതുപോലെ[24] മറ്റു പുസ്തകങ്ങൾ പുതിയനിയമത്തിൽ അത്രമാത്രം ഉദ്ധരിച്ചിട്ടില്ല.[6] സങ്കീർത്തനങ്ങളിൽ തന്നെ സങ്കീർത്തനങ്ങൾ 110 ഉദ്ധരിച്ചത്ര മറ്റ് ഭാഗങ്ങൾ ഉദ്ധരിച്ചിട്ടില്ല, "യഹോവ എന്റെ കർത്താവിനോട് അരുളിച്ചെ

യ്യുന്നത്; ‘ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്ത് ഭാഗത്ത് ഇരിക്ക’ ” (സങ്കീ. 110:1) യേശുക്രിസ്തു **സ്വർഗത്തിൽ പോയി പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു** എന്ന് പത്രൊസ് തന്റെ വായനക്കാരെ അറിയിക്കുവാൻ ആഗ്രഹിച്ചു. യേശുക്രിസ്തുവിന് ചരിത്രപരമായ ഒരു വ്യാപ്തി ഉണ്ട്. അവൻ കന്യകയിൽ ജനിച്ച് നസറേത്തിൽ വളർത്തപ്പെട്ട്, മനുഷ്യനായി ഉപദേഷ്ടാവായും പ്രവാചകനായും തീർന്നു. വാസ്തവത്തിലുള്ള സമയത്ത് അവൻ ഒരു കുരുടനെ സൗഖ്യമാക്കി, അത്ഭുതകരമായി അയ്യായിരം പേരെ പോഷിപ്പിച്ചു, തന്റെ മൂന്നു ശിഷ്യന്മാരുടെ സാന്നിധ്യത്തിൽ അവന് രൂപാന്തരം സംഭവിച്ചു. പൊന്തിയൊസ് പിലാത്തൊസിന്റെ കീഴിൽ, യെഹൂദന്മാരുടെ (തന്റെ സ്വന്തജനം) പ്രേരണയാൽ റോമാക്കാർ അവനെ ക്രൂശിൽ തറെച്ചു. മൂന്നാം നാൾ ദൈവശക്തിയാൽ അവൻ ഉയിർക്കപ്പെട്ടു. വാസ്തവത്തിലുള്ള സമയത്ത് നടന്ന ഈ സംഭവവും മറ്റു സംഭവങ്ങളുമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം, പക്ഷെ അതു മാത്രമല്ല. ക്രിസ്തുവിന്റെ അനുഭവത്തിന് പ്രാചീന വിഷയത്തെക്കുറിച്ചുള്ള അറിവ് മാത്രം പോരാ. യേശു ഇപ്പോൾ വാഴുന്നു. **ദൂതന്മാരും, അധികാരങ്ങളും ശക്തികളും വാഴ്ച്ചകളും അവനു കീഴ്പ്പെട്ട ശേഷം അവൻ സ്വാർഗാരോഹണം ചെയ്തു.** യേശു ഒരു മനുഷ്യൻ ആയിരുന്നു എന്നതിലുപരി അവനെ കുറിച്ച് അറിയുവാൻ പത്രൊസ് തൽപരനായിരുന്നു; അവൻ ദൈവപുത്രനായിരുന്നു എന്നതിനെ കുറിച്ച് അറിയുവാനും പത്രൊസിന് താൽപര്യമുണ്ടായിരുന്നു.

“വലത്തുഭാഗത്ത്” ഇരിക്കുക എന്നതിന് അതിന്റേതായ അലങ്കാരമുണ്ട്. “വലത്തു ഭാഗം” അധികാരത്തെയും അടുപ്പത്തെയുമാണ് ഒരിക്കൽ സൂചിപ്പിച്ചിരുന്നത്. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിൽ അടങ്ങിയിരിക്കുന്നതെല്ലാം മനസിലാക്കുവാൻ ശ്രമിക്കുന്നത് പാഴ് വേലയാകുന്നു. പിതാവും പുത്രനും ഒന്നാകുന്നു, പക്ഷെ പിതാവായ ദൈവം സിംഹാസനത്തിലിരിക്കുന്നു, പുത്രനായ ദൈവം അവന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. ത്രിത്വത്തെ സംബന്ധിച്ചുള്ള ഉപദേശത്തെ അല്ല പത്രൊസ് കൈകാര്യം ചെയ്തതു. സൃഷ്ടിയിൽ പെട്ട മറ്റാർക്കുമില്ലാത്ത ഒരു ബന്ധം യേശുവിന് പിതാവിനോട് ഉണ്ട് എന്നതാണ് പത്രൊസ് പറയുന്നത്. ഭൂമിയിലുള്ളതും ദൂതന്മാരുടെയായാലും “സകല ആധികാരങ്ങളും ശക്തികളും” അവന്റെ ആജ്ഞക്ക് വിധേയമായിരിക്കുന്നു. കൂടാതെ അവൻ തന്റെ ജനത്തെ ഭരിക്കുന്നു. അവൻ അവരെ കുറിച്ചു കരുതുകയും, അവരെ അച്ചടക്കം വരുത്തുകയും, നയിക്കുകയും ചെയ്യുന്നു. അവൻ അവരുടെ ധർമ്മോപകാരിയായ രാജാവാണ്.

## പ്രായോഗികത

### ജീവൻ ഇഛിക്കുന്നവർക്ക് (3:8-12)

കോപം, വിദ്വേഷം, അക്രമം, പക, ശാപം എന്നിവയുള്ള ആളുകളാണ് നമുക്ക് ചുറ്റും ഉള്ളത്. അവർ അറെക്കപ്പെട്ടവരാണോ അതോ സഹതപിക്കപ്പെടേണ്ടവരാണോ എന്ന് ഒരാൾക്ക് തീർച്ചയില്ല. ജീവിതവഴിയെ സംബന്ധിച്ച് പത്രൊസിന്റെ വാക്കുകളിലെ അന്തരം ശ്രദ്ധിക്കുക:

> തീർച്ചെക്ക് എല്ലാവരും, ഐകമത്യവും സഹതാപവും സഹോദരപ്രീതിയും മനസലിവും വിനയബുദ്ധിയുള്ളവരായിരിപ്പിൻ. ദോഷത്തിന് പ

കരം ദോഷവും ശകാരത്തിനു പകരം ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിന്ന് വിളിക്കപ്പെട്ടതുകൊണ്ട് അനുഗ്രഹിക്കുന്നവരായിരിപ്പിൻ (1 പത്രൊ. 3:8).

പത്രൊസ് പറയാതിരുന്നത് ചിന്തിക്കുന്നത് നന്നായിരിക്കും. ഒരാൾ എത്ര പണം സമ്പാദിക്കുന്നു എന്നത് അനുസരിച്ചല്ല ജീവിതത്തിലെ നന്മയും നിറവും. ആളുകൾ എത്ര ശക്തരായി തീരുന്നു എന്നതുമല്ല കാര്യം. എത്രപേരെ ആജ്ഞാപിക്കുവാൻ തക്ക ശക്തിയുള്ള ഒരാളെ നോക്കിയല്ല ജീവിതത്തിന്റെ നന്മ അളക്കേണ്ടത്. ഒരാളെ നന്നാക്കുന്നത് അത്തരം വഴികളിൽകൂടെയല്ല. ക്രിസ്തുവിനെ അറിഞ്ഞ് അവന്റെ ആളുകൾ യഥാർത്ഥ ജീവിത വഴി തിരിച്ചറിഞ്ഞിട്ടുണ്ട്.

ക്രിസ്ത്യാനികൾ സ്വർഗീയ സന്തോഷത്തിനായിട്ടാണ് കാത്തിരിക്കുന്നത്; തന്നെ കൈക്കൊണ്ടവരിലേക്ക് ദൈവരാജ്യം അഥവാ ക്രിസ്തുവിന്റെ രാജ്യം കടന്നു ചെല്ലുമെന്ന് കർത്താവ് പറഞ്ഞിരുന്നു. എങ്കിലും, ചിലത് തിരിച്ചറിയുവാനിരിക്കുന്നേയുള്ളു, എന്നാൽ ക്രിസ്തുവിൽ, സ്വർഗരാജ്യം നമ്മുടെയിടയിൽ തന്നെയുണ്ട്. രാജ്യം ആസ്വദിക്കുവാൻ കർത്താവിന്റെ മടങ്ങി വരവിനായി ക്രിസ്ത്യാനികൾ കാത്തിരിക്കേണ്ട ആവശ്യമില്ല (ലൂക്കൊ. 17:20, 21 നോക്കുക).

ക്രിസ്തുവിൽ ആകുക എന്നു പറഞ്ഞാൽ വരുവാനുള്ള ലോകത്തിലാകുക മാത്രമല്ല. ഈ ലോകത്തിലും ജീവിക്കുവാനുള്ള വഴി ദൈവം തന്റെ ജനത്തിന് തുറന്നു കൊടുക്കുന്നു. വളരെ ലളിതമായിട്ടാണ് പത്രൊസിന്റെ ഫോർമുല തുടങ്ങുന്നത്.

*ഒന്ന്, ദയയുള്ളവരാകുവാൻ ഓർമ്മിക്കുക.* നിസാരമായ കാര്യങ്ങളിലും സ്നേഹം പ്രകടിപ്പിക്കുന്നതാണ് ദയ. ഒരു പുഞ്ചിരി നൽകുക, ഒരു വാതിൽ തുറന്നു പിടിക്കുക, പ്രായമായ സ്ത്രീയെ വായിക്കുവാൻ സഹായിക്കുക, തറ തുടക്കുക, മറ്റൊരാളുടെ പ്രശ്നം ശ്രദ്ധിക്കുവാനുള്ള മനസ് കാണിക്കുക, ഒരാളുടെ കൈ പിടിക്കുക, മര്യാദ കാണിക്കുക, ദാക്ഷിണ്യം കാണിക്കുക എന്നിവയെല്ലാം ദയയിൽ ഉൾപ്പെടുന്നതാണ്.

നമ്മിൽ മിക്കപേരും, സദസിന്റെ മുൻപിൽ ഉദാരമതികളും, ചിന്തിക്കുന്നവരും, മര്യാദക്കാരും ആയിരിക്കും; സുരക്ഷിതത്വമില്ലാത്ത സന്ദർഭങ്ങളിൽ, അഥവാ മറ്റാരും ശ്രദ്ധിക്കുവാനില്ലാത്ത സാഹചര്യത്തിലാണ് നമ്മുടെ യഥാർത്ഥ വ്യക്തിത്വം പുറത്തു വരുന്നത്. സന്ദർഭവശാൽ അനുസരിക്കേണ്ട ഒരു കൽപനയല്ല ദയ; അതു ജീവിതത്തിന്റെ ഭാഗമാക്കേണ്ടതാണ്. ദയ ഒരിക്കലും അവസാനിക്കുന്നില്ല.

യേശുവിന്റെ ജീവിതത്തെയും പ്രവർത്തനത്തെയും പത്രൊസ് ചുരുക്കി പറയുവാൻ ഭാവിച്ചപ്പോൾ, അവൻ കർത്താവിന്റെ ലളിതമായ ദയയെയാണ് പറഞ്ഞു തുടങ്ങിയത്: "ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ട്, അവൻ നന്മ ചെയ്തും പിശാച് ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിക്കൊണ്ട് സഞ്ചരിച്ചതുമായ വിവരം നിങ്ങൾ അറിയുന്നുവല്ലോ" (പ്രവൃ. 10:38). മർക്കൊസിന്റെ സുവിശേഷത്തിൽ, ഒരു കുഷ്ഠരോഗി യേശുവിന്റെ അടുക്കൽ വന്നു യാചിച്ചു, "നിനക്ക് മനസുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും" എന്നു പറഞ്ഞപ്പോൾ യേശുവിനു മനസലിവ് തോന്നി അവനെ തൊട്ടു സൗഖ്യമാക്കി (മർ. 1:40, 41). യേശുവിന്റെ അത്ഭുതശക്തിയെ സംബന്ധിച്ച് എന്തു പറഞ്ഞാലും, അവൻ കുഷ്ഠരോഗിയെ സൗഖ്യമാക്കിയത് ലളിതമായ ദയവ് നിമിത്ത

മായിരുന്നു.

*രണ്ട്, സ്വർഗ രാജ്യം ആസ്വദിക്കുവാൻ തിന്മക്ക് പകരം നന്മ ചെയ്യണം.* പത്രൊസ് ചിന്ത തുടരുന്നു: "ദോഷത്തിന്നു ദോഷവും ശകാരത്തിന്ന് ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിന്ന് വിളിക്കപ്പെട്ട തുകൊണ്ട്, അനുഗ്രഹിക്കുന്നവരായും ഇരിപ്പിൻ" (1 പത്രൊ. 3:9). ക്രിസ്ത്യാനികൾ ഈ നിയമം അനസരിക്കുന്നേടത്തോളം അവർ ദൈവരാജ്യത്തിനായി കാത്തിരിക്കേണ്ട ആവശ്യമില്ല. കാരണം ദൈവരാജ്യം അവർക്കിടയിൽ തന്നെയാണ്.

ഈ ലേഖനത്തിൽ, പത്രൊസ് ആദ്യം ക്രിസ്തുവിന്റെ കഷ്ടതയെ ഇങ്ങനെ പറഞ്ഞു: "... തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപ്പിക്കയത്രെ ചെയ്തത്" (1 പതൊ. 2:23). യേശു ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. കർത്താവിനെ ആളുകൾ ദുഷിക്കുകയും ശകാരിക്കുകയും ചെയ്തുവെങ്കിലും, അവൻ തിരിച്ച് ദുഷിക്കുകയോ ശകാരിക്കുകയോ ചെയ്തില്ല. പകരം അവൻ ദയവാണ് കാണിച്ചത്.

മനുഷ്യന്റെ ഏറ്റവും വലിയ നയമാണ് പ്രതികാരം വീട്ടുക എന്നത്. പഴയ നിയമം പറയുന്നത് "കണ്ണിനു പകരം കണ്ണ്" എന്നാണ് (ലേവ്യാ. 24:19, 20). ദൈവരാജ്യത്തിൽ ആളുകൾ മറ്റൊരു നിയമപ്രകാരമാണ് ജീവിക്കുന്നത്. ആ നിയമം പറയുന്നത് തിന്മക്ക് പകരം തിന്മ ചെയ്യരുത് എന്നാണ്. ദേശീയവും പ്രാദേശിയവുമായ നിയമങ്ങളെ അല്ല പത്രൊസ് പറഞ്ഞത്. വ്യക്തികളോടെന്നപോലെയായിരുന്നു പത്രൊസ് തന്റെ സദസ്യരോട് സംസാരിച്ചത്. പത്രൊസ് പറഞ്ഞത്, "പ്രതികാരം നിങ്ങളെ കാർന്നു തിന്നുവാൻ അനുവദിക്കരുത്" എന്നായിരുന്നു. അപ്പൊസ്തലൻ ഇവിടെ "ദൈവരാജ്യം" എന്ന പ്രയോഗം നടത്തിയില്ല. മറിച്ച് അവൻ ജീവിതത്തെ കുറിച്ചായിരുന്നു സംസാരിച്ചത്. ദൈവരാജ്യം ജീവിതമാണ്. വ്യക്തിപരമായ താൽപര്യങ്ങൾ വെച്ചുപുലർത്തുന്ന ഒരു വ്യക്തിക്കും ജീവൻ കാണുകയില്ല.

ക്രിസ്തുവിനു വേണ്ടി കഷ്ടമേൽക്കുക എന്നാൽ എന്താണെന്നു പത്രൊസ് സംബോധന ചെയ്ത ക്രിസ്ത്യാനികൾക്ക് അറിയാമായിരുന്നു. ആ ശക്തി അവർക്ക് നേരിടുന്ന കഷ്ടതയെ അതിജീവിക്കുവാൻ ലഭിക്കുമെന്ന് ബോധ്യമായി കുറച്ചു വർഷങ്ങൾക്ക് മുൻപ് ടെക്സാസിൽ ഉണ്ടായിരുന്ന ഒരു സ്ത്രീ, സാമാന്യം ധനികയായ ഒരു സ്ത്രീ, അവളുടെ ഭർത്താവ് മറ്റൊരു സ്ത്രീയെ നോക്കുന്നത് കണ്ടു. അവൾ ഹോട്ടലിനടുത്തേക്ക് തന്റെ ഭർത്താവ് നടന്നു വരുന്നത് നോക്കിനിന്ന് അയാൾ അടുത്തെത്താറായപ്പോൾ കാറോടിച്ച് കയറ്റി അയാളെ കൊന്നു. അവൾ പ്രതികാരം വീട്ടുകയായിരുന്നു. ആ പകരം വീട്ടൽ കൊണ്ട് അവൾക്ക് എന്തു സന്തോഷമാണ് കിട്ടിയത്? പലരും രാത്രിയിൽ കിടന്നു അനീതിയെ പോറ്റി വളർത്തുന്നു. അതിന് എന്തെല്ലാം ചെയ്യാമെന്ന് ആലോചിക്കുകയായിരിക്കും. എങ്ങനെയാണ് പകരം വീട്ടേണ്ടത് എന്നു ചിന്തിക്കും. ആ രീതിയിൽ ചിന്തിക്കുന്ന മനസുകളെല്ലാം ദൈവരാജ്യത്തിൽനിന്ന വളരെ അകലെ നീക്കം ചെയ്യപ്പെടും.

ഒരാളുടെ എതിർത്തുള്ള സംസാരവും, പരിഹാസവും, അരോചകമായ അഭിപ്രായവും കേൾക്കുമ്പോൾ നാം അതിനെ വിട്ടുകളയുകയും അവ പറഞ്ഞിട്ടില്ലാത്തതുപോലെ കണക്കാക്കുകയും ചെയ്യണം. പരിഹാസത്തിന് പകരമായി ഒരാൾ അനുഗ്രഹമാണ് അയാൾക്കു നൽകുന്നതെങ്കിൽ തീർച്ചയായും

പ്രതിഫലം ദൈവത്തിൽനിന്നുണ്ടാകും. ശത്രുവിനെ അകറ്റുവാനുള്ള ഏറ്റവും നല്ല വഴി യേശു പഠിപ്പിച്ചതാണ്. അവനെ സ്നേഹിതനാക്കുക.

*മൂന്ന്, നിങ്ങളുടെ നാവിനെ സൂക്ഷിക്കുക.* 1 പത്രൊസ് 3:10. 11 എഴുതിയപ്പോൾ, അപ്പൊസ്തലൻ സങ്കീർത്തനങ്ങൾ 34:12, 13 ആണ് ഉദ്ധരിച്ചത്. "ജീവനെ ആഗ്രഹിക്കുകയും ശുഭകാലം കാൺമാൻ ഇഛിക്കയും ചെയ്യുന്നവൻ ദോഷം പറയാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ." യേശു പറഞ്ഞു, "മനുഷ്യൻ പറയുന്ന ഏതു നിസാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. നിന്റെ വാക്കുകൾ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും" (മത്താ. 12:36, 37). നാവിനെ നിയന്ത്രിക്കുവാൻ കഴിയാത്തവരിൽനിന്നു ദൈവരാജ്യം അകന്നു പോകും.

*സംക്ഷിപ്തം.* ലോകത്തിലെ കുഴപ്പത്തിന്റേയും വേദനയുടേയും മദ്ധ്യേ ജീവിത വഴി കണ്ടെത്തിയ ആളുകളെ കാണുവാൻ കഴിയും. അവരുടെ കുടുംബങ്ങൾ, അവരിൽ നിക്ഷിപ്തമായ ബഹുമാനം, അവരെ കുറിച്ച് മറ്റുള്ളവർ സംസാരിക്കുന്നതും, അവർ ധരിച്ചിരിക്കുന്ന പുഞ്ചിരിയും-ഇതെല്ലാം സാക്ഷ്യപ്പെടുത്തുന്നത് ജീവിതം സന്തോഷത്തിലേക്കും സമാധാനത്തിലേക്കും നയിക്കുന്നു എന്നാണ്. ക്രിസ്തുവിലുള്ള ജീവിതത്തിന് പ്രധാനമായും മൂന്നു മൂലകങ്ങൾ ഉൾപ്പെട്ടിരിക്കുന്നതായി പത്രൊസ് പറഞ്ഞിരിക്കുന്നു. അവ (1) ദയവായിരിക്കുവാൻ ശ്രദ്ധിക്കുക, (2) തിന്മക്ക് പകരം നന്മ ചെയ്യുക, (3) ഒരാളുടെ നാവിനെ സൂക്ഷിക്കുക.

**പകരമായുള്ള പ്രായശ്ചിത്തം (3:18)**

മറ്റൊരാളുടെ അനുഭവം മുഖാന്തരം ചെയ്യുവാൻ കഴിയുന്ന ഒന്നാണ് പകരമായുള്ള പ്രവൃത്തി. താൻ ചെയ്യാത്ത പാപത്തിന് വേണ്ടി ക്രൂശിൽ കഷ്ടതയേറ്റു യേശു മരിച്ചു എന്നതാണ് ക്രിസ്ത്യാനിത്വത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ ഉപദേശം. യോഹന്നാൻ യേശുവിനെ കുറിച്ച് പറഞ്ഞു, "പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു, അവനിൽ പാപം ഇല്ല" (1 യോഹ. 3:5). യേശുവിൽ പാപം ഇല്ലാത്തതുകൊണ്ടാണ് യേശുവിന് നമ്മുടെ പാപങ്ങൾക്കു വേണ്ടി പ്രായശ്ചിത്തമാകുവാൻ കഴിഞ്ഞത്. അങ്ങനെ അവൻ നമ്മുടെ പാപങ്ങൾക്കു മറുവില നൽകി. പാപത്തോടുള്ള ദൈവത്തിന്റെ കോപം ശമിച്ചതും നീതി തൃപ്തികരമായി നിറവേറ്റിയതും ക്രൂശിൽ ആയിരുന്നു. നാം ശത്രുക്കളായിരുന്നിട്ടും, നമ്മുടെ പാപങ്ങൾ ക്ഷമിച്ച് നമ്മെ അവന്റെ അടുക്കലേക്കു കൊണ്ടുവന്നു. ഇപ്പോൾ യേശു നമുക്ക് നൽകിയ ജീവനും, കർത്താവ് വീണ്ടും വരുമെന്നുള്ള നമ്മുടെ പ്രത്യാശയും നാം മറ്റുള്ളവരുമായി പങ്കു വെക്കണം. അന്ന് ദൈവത്തിന്റെ അനുഗ്രഹങ്ങൾ മുഴുവനും തന്റെ ജനവുമായി അവൻ പങ്കിടും.

---

കുറിപ്പുകൾ

[1]ഒറിജെൻ *കൊൺട്രാ സെൽസം* 3.55. [2]"പ്രായശ്ചിത്തം" എന്ന വാക്ക് തർജിമ ചെയ്ത വാക്ക് *കോസ്മോസ്* ആണ്, പുതിയനിയമത്തിൽ ആ വാക്ക് പലപ്പോഴും നിഷേധ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അർത്ഥം "ലൗകികമായ" അല്ലെങ്കിൽ ആ വാക്കുമായി ബന്ധമുള്ള തരത്തിലാണ്. ഈ വാക്യത്തിൽ ആ അർത്ഥം

ഒന്നുമില്ല. നല്ല-രീതിയിൽ ക്രമീകരിക്കപ്പെട്ട മനോഹരമായ തങ്ങൾ ജീവിക്കുന്ന പ്രപഞ്ചം എന്നാണ് ഗ്രീക്കുകാർ വിചാരിച്ചിരുന്നത്. അതുകൊണ്ട് നന്നായി-അലങ്കരിച്ച മനോഹരമായ എന്തിനും അവർ ആ വാക്ക് ഉപയോഗിച്ചിരുന്നു. [3]ജെ. രാംസെ മൈക്കിൾസ്, 1 *പീറ്റർ*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 49 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1988), 159; പ്ലൂടാർക്ക് *മൊറാലിയ* 141 ഈ. [4]ജോസെഫസ് *ആന്റിക്വിറ്റീസ്* 4.8.15. [5]ജോസെഫസ് *എഗെൻസ്റ്റ് അപിയോൺ* 2.25. [6]എൻഏഎസ്ബി എടുത്തിരിക്കുന്നത് ഗ്രീക്ക് പ്രയോഗം വെൽ എന്നതിന്റെ അർത്ഥത്തിലാണ്. അക്ഷരികമായി ആ വാക്ക് പറയുന്നത് "ബലഹീനമായ സ്ത്രീ പാത്രം" എന്നാണ്. "സ്ത്രീ" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*ഗുനെയികേയിയോസ്*) പുതിയനിയമത്തിൽ ആ വാക്ക് ഇവിടെ മാത്രമാണ് ഉള്ളത്. "പാത്രം" (*സ്കെയുവോസ്*) എന്ന വാക്ക് പല രീതിയിലാണ് ഉപയോഗിച്ചിരിക്കുന്നത്, ഒരു തരം വസ്തുവിനെയാണ് അത് പറയുന്നത്. ചിലപ്പോൾ ഒരു ജാർ അല്ലെങ്കിൽ പാത്രം എന്നു പറയുവാൻ ഉപയോഗിച്ചിരിക്കുന്നു. ഇവിടെ അത് മനുഷ്യശരീരത്തിനാണ് 1 തെസ്സലൊനിക്യർ 4:4 ൽ പറഞ്ഞിരിക്കുന്നതുപോലെ ഉപയോഗിച്ചിരിക്കുന്നത്. [7]ഇഗ്നേഷിയസ് *ഫിലദെൽഫിയൻസ്* 1. [8]പ്ലിനി ദ യങ്ങർ തന്റെ *ലേഖനങ്ങളിൽ* (ഏ. ഡി. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ), സ്വ മഹത്വം ആഗ്രഹിച്ച റോമൻ മനുഷ്യരുടെ നിലവാരത്തെ കുറിച്ച് ലജ്ജിപ്പിക്കാത്ത വിധത്തിലുള്ള ഒരു ചിത്രീകരണം നൽകിയിരിക്കുന്നു. തന്റെ സ്നേഹിതനായ മാക്സിമസിനുള്ള ഒരു എഴുത്തിൽ ഒരാൾ എഴതി ഒരാൾക്ക് മൂന്നു ദിനാർ (സാമാന്യം ഭേദപ്പെട്ട ശമ്പളം) കൂലി കൊടുക്കാമെന്ന് പറഞ്ഞ് ഒരു പ്രഭാഷകത്തിന്റെ പ്രസംഗസമയത്ത് കൈകൊട്ടുവാനായി രണ്ട് അടിമകളെ കൊണ്ടുവന്നു സദസിൽ ഇരുത്തും. തങ്ങൾ കയ്യടിക്കേണ്ടത് എന്തിനാണെന്ന് ആ ദാസന്മാർക്ക് ഒരു പിടിയുമില്ലായിരുന്നു. ഒരു അടയാളം കാണിച്ചില്ലെങ്കിൽ "ഏതെല്ലാം സമയങ്ങളിലാണ് കൈ കൊട്ടേണ്ടത് എന്ന് ആ അടികൾക്ക് അറിയില്ലായിരുന്നു" (പ്ലീനി ദ യങ്ങർ *ലെറ്റേഴ്സ്* 2.14). [9]ഏണെസ്റ്റ് ബെസ്റ്റ്, 1 *പീറ്റർ* ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1971), 130; *ദ കമ്മ്യൂണിറ്റി റൂൾ* (ഐക്യുഎസ്) 1.4. [10]കരോൾ സ്റ്റൽമുവെല്ലർ, ഡയാനേ ബെർജന്റ്, എറ്റ്, ആൽ., എഡ്സ്. *ദ കോളേജ്വില്ലേ ദ പാസ്റ്റോറൽ ഡിക്ഷ്ണറി ഓഫ് ബൈബിളിക്കൽ തിയോളജി* (കൊളേജ്വില്ലേ, മിന്ന.: ലിറ്റർജിക്കൽ പ്രസ്, 1996), 714.

[11]ജെ. എൻ.ഡി.കെല്ലി, *ദ കമെന്ററി ഓഫ് ദ എപ്പിസ്റ്റിൽസ് ഓഫ് പീറ്റർ ആന്റ് ഓഫ് ജൂഡ്*, ബ്ലാക്സ്, ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ലണ്ടൻ. ആഡം ആന്റ് ചാൾസ് ബ്ലാക്ക്, 1969), 141. [12]"ബോധപൂർവ്വം" എന്ന വാക്ക് കൂടുതൽ മനസിലാക്കുവാൻ 2:19 ന്റെ പരാമർശം നോക്കുക. [13]*ഹിനാ* എന്ന വാക്ക് 3:16 ൽ തർജിമ ചെയ്തിരിക്കുന്നത് "അതുകൊണ്ട്" എന്നാണ്, ചിലപ്പോൾ അത് ഫലത്തെയും പ്രകടമാക്കുന്നു. നോക്കുക, വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 477. [14]ബെസ്റ്റ്, 134. [15]ഈ വ്യാഖ്യാനത്തെ കുറിച്ച് നന്നായി പറഞ്ഞിരിക്കുന്നത് മൈക്കിൾസ്, 191-192 ലാണ്. [16]ശിരാഹ് 41:12 (ആർഈഡബി). [17]റോമൻ കത്തോലിക്കാ വേദശാസ്ത്രം പറയുന്നത് സ്വർഗത്തിൽ യേശുവിന്റെ യാഗം നിരന്തരമായി നടക്കുന്നു എന്നാണ്, അതായത് തിരുവത്താഴം ആഘോഷിക്കുമ്പോഴൊക്കെ യേശു കഷ്ടം അനുഭവിക്കുന്നു. അവർ ആ ഉപദേശത്തിന് എടുക്കുന്നത് പത്രൊസിന്റെ പ്രസ്താവനകളും എബ്രായ ലേഖനവുമാണ്. നോക്കുക "യൂകാരിസ്റ്റ്" ഇൻ *ദ ഓക്സ്ഫോർഡ് ഡിക്ഷ്ണറി ഓഫ് ദ ക്രിസ്റ്റ്യൻ ചർച്ച്,* 2ഡ് എഡി., എഡി. എഫ്.

എൽ. ക്രോസ് ആന്റ് ഈ. ഏ. ലിവിങ്സറ്റൺ (ഓക്സ്ഫോരർഡ്: ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, 1974), 475-77. [18]യേശു പാതാള ലോകത്തേക്ക് ഇറങ്ങിയതിനെ സംബന്ധിച്ച്, മെക്കുള എഴുതി, "രണ്ടാം നൂറ്റാണ്ട് വരെ പാതാളത്തിലേക്ക് ഇറങ്ങുക, മരണത്തെയും പാതാളത്തെയും അതിജീവിക്കൽ, മരിച്ചവരോട് പ്രസംഗിക്കൽ, ആത്മാക്കളെ വിടുവിക്കൽ എന്നീ വിശ്വാസം പ്രചരിക്കപ്പെട്ടിരുന്നില്ല," (ജെ. ഏ. മെക്കുള, *ദ ഹാരോയിങ് ഓഫ് ഹെൽ: ഏ കംപാരറ്റിവ് സ്റ്റഡി ഓഫ് ആൻ ഏർലി ക്രിസ്റ്റ്യൻ ഡോക്ട്രിൻ* [എഡിൻബറോ: ടി & ക്ലെർക്ക്, 1930], 45.) [19]എൻ ഹോയി എന്ന പ്രയോഗം മറ്റു വിധത്തിലും മനസിലാക്കാം. മുകളിൽ പറഞ്ഞ ബദലായിട്ടുള്ളവ ശക്തമായ പിന്തുണയാണ്. ഗ്രാമർ സംബന്ധമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനുള്ള അവസരം ഇതല്ല. അതിൽ താൽപര്യമുള്ളവർ മൈക്കിൾ, 205 നോക്കുക. [20]ഡി. ഏ. കാഴ്സൺ, "റിഫ്ലെക്ഷൻ ഓൺ ദ ബുക്ക് ഐ ജസ്റ്റ് വാൺ ടുബി ഏ ക്രിസ്റ്റ്യൻ ബൈ ഡോക്ടർ റൂബൽ ഷെല്ലി." ദ പേപ്പർ കാൻ ബി ഫൗണ് ഓൺ ദ വെബ്സൈറ്റ്: ഡബ്ലിയുഡബ്ലിയുഡബ്ലിയു. മുൻ. കാ/റെൽസ്/റെസ്റ്റ്മോവ്/ടെക്സ്റ്റ്സ്/റെമിയെസ്/ കാഴ്സൺ. എച്ച്ടിഎംഎൽ. കാഴ്സൺ എഴുതി, "അതേസമയത്ത്, അത് [അമേരിക്കൻ റെസ്റ്റോറേഷൻ മൂവ്മെന്റ്] സ്നാനത്തെ സംബന്ധിച്ച് എടുത്തിരിക്കുന്ന ഒരു കാഴ്ച്ചപ്പാട് ഈ മൂവ്മെന്റ് ഒഴിച്ച് മറ്റു ഇടവകകളൊന്നും എടുത്തിട്ടില്ല." അമേരിക്കൻ നവീകരണ പ്രസ്ഥാനം പറയുന്നത് ദൈവം സ്നാനത്തിൽ പ്രവർത്തിക്കുകയും അനുസരിക്കുന്ന വിശ്വാസിയുടെ പാപം കഴുകി കളയുകയും ചെയ്യുന്നു. ക്രിസ്തീയ പാരമ്പര്യങ്ങളിൽനിന്നും, പുരാതനവും ആധുനികവുമായ സഭാ ചരിത്രത്തിൽനിന്നാകാം അവർ അങ്ങനെ ഒരു കാഴ്ച്ചപ്പാടിലെത്തിയത്.

[21]എവറസ്റ്റ് ഫെർഗൂസൻ, രണ്ടാം നൂറ്റാണ്ടിൽ ശേഖരിച്ച സഭയുടെ രേഖകളനുസരിച്ച് അക്കാലത്തെ ആളുകൾ സ്നാനം എന്നത് മുങ്ങലായിട്ടായിരുന്നു മനസിലാക്കിയത്. പുതിയനിയമ കാലയളവിനപ്പുറം അത് ഒരു ഉപദേശമായി തുടർന്നിരുന്നു. അദ്ദേഹം എഴുതി, "രണ്ടാം-നൂറ്റാണ്ടിലെ സ്നാനത്തെ കുറിച്ചുള്ള പ്രസ്താവനകളുടെ വീര്യവും ഐകരൂപ്യവും വെച്ചു നോക്കുമ്പോൾ, സ്നാനവും പാപമോചനവും തമ്മിലുള്ള ബന്ധം പ്രാരംഭ സഭയുടെ കാലത്ത് ദൃഢമായിരുന്നു എന്നു കാണാം" (എവറസ്റ് ഫെർഗൂസൻ, *ഏർലി ക്രിസ്റ്റ്യൻസ് സ്പീക്ക്* [ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1971 ], 38.) [22]ഫ്രെഡ് ഗെലി, "ദ ഫസ്റ്റ് ആന്റ് സെക്കന്റ് എപ്പിസ്റ്റിൽ ഓഫ് തിമൊഥി ആന്റ് ദ എപ്പിസ്റ്റിൽ ഓഫ് ടൈറ്റസ്, ഇൻട്രൊഡക്ഷൻ ആന്റ് എക്സജീസ്," ഇൻ *ദ ഇന്റെർപ്രെട്ടേഴ്സ് ബൈബിൾ*, എഡി. ജോർജ് ഏ. ബട്ടറിക് (ന്യുയോർക്ക്: അബിങ്ഡൺ പ്രസ്, 1955), 11:453. [23]എഡ്വേർഡ് ഗോർഡൻ സെൽവിൻ, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് സെന്റ്,പീറ്റർ: ദ ഗ്രീക്ക് ടെക്സ്റ്റ്, വിത്ത് ഇൻട്രൊഡക്ഷൻ, നോട്ട്സ് ആന്റ് എസ്സേയ്സ്,* തോൺആപ്പിൾ കമെന്ററീസ്, 2ഡ് എഡി. (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1947; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1981), 83. [24]"സൈറ്റേഷൻ" കൊണ്ട് ഒരാൾ അർത്ഥമാക്കുന്നത്, തെളിവ് നൽകലാണ്. പുതിയ നിയമത്തിന്റെ പഴയ എഡീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന യുണൈറ്റഡ് ബൈബിൾ സ്വസൈറ്റീസിലെ ഒരു അനുബന്ധത്തിൽ "ഇൻഡക്സ് ഓഫ് ക്വട്ടേഷൻസ്" എന്നാണ് കൊടുത്തിരിക്കുന്നത്. ഉദ്ധരണി ഒരു ക്വട്ടേഷനു തുല്യമാണെന്ന് ഒരാൾ കരുതുകയാണെങ്കിൽ ഉദ്ധരണികളിൽ അധികവും സങ്കീർത്തനങ്ങളിൽനിന്നാണ്. യുബിഎസിന്റെ ആധുനിക എഡീഷനിൽ ഒരു "ഇൻഡക്സ് ക്വട്ടേഷന്" പകരം കൊടുത്തിരിക്കുന്നത് "ഇൻഡക്സ് ഓഫ് അലൂഷൻസ് ആന്റ് വെർബൽ പാരലൽസ്" എന്നാണ്. വിശാലമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ, സങ്കീർത്തനങ്ങളേക്കാൾ മറ്റു പഴയ നിയമ പുസ്തകങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്.